
കത്തോലിക്കാ

പൗരോഹിത്യം



K. Mathew.

T82
1174



കത്തോലിക്കാ

പൗരോഹിത്യം

14912



പരിഭാഷകൻ:
കെ. മാത്യു
മംഗലം, ചേത്തല.

(Copy right reserved.)

N. B. പരിഭാഷകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

1102.

Price Annas 6. വില അണ 6.

M/248 892
MAT

NIHIL OBSTAT

FR. GEORGE KURZ,


Censor.

IMPRIMI POTEST.

Fr. BONAVENTURE, C. D.

Vic. Gen.

Ernakulam,
30 Aprilis 1927.



"ഞാൻ ഒരു മിഷ്യനറിയാകുവാൻ ആഗ്രഹിക്കുന്നു. അതു കുറച്ചു കാലത്തേയ്ക്കല്ലാ, ലോകാരംഭം മുതൽ അവസാനംവരെ എല്ലാ യുഗങ്ങളിലുമത്രേ."

വി. കൊച്ചുത്രേസ്യാ.

ST. ANTONY'S CARMELITE MONASTERY
RAILWAY STATION
TRAVANCORE

സമർപ്പണം

ആധുനിക അത്ഭുത പ്രവർത്തകയും, വേദപ്രചരണാർത്ഥം സ്വയപരിത്യാഗം ചെയ്തിട്ടുള്ള സ്ത്രീ മിഷ്യനരിമാരിൽ അഗ്രിമസ്ഥാനത്തിന്നർഹയും, "ഉണ്ണി ഈശോയുടെ ചെറുപുഷ്പം" എന്ന അപരദിവ്യാഭിധാനത്താൽ സർവ്വലോക സംപൂജ്യയും ആയ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുപ്പാദാരവിന്ദങ്ങളിൽ ഈ ചെറുപുസ്തകത്തെ ചെറുപുഷ്പ ദാസനായ പരിഭാഷകൻ സാദരം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

.....

ACHARYA PALACE LIBRARY

പ്രസാവന

കത്തോലിക്കു ബാലന്മാരുടെ ഉപയോഗത്തെ മുൻനിറുത്തി "പൗരോഹിത്യം" എന്ന അതിപാവനമായ വിഷയത്തെ പുരസ്കരിച്ചു് അമ്മേരിക്കയിലെ ഒരു സുപ്രസിദ്ധ വൈദികനാൽ രചിക്കപ്പെട്ടിട്ടുള്ളതും പാശ്ചാത്യ ദേശങ്ങളിൽ പ്രചുരമായ പ്രചാരം സിദ്ധിച്ചിട്ടുള്ളതും ആയ ഒരു ആംഗ്ലേയ ഗ്രന്ഥത്തിന്റെ ഭാഷാന്തരമാണ് ഈ പുസ്തകം. മൂലഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പു് പതിനോരായിരം പ്രതികൾ മുദ്രണം ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ളതു തന്നെ അതിന്റെ പ്രചാരപ്രചുരിമയ്ക്കു് ഉത്തമ സാക്ഷ്യം വഹിക്കുന്നു.

കത്തോലിക്കു മതസംബന്ധമായ ഗ്രന്ഥങ്ങളെ ഇതര ഭാഷകളിൽ നിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നതു് കേരളീയ കത്തോലിക്കു സാഹിത്യപോഷണത്തിനുപയുക്തമായി തീരാതിരിക്കയില്ലെന്നുള്ള എന്റെ ഉത്തമ വിശ്വാസമാണ് ഈ ഭാഷാന്തര കൃത്യത്തിന് വിശിഷ്യ എന്നെ പ്രേരിപ്പിച്ചതു്.

കത്തോലിക്കു സമുദായത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധി അതിലെ വൈദികരുടെ സംഖ്യാബലത്തെ സാരമായി സ്പർശിക്കുമെന്നുള്ള സംഗതി സൂക്ഷ്മദൃക്കുകൾക്കു് സുഗ്രാഹ്യമായിട്ടുള്ള ഒന്നാണല്ലോ. ആധുനിക ഫ്റാൻസിലെ കത്തോലിക്കു ജനസാമാന്യം മതപോഷണാർത്ഥം ചെയ്തുകൊണ്ടിരിക്കുന്ന അശ്രാന്ത പരിശ്രമങ്ങൾ ഏവരാലും ആദരണീയവും അനുകരണീയവും ആയിട്ടുള്ളവയാണ്. പട്ടക്കാരു

ടെ സംഖ്യ വർദ്ധിപ്പിക്കേണ്ടതിലേയ്ക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി പര്യാലോചിക്കുന്ന വിഷയത്തിലാണ് ഇപ്പോൾ അവരുടെ ശ്രദ്ധ സവിശേഷമായി പതിഞ്ഞിരിക്കുന്നത്. തദ്വിഷയകമായ വിചിന്തനങ്ങൾക്കായി മാഴ്സെയിലിൽ വച്ച് ഈയിടെ ഒരു മഹായോഗം കൂടുകയുണ്ടായി. അതിൽ, ഫ്റാൻസിലെ അൻപതു രൂപതകളിൽ നിന്നു ആയിരം പ്രതിനിധികളും പതിന്നാലു മെത്രാന്മാരും സന്നിഹിതരായിരുന്നു എന്നുള്ളതും "ഇടവകകളിൽ നടത്തുന്ന ജ്ഞാനധ്യാനങ്ങളിൽ വൈദിക വൃത്തിയെപ്പറ്റി ഒരുപദേശമെങ്കിലും നടത്തണ" മെന്നു് ഗ്രൂമൽ മെത്രാൻ തിരുമനസ്സുകൊണ്ടു് അഭിപ്രായപ്പെട്ട എന്നുള്ളതും പ്രത്യേകം വക്തവ്യമാണ്. ഇങ്ങനെ പാശ്ചാത്യ ദേശങ്ങളിൽ കത്തോലിക്കാ മതപരിശ്രമങ്ങൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. ഇതു് ഏവർക്കും അഭിമാനജനകം തന്നെ. എന്നാൽ കേരളീയ കത്തോലിക്കരായ നാം ഈദൃശ കാര്യങ്ങളിൽ കേവലം അലസന്മാരും പരാൻമുഖരും ആയാണു കാണപ്പെടുന്നതെന്നു് സവ്യഥം പ്രസ്താവിച്ചുകൊള്ളട്ടെ.

സാമുദായികമായും മതപരമായും വൈദികർക്കു സാധിക്കാവുന്ന കാര്യങ്ങൾ നിരവധിയാണ്. ഏകസത്യസഭയായ കത്തോലിക്കാ സഭയുടെ ക്രമികവും ശീഘ്രവുമായ പുരോഗതിക്ക് വിഘ്നഭൂതമായി തീർന്നിരിക്കുന്നതു് വൈദിക ദുർഭിക്ഷം ഒന്നുമാത്രമാണെന്നു് നിസ്സംശയം പറയാം. കത്തോലിക്കാ ബാലന്മാർ ധാരാളമായി വൈദിക വിദ്യാഭ്യസനത്തിനു് സന്നദ്ധരായി കാണാത്തതിനുള്ള പ്രഥമവും പ്രധാനവുമായ കാരണം പൗരോഹിത്യ വിഷയകമായുള്ള അവരുടെ അനഭിജ്ഞതയാണ്. ഇതിനെ പരിഹരിക്കുന്നതിനു് എന്റെ ഇദം

പ്രഥമമായ ഈ സാഹിത്യ സംരംഭം അല്പമെങ്കിലും സാഫാ
യകമായി തീരുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

എന്റെ വന്ദ്യ ഗുരുഭ്രതനും വേദപ്രചരണം ആദർശ
മായി സ്വീകരിച്ചിരിക്കുന്ന ദേഹവും ആയ റവ: ഡോക്ടർ ജോ
സഫ് സി. പഞ്ഞിക്കാരൻ അവർകൾ എം. എ., പി. എ
ച്ച്. ഡി., ഡി. ഡി., ഡി. സി. എൽ., കാഴ്ചാന്തര വ്യഗ്രതയു
ടെ ഇടയിൽ ഈ ഗ്രന്ഥം ആദ്യന്തം വായിച്ചു് അതിന്റെ
ഉദ്ദേശ്യ പരിശുദ്ധികളെ സൂചിപ്പിക്കാണ്ടു് സമുചിതവും സാ
രഗർഭവും ആയ ഒരവതാരിക എഴുതി തന്നതിനു് അദ്ദേഹ
ത്തോടു് എനിക്കുള്ള ഹൃദയപൂർവ്വകമായ കൃതജ്ഞതയെ ഇവി
ടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥം സദയം പരിശോധിച്ചു് ചില ഭേദഗതി
കൾ ചെയ്തന്ന സാഹിത്യവിശാരദനും എന്റെ ഒരു സതീ
ർത്ഥ്യനും സുഹൃത്തും ആയ വിദ്വാൻ കുറിപ്പുഴ പി. കൃഷ്ണപി
ള്ള അവർകളോടു് എനിക്കുള്ള കടപ്പാടിനെയും ഇവിടെ
പ്രകടിപ്പിച്ചുകൊള്ളട്ടെ.

മംഗലം, ചേർത്തല.
1927 മേയ് 11.

കെ. മാത്യു.

അവതാരിക

അമ്മേരിക്കയിലെ വി. കൊളംബൻസ് സെമ്മിനാരി റെക്ടർ റവ: ഫാദർ പോൾ വാൽഡ്റൺ എന്ന വിശ്രുത വൈദികവയ്ക്നാൽ വിരചിതമായ "Fishers of Men—A Talk on the Priesthood" എന്ന ചെറുഗ്രന്ഥമാണ് "കത്തോലിക്കാ പൗരോഹിത്യം" എന്ന അപരനാമത്തിൽ മലയാള ഭാഷയിൽ രംഗപ്രവേശം ചെയ്യുന്നത്. ഇതിന്റെ പരിഭാഷകൻ മിസ്റ്റർ കെ. മാത്യു എന്റെ ഒരു പൂർവ്വ വിദ്യാർത്ഥിയും പഠനകാലത്തുതന്നെ ഭാഷാന്തര വിഷയത്തിൽ സാമാന്യത്തിലധികം അഭിരുചി കാണിച്ചിരുന്ന ഒരു യുവാവും ആണ്. ഈ പുസ്തകത്തിലെ പ്രതിപാദ്യ വിഷയം ഏറ്റവും ശ്രേഷ്ഠവും പരിപാവനവും ആയ സത്യവേദ പൗരോഹിത്യമത്രെ.

ലോകപരിത്രാതാവായ മിശിഹായാൽ സ്ഥാപിതമായ ഏക സത്യസഭയിൽ ബലി അർപ്പിക്കുന്നവരായിട്ടും വേദപണ്ഡിതന്മാരായിട്ടും ജോലി ചെയ്യുന്നതിന് ഒരു പൗരോഹിത്യ സംഘത്തെ തിരഞ്ഞെടുത്തു അവരെ കൂട്ടുതലായി വേദസത്യങ്ങളും മറ്റും പഠിപ്പിക്കയും ജനസാമാന്യത്തിന് പറഞ്ഞുകൊടുക്കാത്ത ഉപമകളുടെ ആന്തരാർത്ഥം അവർക്കു മാത്രം ഉപദേശിച്ചു കൊടുക്കയും സ്നേഹിതരെന്നപോലെ അവരോടു വർത്തിച്ചുവരികയും ചെയ്തതായി നമുക്കറിയാമല്ലോ. ഈ അപ്പോസ്തല സംഘത്തിന്റെ പിൻതുടർ

ച്ചാവകാശികളാണ് പരിപൂർണ്ണ പൗരോഹിത്യമുള്ള മെത്രാന്മാരും ശേഷം വൈദികരും.

"നിങ്ങൾ പോയി എല്ലാ ജാതികളെയും പഠിപ്പിച്ച് ബാപായുടെയും പുത്രന്റെയും പരിശുദ്ധാത്മാവായുടെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം കൊടുക്കുക," എന്നാജ്ഞാപിച്ചതു് തന്റെ പുരോഹിതരെ പ്രത്യേകം ഉദ്ദേശിച്ചാണല്ലോ. സത്യവേദം ലോകത്തിൽ സ്ഥാപിച്ചിട്ട് ഏതാനും-ത്തോളം വർഷങ്ങളായെങ്കിലും ഇനിയും നൂറുകോടി ജനം ദിവ്യനാഥന്റെ ജീവിതോദ്ദേശത്തെ കുറിച്ച് അറിഞ്ഞിട്ടില്ലെന്ന് ഓർക്കുമ്പോൾ സത്യവേദത്തെ പ്രസംഗിച്ച പരത്തുന്നതിനു് അത്യാവശ്യമായ പുരോഹിതന്മാരുടെ ഉർഭിക്ഷം പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നുണ്ട്. നമ്മുടെ മാതൃഭൂമിയായ ഇൻഡ്യാരാജ്യത്തു തന്നെ മുപ്പതുകോടി ജനത്തിനു് മിശിഹായുടെ പരിപാവനമായ ആദർശങ്ങൾ ഇനിയും അജ്ഞാതങ്ങളായിട്ടാണ് ഇരിക്കുന്നതു്. കേരളത്തിലെ സ്ഥിതിയാകട്ടെ അല്പം ആശ്വാസജനകമാണെങ്കിലും മലയാള ഭാഷ സംസാരിക്കുന്നവരായിട്ട് അറുപതു ലക്ഷത്തിലധികം അക്രൈസ്തവ സഹോദരങ്ങൾ ഉണ്ടെന്നുള്ള സംഗതി മതാഭിമാനിയായ ഒരുത്തനെ വ്യസനിപ്പിക്കാതിരിക്കുന്നതല്ല. ഇതിന്റെ പ്രധാന കാരണം കത്തോലിക്കരുടെ തന്നെ മതാവശ്യങ്ങൾ നിവൃഹിച്ചതിനു ശേഷം അക്രൈസ്തവരുടെ ഇടയിൽ തനിച്ച് വേദപ്രചരണം ചെയ്യുന്നതിനു് ആവശ്യമുള്ള വൈദികരുടെ അഭാവമാണ്. സത്യവേദം മലയാളത്തിൽ ശീഘ്രഗതിയെ പ്രാപിക്കണമെങ്കിൽ ഈ കുറവിനെ പരിഹരിക്കേണ്ടതു് അവശ്യം അത്യാവശ്യം തന്നെ. അതിനുള്ള ഒരു മാർഗ്ഗം നമ്മുടെ പള്ളിക്കൂടങ്ങളിലും കോളേജുകളിലും മറ്റും പഠി

ക്കുന്ന വിദ്യാർത്ഥികൾക്ക് ദൈവവിളി ഉണ്ടാകുക എന്നുള്ളതാണ്. ദൈവവിളിയാകട്ടെ കത്തോലിക്കാ പൗരോഹിത്യമാഹാത്മ്യത്തെയും അതിന്റെ ആധുനിക അത്യാവശ്യത്തെയും കുറിച്ച് പ്രതിപാദിക്കുന്ന സദ് ഗ്രന്ഥ പാരായണം വഴിയായി കൂടയത്രെ ഉണ്ടാകുന്നത്. ഈ ഉദ്ദേശ സാദ്ധ്യത്തിനു മിസ്റ്റർ മാത്യുവിന്റെ "കത്തോലിക്കാ പൗരോഹിത്യം" വിദ്യാർത്ഥിലോകത്തിൽ, വിശിഷ്യാ മലയാള വിദ്യാലയങ്ങളിൽ അഭ്യസനം ചെയ്യുന്ന ബാലഹൃദയങ്ങളിൽ, ഒരു പ്രചരണവേല നടത്തുമെന്നുള്ളതിനു പക്ഷാന്തരമില്ല.

അതിനാൽ ഉത്സാഹിയും മതാഭിമാനിയുമായ ഈ യുവ ഗ്രന്ഥകാരനെ ഞാൻ അനുമോദിക്കുകയും തൽകർത്താവിന്റെ പ്രഥമസന്താനമായ ഈ ചെറുപുസ്തകത്തെ കത്തോലിക്കാ ലോകം ആദരിച്ച് ഈ പരിഭാഷകനെ പ്രോത്സാഹിപ്പിക്കണമെന്നു ഞാൻ ശുപാർശ ചെയ്യുകയും ചെയ്യുകൊള്ളുന്നു.

സത്യവേദാശ്രമം,
ഉഴവ, ചേർത്തല
1927 മാർച്ച് 29-ാം തീ.

ജോസഫ് സി. പഞ്ഞിക്കാരൻ.

വൈദികത്വത്തിനും സന്ന്യാസജീവിതത്തിനും ദൈവവിളി ലഭിപ്പാൻവേണ്ടിയുള്ള പ്രാർത്ഥന.

മ: നീ ഈ ദിനമെല്ലാം എന്തിനിവിടെ അലസനായിരിക്കുന്നു? നീയും എന്റെ മുന്തിരിത്തോട്ടത്തിലേയ്ക്കു പോകുക.

സ: ആകയാൽ, വിളവു ശേഖരിപ്പാൻ വേലക്കാരെ അയക്കുന്നതിനായി വിളവിന്റെ യജമാനനോടു നീ പ്രാർത്ഥിക്ക.

പ്രാർത്ഥിക്ക.

പാപിയുടെ മരണത്തെയല്ല, അവൻ മനസ്സുതിരിഞ്ഞു സന്മാർഗ്ഗിയായി ജീവിക്കുന്നതു കാണ്മാൻ അത്യധികം ആഗ്രഹിക്കുന്നവനായ ദൈവമേ, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു വഴിയായി ആത്മാവുകൾക്കു നിത്യരക്ഷ കിട്ടുവാൻ വേണ്ടി അയാളെത്തന്നെ പിഞ്ചെന്നുകൊണ്ടു ഉദാരബുദ്ധിയോടെ തങ്ങളെത്തന്നെ ബലിയായി സമർപ്പിക്കുന്നവരായ അങ്ങേ തിരുസ്സഭയിലെ വേലക്കാരുടെ സംഖ്യ അപാരമായി വർദ്ധിപ്പിക്കുവാൻ പരിശുദ്ധ കന്യകമറിയത്തിന്റേയും സകല വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥം വഴിയായി ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമ്മേൻ.

സൂചന:- 300 ദി. ഉ. വി; ദൈവവിളിയ്ക്കുവേണ്ടി ഈ പ്രാർത്ഥന ചൊല്ലി ഒരു നൊവേനയായി കഴിയ്ക്കുന്ന എല്ലാവർക്കും പൂർണ്ണദണ്ഡവിമോചനം ലഭിപ്പാൻ പാടുണ്ട്.

കത്തോലിക്കാ

പൗരോഹിത്യം

അദ്ധ്യായം ൧.

എന്റെ ദൈവവിളി എന്ത്?

ഈ ചെറുപുസ്തകം നിന്റെ കയ്യിൽ
തന്നിരിക്കുന്നത് എന്തിനു്?

എന്റെ പ്രിയ കുഞ്ഞേ:

നിന്റെ ഭാവിജീവിതത്തിൽ ഏതുദ്യോഗത്തെ നീ ഏറ്റവും ഇഷ്ടപ്പെടും എന്നതിനെപ്പറ്റി ഇപ്പോഴേ ചിന്തിച്ചു തുടങ്ങിയിട്ടുണ്ടോ? മിക്കവാറും നീ അപ്രകാരം ചെയ്തിട്ടുണ്ടെന്നു വിചാരിക്കാം. ഇത്തരം കാര്യങ്ങളെക്കുറിച്ചു് സംസാരിക്കുന്നതിനും ആലോചിക്കുന്നതിനും കൂട്ടികൾക്കു സാധാരണ താല്പര്യമാണു്. വിദ്യാലയ ജീവിതം അവസാനിപ്പിക്കുന്നതിനു വളരെ മുമ്പുതന്നെ ഭാവിയെപ്പറ്റി അവരുടെ പ്രായത്തിനനുസരണമായി ചിലതെല്ലാം അവർ നിശ്ചയിച്ചു വയ്ക്കാറുണ്ടു്.

നീ ഇപ്പോൾ ഒരു പക്ഷേ നാലാം ഫാറത്തിൽ പഠിക്കയായിരിക്കാം; അഥവാ ആ ക്ലാസിൽ ചേരുന്നതിനു് ഇനിയും ഒന്നോ രണ്ടോ കൊല്ലംകൂടിയുണ്ടായിരുന്നേയ്ക്കാം. ഇല്ലെങ്കിൽ ചിലപ്പോൾ ആ ക്ലാസിൽ ജയിച്ചിട്ടുണ്ടെന്നു തന്നെ ഇരിക്കട്ടെ. നീ ഇപ്പോൾ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു?

നിന്റെ മാതാപിതാക്കന്മാർ നിന്നെ ഉന്നത വിദ്യാഭ്യാസത്തിനയപ്പാൻ ആഗ്രഹിക്കുന്നെങ്കിൽ ജീവിതമാകുന്ന ആ മഹാ സമരത്തിൽ നീ ഏതു ഭാഗമാണ് അഭിനയിക്കേണ്ടതെന്ന് തന്നത്താൻ മനോനിർണ്ണയം ചെയ്യുക. ഈ കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാൻ അത്ര ധൃതിപ്പെടണ്ടായെന്നും നിന്റെ സ്വഭാവം മനസ്സിലാക്കുവാൻ പോലും നിനക്ക് പ്രായമായിട്ടില്ലെന്നും നിന്നോടു വല്ലവരും പറഞ്ഞിട്ടുണ്ടായിരിക്കാം. അല്ലെങ്കിൽ അതിന് അത്രയധികം കാത്തിരിപ്പാൻ നിവൃത്തിയില്ലെന്നു വീണ്ടും നിനക്കു തോന്നുന്നു. അപ്പോൾ തന്നെ വേറൊരു കാര്യം നിന്റെ ഓർമ്മയിൽ പെടുന്നു. യഥാർത്ഥത്തിൽ ചെറുതെങ്കിലും നിന്റെ ദൃഷ്ടിയിൽ വലുതായി തോന്നുന്ന ഒരു തുക പ്രതിവാരം ശമ്പളമായി ലഭിക്കുന്ന ഒരുദ്യോഗത്തിൽ നിന്നെ ഏർപ്പെടുത്താമെന്നു നിന്റെ ഒരു സ്നേഹിതൻ വാഗ്ദാനം ചെയ്തിരിക്കുന്നു. അതൊരു വശീകരണ വാഗ്ദാനമാണ്. ഏതായാലും അതൊരു ആരംഭവുമാണല്ലൊ. തന്നെയല്ലാ, ശമ്പളം കൂട്ടികിട്ടുന്നതിനു ധാരാളം മാർഗ്ഗവുമുണ്ട്; ഇല്ലെങ്കിൽ ഇതേക്കാൾ വളരെ ഭേദപ്പെട്ട ഒരുദ്യോഗത്തിലേയ്ക്കു കയറാം കിട്ടിയെന്നും വരാം. ഭാവിയിലേയ്ക്കുള്ള ഗുണകരമായ പ്രത്യാശാപഥങ്ങൾ വേറേതു തെളിഞ്ഞു കാണുന്നുണ്ട്. നിനക്ക് യൗവ്വനവും, ആരോഗ്യവും, അവസരവും ഉണ്ട്. ജീവിതത്തിലേയ്ക്കുള്ള നിന്റെ പ്രതീക്ഷ ഉന്മേഷകരവും, ഉല്ലാസത്തോടും പൗരുഷത്തോടുംകൂടി അതിനോടു പൊരുതുവാൻ നീ സന്നദ്ധനും ആകുന്നു.

നിന്നെ അതിവാത്സല്യത്തോടെ കാത്തു സൂക്ഷിച്ചു വളർത്തിക്കൊണ്ടുവന്ന മാതാപിതാക്കന്മാരുടെ ഹൃദയസമാധാനത്തിനായും, നിന്റെ ഭാവിനന്മയ്ക്കായി ധാരാളം പ്രയാസപ്പെ

ട്ടിട്ടുള്ള വന്ദ്യ വൈദികരുടെ ബഹുമാനത്തിനായും നീ ഒരു യഥാർത്ഥ കത്തോലിക്കനായി ജീവിക്കുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. നിന്റെ ശ്രമം ഫലപ്രാപ്തിയിൽ പര്യവസാനിക്കുവാൻ നീ ആഗ്രഹിക്കുന്നു. എല്ലാറ്റിലും മീതെയായി നിനക്കു നിന്റെ ആത്മാവിനെ രക്ഷിക്കണം.

എന്നാൽ ഇപ്പോൾ എന്റെ പ്രീയ കുഞ്ഞേ, നിന്നോടു ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. നിന്റെ ഈ സുഹൃത്തുക്കളുടെയും കൂട്ടത്തിൽ, ഇഹലോകത്തിൽ സാധിക്കാവുന്നവയിൽ വച്ച് ഏറ്റവും ഉപരിയും വിശിഷ്ടവും ആയതും തോൽവി ഒരിക്കലും സംഭവിപ്പാൻ പാടില്ലാത്തതും എന്നാൽ വിജയം പൂർണ്ണനിശ്ചയമുള്ളതും ആയ ആ മഹനീയ ജീവിതപദം സ്വീകരിക്കുന്നതിനെപ്പറ്റി നീ എന്തെങ്കിലും വിചാരിച്ചിട്ടുണ്ടോ? നിന്റെ പ്രായത്തിലുള്ള അനേകം കുട്ടികൾക്കു സംഭവിച്ചിട്ടുള്ളതുപോലെ, 'ബാഡ് മിന്റൺ' തുടങ്ങിയ കായികവിനോദങ്ങളിൽ ഏർപ്പെട്ടിരുന്നപ്പോഴോ അഥവാ വിദ്യാലയത്തിലായിരുന്നപ്പോഴോ അല്ലെങ്കിൽ ദേവാലയത്തിൽ നിശ്ശബ്ദമായും ശാന്തമായും പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴോ, മനുഷ്യർക്കാർക്കും വിലമതിക്കാൻ പാടില്ലാത്ത പ്രതിഫലത്തോടുകൂടിയ ഒരു വലിയ ഉദ്യോഗവും — ഒരു കുട്ടിക്ക് ഉണ്ടായിരിക്കാവുന്നതിൽ ഏറ്റവും നല്ലവനും കാരുണ്യവാനുമായ ഒരു യജമാനനും — നിനക്കായി പുറത്തു കാത്തു നില്ക്കുന്നു എന്നുള്ള സംഗതി നിന്റെ ഹൃദയത്തിൽ തോന്നിയിട്ടുണ്ടോ?

ആ യജമാനൻ നിന്റെ ശുശ്രൂഷകളെ അംഗീകരിക്കുവാൻ സന്നദ്ധനെന്നു നീ അറിഞ്ഞാൽ, ഇഹത്തിലെ ഒരു ജീവിതത്തെക്കാൾ നീ അദ്ദേഹത്തെ വിലമതിക്കയില്ലയോ?

അദ്ദേഹം നിന്റെ ഹൃദയത്തിലേയ്ക്കുള്ള മാർഗ്ഗദ്വാരം രഹസ്യമായി അന്വേഷിക്കയാണ് ഇപ്പോഴും ചെയ്യുന്നതെന്നു നിന്നോടു വല്ലവരും ഉപദേശിച്ചുവെങ്കിൽ ആ ഹൃദയം മുഴുവനായി അദ്ദേഹത്തിനു കൊടുക്കുന്നതിന് നിനക്ക് മനസ്സുണ്ടാകുകയും, അനേകർ അന്വേഷിക്കയും എന്നാൽ ചിലർ മാത്രം കണ്ടെത്തുകയും ചെയ്യുന്ന സമ്പത്ത്, ലോകസന്തോഷം എന്നിവയെ നീ ഉപേക്ഷിക്കയും ചെയ്കയില്ലയോ? അതെ, നീ അപ്രകാരം ചെയ്യുമെന്ന് എനിക്കു തോന്നുന്നു; എങ്കിൽ അതു ബുദ്ധിപൂർവ്വകം തന്നെ. നമ്മുടെ കർത്താവിനെ ഹാർദ്ദമായി സ്നേഹിക്കുവാൻ പഠിച്ചിട്ടുള്ള ഒരു കത്തോലിക്കാ ബാലനെപ്പോലെ നീയും ആയിതീരുമെന്ന് എനിക്കറിയാം.

ഇപ്പോൾ ഈ ഗ്രന്ഥം വായിക്കുന്ന നിന്നെത്തന്നെ ഈശോയുടെ പരിശുദ്ധ ഹൃദയം യഥാർത്ഥമായി വിളിക്കുന്നു എന്നു വന്നാൽ അതു് എത്രയോ മാഹാത്മ്യമേറിയ ഒരു സംഗതിയായിരിക്കും. നിന്റെ ഒരു വാക്കു മാത്രം കിട്ടിയാൽ മതി; നീപോലും അറിയാത്തതും എന്നാൽ അദ്ദേഹം നന്നായി അറിഞ്ഞിരിക്കുന്നതുമായ നിന്റെ സകല ബലഹീനതകളോടുംകൂടെ നിന്നെ സ്വീകരിപ്പാൻ അദ്ദേഹം തയ്യാറായിരിക്കുന്നു! നീ ശ്രമിക്കയും കണ്ടെത്തുകയും ചെയ്കയില്ലയോ?

നീ ഇന്നുതന്നെ ഈ ചെറുപുസ്തകം വായിക്കുക. അതിനു വളരെ സമയം വേണ്ടിവരികയില്ല. നീ ചെയ്യേണമെന്ന് അങ്ങു് ആഗ്രഹിക്കുന്നതെന്തോ അതു് അല്പവ്യത്യാസമെന്യേ ചെയ്വാൻ നീ സന്നദ്ധനായിരിക്കുന്നു എന്ന് നമ്മുടെ കർത്താവിനോടു പറയുക. ഇതു പ്രത്യേകമായി വിശുദ്ധ കുർബ്ബാന ഉൾക്കൊണ്ട ശേഷം പറയണം. ആ പരിശുദ്ധ



"നീ ഞങ്ങൾ എങ്ങനെ പിന്നാലെ വരുവിൻ; എന്നാൽ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും.
(വി. മർക്കോസ്. അ. ക. വാ. ഭാ.)

സമയത്തു് വലിയ രഹസ്യങ്ങളെപ്പറ്റി അദ്ദേഹം ആത്മാവിനോടു മന്ത്രിക്കുന്നു. നീ പരിശുദ്ധ മാതാവിനോടു മാദ്ധ്യസ്ഥം അപേക്ഷിക്കുക. അന്തസ്സു തിരിഞ്ഞെടുക്കുന്ന കാര്യത്തിൽ അമലോത്ഭവയായ മറിയം നിന്നെ നിശ്ചയമായും സഹായിക്കും.

ആകയാൽ പ്രീയ കുഞ്ഞേ, ഇഹലോകത്തിലേയ്ക്കു കാലുവയ്ക്കുന്നതിനു മുമ്പായി നീ നിന്നെത്തന്നെ ദൈവത്തിനു വേണ്ടി ബലികഴിക്കേണ്ടതല്ലയോ എന്നു് ആദ്യം ചിന്തിക്കുക. എല്ലാ അവസരങ്ങളിലും ഒന്നാമതായി അദ്ദേഹത്തോടു് അഭിപ്രായം ചോദിക്കുക. എന്തെന്നാൽ നിന്റെ മനോവികാരത്തിനേലും സ്നേഹത്തിനേലും അദ്ദേഹത്തിനാണു് പ്രഥമാവകാശമുള്ളതു്.

"കർത്താവേ, ഞാൻ എന്തു ചെയ്യാൻ അങ്ങു തിരുമനസ്സാകുന്നു?"

(അപ്പോസ്തല നടപടി അ. 9. വാ. 6.)



അദ്ധ്യായം ൨.

ഫ്രാൻസീസിന്നു ദൈവവിളി ഉണ്ടായതു്.

അനേക വർഷങ്ങൾക്കു മുമ്പു് ഫ്രാൻസീസ് സെവ്യർ എന്ന പേരോടുകൂടിയ ഒരു യുവാവു് വിദ്യാഭ്യാസാർത്ഥം പാരീസ് നഗരത്തിൽ ചെന്നുചേർന്നു. ഒരു സുപ്രസിദ്ധ കത്തോലിക്കാ കുടുംബത്തിലെ അംഗമായിരുന്ന ഫ്രാൻസീസിന്നു് ലോകത്തിൽ ശ്രേഷ്ഠതയോടും ബഹുമതിയോടുംകൂടി കാലയാപനം ചെയ്യുന്നതിനുള്ള എല്ലാ പോംവഴികളും സിദ്ധിച്ചിരുന്നു. എന്നു മാത്രമല്ലാ വലിയ ബുദ്ധിവൈഭവങ്ങളും അയാൾക്കു ദൈവം അനുഗ്രഹമായി നൽകിയിട്ടുണ്ടായിരുന്നു. ഇവയെ തന്റെ പൂർണ്ണ സാമർത്ഥ്യത്തോടുംകൂടെ പ്രയോഗിക്കുവാൻ അയാൾ തീർച്ചപ്പെടുത്തി.

ദീപ്തിമത്തും സൗഭാഗ്യകരവുമായ അയാളുടെ സ്വഭാവം വിദ്യാഭ്യാസത്തിലുള്ള വിസ്മയകരമായ വിജയം എന്നിവകൊണ്ടു് അയാൾ കാലവിളംബമെന്യേ അദ്ധ്യാപകരുടേയും സഹപാഠികളുടേയും ഒരു കണ്ണിലുണ്ണിയായിത്തീർന്നു. അയാൾ എവിടെയെല്ലാം പോയോ അവിടെയൊക്കെ ജനങ്ങളുടെ ആകർഷണം അയാളിൽ കേന്ദ്രീഭവിച്ചു. അയാളുടെ സാമർത്ഥ്യത്തിന്റേയും അത്യുത്സാഹത്തിന്റേയും ഫലമായി അയാൾ സ്വീകരിക്കാത്ത സ്ഥാനമോ അയാൾക്കു കാംക്ഷിക്കുവാൻ പാടില്ലാത്തതായ ശ്രേഷ്ഠപദവിയോ ഉണ്ടായിരുന്നില്ല. യശസ്സും വിജയഭാഗ്യവും അയാളെ വീണ്ടും പ്രതീക്ഷിച്ചിരുന്നതേയുള്ളൂ.

ഇതിനിടയിൽ ഫ്റാൻസീസിന്റെ ജീവിതഗതിയെ പൂർണ്ണമായി വ്യതിചലിപ്പിക്കുന്നതിനിടയാക്കിയ ഒരു സംഭവം ഉണ്ടായി. അയാളുടെ രാജ്യക്കാരനും ഇഗ്നേഷ്യസ് എന്ന പേരോടുകൂടിയവനും ആയ ഒരാൾ പാരീസിൽ എത്തിച്ചേർന്നു. ഇഗ്നേഷ്യസും ഒരുകാലത്തു് ലൗകിക ബഹുമതികളിൽ വളരെ ഭ്രമമുള്ളയാളായിരുന്നു. പട്ടാളത്തിൽ ഒരു ഉദ്യോഗസ്ഥന്റെ ജോലിയിലേർപ്പെട്ടു് അയാൾ വളരെ ഖ്യാതി സമ്പാദിച്ചു. എന്നാൽ ഇപ്പോൾ അയാൾ തന്റെ വാൾ ദൂരെ എറിഞ്ഞിട്ടു് ദൈവത്തിനുവേണ്ടി ആത്മാവുകളെ ശേഖരിക്കുന്ന വിഷയത്തിൽ ഏർപ്പെട്ടിരിക്കയാണു്.

ഒരുത്തമസ്നേഹിതന്റെ പ്രേരണാശക്തി.

താമസംവിനാ അവർ രണ്ടാളും സ്നേഹിതന്മാരായിത്തീർന്നു. തന്നെ വേഗത്തിൽ മറന്നുകളയുന്നതായ ലോകത്തിനുവേണ്ടി പ്രയത്നിക്കുന്നതിനേക്കാൾ, മഹത്തരമായ മറെറാന്നിനെപ്പററി ഫ്റാൻസീസ് ശ്രദ്ധിക്കേണ്ടതാണെന്നു് ഇഗ്നേഷ്യസ് അയാളെ മനസ്സിലാക്കി. പഠനസമയംകഴിഞ്ഞു് അവർ ഒരുമിച്ചിരിക്കുമ്പോൾ പലപ്പോഴും, ആശാഭംഗത്തിലും മുഴുകിയും ഉന്നതപദവികളെ സ്വപ്നംകണ്ടും ഫ്റാൻസീസ് തന്റെ അതി ശോഭനമായ ഭാവിയെ പ്രശംസിക്കുവതിവായിരുന്നു. ഈ മനോരാജ്യവിജയങ്ങൾക്കു് ഇഗ്നേഷ്യസ് ഒരു സമാധാനം മാത്രം പറഞ്ഞിരുന്നു. "ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവു നശിക്കുന്നു എങ്കിൽ ഫലമെന്തു്?" ഫ്റാൻസീസിനെ വിളിച്ചിട്ടു് അയാളുടെ സ്നേഹിതൻ ഇങ്ങനെ പറയാറുണ്ടു്: "നീ

ഈ ലോകത്തിൽതന്നെ എല്ലാകാലവും ജീവിക്കേണ്ടതാണെങ്കിൽ—ഈലോക സുഖസന്തോഷങ്ങളിൽനിന്ന് മരണം നിന്നെ ഒരിക്കലും വേർപെടുത്തുകയില്ലെങ്കിൽ—മരണാനന്തരം എന്നന്നേയ്ക്കുമായ ഒരു ജീവിതം നിനക്കുണ്ടാകുകയില്ലെങ്കിൽ—കൊള്ളാം, എന്നാൽ ഈ ക്ഷണികമായ ഉല്ലാസങ്ങൾക്ക് വേണ്ടിയുള്ള പരിശ്രമത്തിനായി നിന്നെത്തന്നെ ബലി കഴിക്കുന്നതു ബുദ്ധിപൂർവ്വകമാണെന്നു പറയാം. പക്ഷെ, അവിധമല്ലാ കാര്യങ്ങളുടെ സ്ഥിതി. വളരെ ചുരുങ്ങിയ ഒരു കാലത്തേയ്ക്കു മാത്രമേ നിനക്കു ജീവിച്ചിരിപ്പാൻ സാധിക്കയുള്ളു. നാല്പതു്, അൻപതു്, അറുപതു് എന്നീ വയസ്സുകൾ നിത്യതയോടു തുലനംചെയ്യുമ്പോൾ എത്ര തുച്ഛമാണു്. നീ ആനന്ദം അന്വേഷിക്കുന്നു; എന്നാൽ അവിടെ പരമാനന്ദം നീ കണ്ടെത്തുകയില്ല. മരണത്തിനുശേഷം നിന്നെ അനുഗമിക്കുന്നതായ ആ ഐശ്വര്യത്തിനുവേണ്ടി നീ എന്തുകൊണ്ടു പ്രയത്നിക്കുന്നില്ല. തക്ക സമയത്തു വിവേകിയായിരിക്ക.''

ലോകത്തോടു മത്സരിക്കുന്നു.

ആദ്യം അയാളുടെ സ്നേഹിതന്റെ ഈ വാക്കുകൾക്ക് ഫ്രാൻസീസിന്റെ യുവമനസ്സിൽ യാതൊരു ധാരണയും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞില്ല. 'വിജയം' നേരത്തേ അയാൾക്കു സ്വാധീനമായിരുന്നതുകൊണ്ടു് പ്രത്യേകമായി അയാൾക്ക് ഐഹികവശീകരണങ്ങളിൽനിന്ന് അകന്നു നിൽക്കുന്നതു് വളരെ പ്രയാസമായി തോന്നി. എന്നാൽ, «ആത്മാവു നശിക്കുന്നുവെങ്കിൽ ഫലമെന്തു്?» എന്ന ഇഗ്നേഷ്യസിന്റെ വാക്കുകൾ വീണ്ടും അയാളുടെ ചെവിയിൽ പതിച്ചു.

അവ അയാളുടെ സ്നേഹിതന്റെ ചാക്കുകളല്ലെന്നും എന്നാൽ ഇഗ്നേഷ്യസിനേക്കാൾ വളരെ മഹത്തായതും മറെറാരു സ്നേഹിതനേറതാണെന്നും, ഫ്റാൻസീസ് അറിഞ്ഞിരുന്നു. ഈ മഹദ്വാക്യം അയാൾ അതിനുമുമ്പും പലപ്രാവശ്യം കേട്ടിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇപ്പോൾ അയാളുടെ ആത്മാവിൽ മാഞ്ഞുപോകാത്തവണ്ണം അതു അത്ര ശക്തിയായി പതിയുകയും, അത്ഭുതം, ദൈവഭയം, ദൈവസ്നേഹം എന്നിവയുടെ ഒരു വിസ്മയകരമായ സംയോഗംകൊണ്ട് അയാളുടെ ഹൃദയം പൂരിതമാകയും ചെയ്തു. "ആത്മാവു നശിക്കുന്നുവെങ്കിൽ ഫലമെന്തു?" നിശ്ചയമായി യാതൊരു ഫലവുമില്ല. പടയാളി പറഞ്ഞതെല്ലാം വാസ്തവംതന്നെ എന്നു ബോദ്ധ്യപ്പെട്ടു. അയാളുടെ പടത്തൊപ്പിക്കു പകരമായി കുരിശിനെ അയാൾ തന്റെ ശിരസ്സിൽ ധരിക്കും. അയാൾ തന്നെത്തന്നെ ദൈവത്തിനു ബലിയായി സമർപ്പിക്കയുംചെയ്യും.

ക്രീസ്തുവിനു് ഒരു പുതിയ സഹായി.

ഇങ്ങനെ യുവാവായ ഫ്റാൻസീസ് ലോകത്തോടു പൊരുതി ജയിക്കയും, ആത്മാവുകളുടെ ഒരു വലിയ സംരക്ഷകനായി ക്രിസ്തുവിൽ സ്വയം സമർപ്പിതനാകയും ചെയ്തു. തദനന്തരം, അയാൾ ഇഗ്നേഷ്യസിനാൽ പിന്നീടു സ്ഥാപിതമായ ഈശോസഭയിലെ ഒരു വൈദികനായി തീർന്നു. ഒട്ടുവിൽ അദ്ദേഹം അതിപൂർവ്വപ്രദേശങ്ങളിലേയ്ക്കു് വിദേശിയ മിഷ്യൻ വേലയ്ക്കായി പരിശുദ്ധ പാപ്പായാൽ അയയ്ക്കപ്പെട്ടകയും അവിടെവച്ചു് അദ്ദേഹം ഇഹലോകവാസം വെടിയുകയും ആണുണ്ടായതു്. അദ്ദേഹം ഇൻഡ്യയിൽ സുവിശേഷവേല അതി രീഷ്ണമായി നടത്തുകയും, സത്യദൈവത്തെ അ

റിയാത്തവരായ അനേകായിരം ജനങ്ങളെ സഹസ്രങ്ങളായി ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. അവർ മറ്റൊരു പ്രകാരത്തിലും യേശുക്രിസ്തുവിന്റെ നാമംപോലും അറിയുമായിരുന്നില്ല. മാനസാന്തരീകരണത്തിനു വളരെ സൗകര്യമുള്ള ചൈനായിലേയ്ക്കു കടക്കേണമെന്നുള്ളതു് അദ്ദേഹത്തിന്റെ ആയുഷ്കാലത്തിലെ വലിയൊരാകാംക്ഷയായിരുന്നു. എന്നാൽ അവിടെയുള്ള ജനങ്ങൾ ഇതരകാരണങ്ങളാൽ ജ്ഞാനസ്നാനപ്പെടുന്നതിനാണു് ദൈവം തിരുമനസ്സായതു്. അദ്ദേഹം തന്റെ പ്രിയപ്പെട്ട ചൈനായെ സമീപിക്കയും കണ്ടുതുടങ്ങുകയും ചെയ്തപ്പോൾ, ജീവിതകാലത്തു് വിശ്വസ്തതയോടെ താൻ സേവിച്ച ആ ദിവ്യസ്രഷ്ടാവിന്റെ പക്കൽ ഫ്റാൻസീസ് തന്റെ ആത്മാവിനെ സമർപ്പിച്ചു.

ഇന്നു് അദ്ദേഹം ദൈവത്തിന്റെ മഹാപുണ്യവാന്മാരിലൊരുത്തനും 'വിശുദ്ധ ഫ്റാൻസീസ് സേവ്യർ' എന്ന അഭിധാനത്തിൽ കത്തോലിക്കലോകത്താൽ പൂജിതനുമാണു്. ഇഗ്നേഷ്യസോ? അദ്ദേഹവും വലിയൊരു വിശുദ്ധൻതന്നെ.


x x x x

ഇനിയുള്ള ഭാഗങ്ങൾ നീ വായിക്കുമ്പോൾ, എന്റെ പ്രിയ കുഞ്ഞേ, ഫ്റാൻസീസ് എന്ന കുട്ടിയെപ്പറ്റി നീ ചിന്തിച്ചുനോക്കുക. അതു നിന്നെ വളരെ സഹായിക്കും. പക്ഷെ, അദ്ദേഹത്തിനുണ്ടായിരുന്നതുപോലെയുള്ള ബുദ്ധിശക്തിയും വരപ്രാപ്തിയും നിനക്കുണ്ടായിരിക്കയില്ല, അദ്ദേഹത്തിനുണ്ടായിരുന്ന സ്വഭാവഗുണവും ത്യാഗബുദ്ധിയും നിനക്കില്ലായിരിക്കാം; അദ്ദേഹത്തിനുണ്ടായിരുന്നതുപോലെ നിന്നോടുകൂടെ സംസാരിക്കുന്നതിനും നിന്നെ ഉപദേശിക്കുന്നതിനും ഒരു ഇഗ്നേഷ്യസ് നിനക്കു ഇല്ലെന്നുവരാം; എന്നാ

ൽ അദ്ദേഹത്തെ അനുഗമിക്കുന്നതിനു അതേതരത്തിലുള്ള വിശ്വാസം നിനക്കുണ്ടു്—സ്വീകരിക്കുന്നതിനു് അതേ അന്തസ്സും—ശുശ്രൂഷിക്കുന്നതിനു് അതേ ദൈവവും—പുണ്യവാനാകുന്നതിനു അതേ സാഹചര്യങ്ങളും നിനക്കുണ്ടു്. നീ ശ്രമിക്കുമോ? മരിക്കാറാകുമ്പോൾ എന്തു ചെയ്തിട്ടുണ്ടായിരിക്കണമെന്നു നീ ആഗ്രഹിക്കുന്നു.

"മറ്റുള്ളവർ എന്തു പ്രവൃത്തിച്ചിട്ടുണ്ടോ അതു എനിക്കും പ്രവൃത്തിക്കാൻ കഴിയും" വി. ഇഗ്നേഷ്യസ്.

ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവു നശിക്കുന്നുവെങ്കിൽ ഫലമെന്തു? ഇല്ലെങ്കിൽ, ഒരു മനുഷ്യൻ അവന്റെ ആത്മാവിനുപകരമായി എന്തു കൊടുക്കും" (വി. മത്തായി 16, 26.)



അദ്ധ്യായം ൧൨.

എന്തുകൊണ്ട് ഇന്നിയും അധികം ബാലന്മാർ വൈദികരായി തീരുന്നില്ല.

വൈദികരാകുവാനല്ലാ തങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് അനേകം ബാലന്മാർ വിചാരിക്കുന്നു. ആ വിശുദ്ധ ജീവിതത്തെപ്പറ്റി ചിന്തിക്കുന്നതിനുമുമ്പ് മിക്കവാറും ഒരു ദിവ്യ വെളിപാടോ ഇല്ലെങ്കിൽ ദിവ്യപ്രേരണയെങ്കിലുമോ ഉണ്ടാകേണ്ടതാണെന്നു അനേകംപേരും വിശ്വസിച്ചിരിക്കുന്നതായി തോന്നുന്നു. ഇതൊന്നും ഉണ്ടാകുന്നില്ലെന്നു കണ്ടിട്ട് അവർ മറേറതെങ്കിലും ഉദ്യോഗത്തിലേപ്പെട്ട ജീവിതം നയിക്കുന്നു. ഏതാനും കൊല്ലങ്ങൾ കഴിഞ്ഞു പ്രായപൂർത്തി വന്നതിനുശേഷം അവർ കഴിഞ്ഞുപോയ കാലത്തെപ്പറ്റി സ്മരിക്കയും അന്നു്, വൈദികാന്തസ്സിനെപ്പറ്റി കൂടുതലായി ചിന്തിക്കുപോലും ചെയ്കയൊ അഥവാ ആരെങ്കിലും തങ്ങളെ പ്രോത്സാഹിപ്പിക്കയൊ ചെയ്തിരുന്നെങ്കിൽ ഇന്നു് അവർക്കും വൈദികരായിരിപ്പാൻ കഴിയുമായിരുന്നു എന്നു് ഇച്ഛാഭംഗപ്പെടുകയും ചെയ്യുന്നതു്. ഇത്തരം ആളുകൾ ഇന്നു ദുർല്ലഭമല്ല. അവരുടെ ബാല്യപ്രായത്തിൽ, പക്ഷെ 'അൾത്താറ'യിൽ ദിവ്യപൂജയെ സഹായിച്ചുകൊണ്ടിരുന്നപ്പോൾ, അവരുടെ ആയുഷ്കാലം മുഴുവൻ "കർത്താവിന്റെ ഭവനത്തിൽ വസിക്കുന്നതു" എത്ര മഹത്വമേറിയതെന്നു ഒന്നോ അതിലധികമോ പ്രാവശ്യം അവർ വിചാരിച്ചിട്ടുണ്ടോ

യിരിക്കാം. എന്നാൽ, "എനിക്കതിനു യോഗമില്ല;" എന്നു് അവർ പറകയും അങ്ങിനെ ആ വിചാരം കാലാന്തരത്തിൽ അങ്ങു മറഞ്ഞുപോകയും ചെയ്തിരിക്കണം. പിൽക്കാലത്തിൽ അവർ അതേപ്പറ്റി പരിതപിക്കുന്നു.

ചിലർ അതേപ്പറ്റി സംസാരിപ്പാൻ ലജ്ജയുള്ളവരാണു്.

വൈദിക പഠനത്തിനു ധാരാളം പേർ ഒരുമ്പെട്ടു കാണാത്തതിനുള്ള മറെറാരു കാരണം പ്രോത്സാഹനക്കുറവാണു്. ശങ്കാലേശംകൂടാതെ മുന്നിട്ടിറങ്ങി വരുന്നതിനായി വാത്സല്യത്തോടെ തന്നെ ക്ഷണിക്കുന്നപോലെ ശാന്തമായ ഒരു മൃദുസ്വരം ഒരു ബാലന്റെ കർണ്ണപുടങ്ങളിൽ പതിക്കുന്നു. എന്നാൽ അവനോടു് അധികം അനുഭാവം പ്രദർശിപ്പിക്കയും അവനു വലിയ സഹായസഹകരണങ്ങൾ ചെയ്തുകൊടുപ്പാൻ സാധിക്കയും ചെയ്യുന്നവരോടു അവന്റെ ആ വിലയേറിയ രഹസ്യം വെളിപ്പെടുത്തുന്ന കാര്യത്തിൽ അവൻ ലജ്ജയുള്ളവനായിരിക്കുന്നു. ഇല്ലെങ്കിൽ അതിലും നിർഭാഗ്യകരമായി, അവൻ തന്റെ ഒരു സ്നേഹിതനോടു് അതേപ്പറ്റി പ്രസ്താവിച്ചേയ്ക്കാം. അയാൾ വലിയ ഭാവത്തിൽ പുഞ്ചിരിയിട്ടുകൊണ്ടും അവനെ പതുക്കെ തലോടിക്കൊണ്ടും, "കുറേക്കൂടി പ്രായമാകുമ്പോൾ നിന്റെ ഈ ആലോചന വ്യത്യാസപ്പെട്ടും," എന്നു പറയുന്നു. ഇപ്രകാരം ആ നല്ല വിത്തു് ആത്മീയ കാര്യങ്ങളിൽ ശ്രദ്ധയില്ലാത്തവരാൽ ചവുട്ടിത്തേയ്ക്കപ്പെടുകയും നമ്മുടെ പരിശുദ്ധ കർത്താവിനു് ഒരു സഹായകൻ കൂടെ നഷ്ടപ്പെടുകയും ചെയ്യുന്നു. ഇതെത്ര ശോചനീയം! ആ കുട്ടിയുടെ പരിശ്രമഫലമായി രക്ഷപ്രാപിക്കുമായി

രുന്ന അനേകം പാവപ്പെട്ട ആത്മാവുകൾ സങ്കടപ്പെടുന്നില്ലയൊ!

ലൗകികബുദ്ധിയും ദുരുപദേശങ്ങളും.


വൈദികനാകണമെന്നാഗ്രഹിക്കുന്നതായി പറയുന്ന ഒരു കുട്ടിയുടെ നേർക്ക് പുഞ്ചിരിതൂകുന്നതിനേക്കാൾ ക്ലൂത്ത ലായി വേറെയും ചിലതു പ്രവർത്തിക്കുന്ന മറ്റു ചിലരുണ്ട്. ഇവരാണ് ധാരാളം ഉപദേശത്തോടും നിരൂപണത്തോടുംകൂടി സദാ സന്നദ്ധരായിരിക്കുന്ന "ബുദ്ധിമാന്മാർ" എന്നു പറയപ്പെടുന്നവർ. നീയോ മറെറാരു കുട്ടിയോ ലൗകികമായ ഏതെങ്കിലും ഒരു തൊഴിലിലേപ്പെടാൻ പോകുന്നതായി സംസാരിക്കുന്നതു ഈ 'ബുദ്ധിമാന്മാർ' കേട്ടാൽ എല്ലാ പ്രകാരേണയും നിങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ അവർ സന്നദ്ധരായിരിക്കും. "അതൊരു വിശിഷ്ടമായ അഭിപ്രായമാണെൻറെ കുഞ്ഞേ" "അതു നിനക്കു ബഹുമാനമുണ്ടാക്കും." "ആ ജോലിയിൽ ഒരു വലിയ ഭാവിയെ പ്രതീക്ഷിക്കാം." "നിനക്കു സുഖം വിജയമാശംസിക്കയും അതു നിൻെറതായിരിക്കുമെന്നു വിശ്വസിക്കയും ചെയ്യുന്നു." "അതേപ്പററി ഈ പ്രായത്തിൽ തന്നത്താൻ ആലോചിച്ചു തീർമ്മാനിക്കുന്നതാണ് ബുദ്ധിസാമർത്ഥ്യം." എന്നിത്യാദി അനേകം ആശംസാവചനങ്ങൾ ചൊല്ലി പ്രോത്സാഹിപ്പിക്കും. എന്നാൽ ഒരു കുട്ടി വൈദികപഠനത്തിനു പോകുന്നതിനെസംബന്ധിച്ചു സംസാരിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ അതിൻെറ വ്യത്യാസം അറിയാം. "നിൻെറ മനസ്സു് എന്തെന്നറിയുവാൻമാത്രം ഇനിയും പ്രായമായിട്ടില്ലെന്നു നിനക്കു തോന്നുന്നില്ലയൊ?" "കുറേക്കൂടി ക്ഷമിക്കുവാനാണു ഞാനുപദേശിക്കുന്ന

തു്. ആദ്യമായി ലോകമെന്താണെന്നു സ്വപ്നം മനസ്സിലാക്കുക.'' ''നീ കുറെ ചെറുപ്പമല്ലേ? ; നിന്റെ അഭിപ്രായം പിന്നീടു് വ്യത്യാസപ്പെട്ടേക്കാം.'' ''അതൊരു ഗൗരവമേറിയ ജോലിയാണു്, അതു ധൃതിപ്പെടരുതു്'' (സെമ്മിനാരിജീവിതമല്ലോ ധ്യാനംകൊണ്ടും മറുപശ്ചാത്തികരിക്കൊണ്ടുമുള്ള ഏറെ നാളത്തെ മുന്നൊരുക്കങ്ങൾ ചെയ്യുമെന്നുള്ള സംഗതി സ്മരിക്കുന്നില്ല.) ''ഇപ്പോൾ സെമ്മിനാർ ജീവിതംതന്നെ നീ അതു ഇഷ്ടപ്പെട്ടെന്നു വരികയില്ല.'' ''വീടുവിട്ടു സ്വജനങ്ങളിൽനിന്നും വളരെ അകലെ പോയി താമസിക്കുവാൻ നിനക്കു കഴിയുമെന്നു നീ വാസ്തവത്തിൽ വിചാരിക്കുന്നുവൊ?'' ''വല്ലപ്രകാരവും ഏതാനും വർഷങ്ങൾകൂടി ക്ഷമിക്കുക.'' ഇപ്രകാരമുള്ള ഉപദേശങ്ങൾകൊണ്ടു് അവർ അവനെ ആ സദ്ദുദ്ദേശത്തിൽനിന്നു് അകറ്റുവാൻ ശ്രമിക്കയേയുള്ളു.

ഒരുപക്ഷെ, നല്ല ഉദ്ദേശത്തോടുകൂടിയതെങ്കിലും അബദ്ധസമ്പൂർണ്ണങ്ങളായ ഈ ഉപദേശശകലങ്ങളാൽ മതകായ്മായുള്ള ആ കുട്ടിയുടെ ശുഷ്കാന്തി ചിന്നിച്ചിതറിപ്പോകുന്നു. ആ ഉദ്ദേശത്തിൽനിന്നു് അവൻ പിൻവാങ്ങുകയും അതിലേയ്ക്കുള്ള അവന്റെ പ്രത്യേക വാസന (വരപ്രാപ്തി) നഷ്ടപ്പെട്ടുപോകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഒരു അഭ്യുദയപ്രതിബന്ധം ഈ ഒരൊറ്റ കുട്ടിയെ മാത്രമല്ലാ ബാധിക്കുന്നതു്; പിന്നയോ അവന്റെ പ്രേരണയ്ക്കു വശംവദരും അവനെ ഒരു മാതൃകയായി സ്വീകരിക്കുന്നവരും ആയ മറനേകരെ കളങ്കപ്പെടുത്തുന്നു.

ലൗകികജീവിതം നയിക്കുവാൻ
ഒരുത്തരും വളരെ ചെറുപ്പമല്ലെന്നു കാണുന്നു.

ഇതു വിചിത്രമല്ലയോ? ലോകജീവിതത്തിനു് ഒരുമ്പെടുവാൻ ഒരു കുട്ടി ഒരിക്കലും വളരെ ചെറുപ്പമല്ലാ എന്നു്— അക്ഷയമായ അവന്റെ ആത്മാവിനെ അനവധി അപകടങ്ങളിൽ പെടുത്തുന്നതായ ഐഹിക ജീവിതത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി "കുറെ നാൾ കഴിഞ്ഞു് വളരെ ശ്രദ്ധയോടെ ആലോചിച്ചു തീർച്ചപ്പെടുത്തുക" എന്നു് അവനോടു് ആരും ഒരിക്കലും ആവശ്യപ്പെടുന്നില്ല. "സജ്ജനങ്ങളിൽ നിന്നു് അകന്നിരിപ്പാൻ" ഇഷ്ടപ്പെടുമോ എന്നു ചോദിക്കാതെ തന്നെ വളരെ കാതം അകലെ പോയി ഒരുദ്യോഗം വഹിക്കുന്നതിനു് വേണ്ടതു ചെയ്യുവാൻ ഒരുങ്ങാൻ ഝടുതിയിൽ ആരംഭിക്കുന്നതിനോ അതേപ്പറ്റി മുന്നാലോചന നടത്തുന്നതിനോ അവനെ ആരും തടയുന്നില്ല. ഈ നല്ല കാര്യങ്ങൾക്കായി വളരെ വേഗം ഒരുങ്ങേണ്ടതില്ലെന്നു അവൻ വിചാരിക്കയാണെങ്കിൽ എല്ലാവരും അവനെ മനഃപൂർവ്വം നിർബന്ധിക്കും. എന്നാൽ ദൈവത്തിനുവേണ്ടി എന്തെങ്കിലും പ്രവർത്തിപ്പാൻ അവൻ ശ്രമിക്കുമ്പോൾ അവനെ അതിൽനിന്നു് വിരമിപ്പിക്കുന്നതിനോ ഇല്ലെങ്കിൽ തല്ലാലത്തേയ്ക്കു മുടക്കുന്നതിനെങ്കിലുമോ അനേകർ യത്നം ചെയ്യുന്നു! അവന്റെ ബന്ധുക്കളിൽ തന്നെ ഇത്തരക്കാരെ ചിലപ്പോൾ കാണാറുണ്ടു. വളരെ പറകയില്ലെങ്കിലും ആ യുവവൈദിക സ്ഥാനാർത്ഥിക്കുവേണ്ടി ധാരാളമായി പ്രാർത്ഥിക്കുന്ന യഥാർത്ഥ സ്നേഹിതന്മാരുണ്ടെന്നുള്ളതു് പരമാർത്ഥം തന്നെ. അവർ ശാന്തമായ ഒരു വാക്കുകൊണ്ടാണു് പ്രോത്സാഹനം നൽകുന്നതു്. എന്നാൽ



പ്രഥമപൂജ.

"എന്റെ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്യുവിൻ." (വി. ലൂക്കാ. അ. 22. വാ. 19.)

ഇത്തരക്കാർ ധാരാളമായിട്ടില്ലെന്നുള്ളതാണ് ശോചനീയമായിരിക്കുന്നത്.

യോഗ്യന്മാരായ അയ്മേനികളെയാണ് ആവശ്യം.

ഒരു കൂട്ടിക്കു സമാധാനം പറവാൻ അധികം പ്രയാസവും അധികം വിഷമവുമായ വേറൊരു മാതിരി വാദ തടസ്സമുണ്ട്. അതു് ഇപ്രകാരമാണ്: "എന്നാൽ യോഗ്യന്മാരായ അയ്മേനികളെയാണ് ലോകത്തിൽ അവശ്യം വേണ്ടിയിരിക്കുന്നതെന്നു നിനക്കറിയാമല്ലോ. അനേകം ധർമ്മസ്ഥാപനങ്ങളുടെ അംഗമായിരുന്നുകൊണ്ട് കഷ്ടസങ്കടങ്ങളനുഭവിക്കുന്നവരെ ധാരാളമായി സഹായിക്കുന്നതിനും നിന്റെ സമ്മാതുകയാൽ ഇതരന്മാർക്ക് സ്വാർത്ഥത്തിലേക്കു വഴികാട്ടുന്നതിനും നിശ്ചയമായി നിനക്കു കഴിയും. കത്തോലിക്കാ ലോകത്തിൽ ഇന്നു വലുതായ ആവശ്യം നേരിട്ടിരിക്കുന്നതു് ഉത്തമന്മാരായ കത്തോലിക്കാ അയ്മേനികളെയാണ്. നന്മ പ്രവർത്തിക്കുന്നതിനോ ആത്മരക്ഷകിട്ടുന്നതിനോ നീ ഒരു പട്ടക്കാരൻ അല്ലെങ്കിൽ സന്യാസി ആയിരിക്കണമെന്നു നിർബന്ധമില്ല എന്നുള്ളതു് നിന്നെ പറഞ്ഞറിയിക്കേണ്ടതായുണ്ടോ. മിസ്റ്റർ സ—നെ നോക്കുക. ഒരു യഥാർത്ഥ കത്തോലിക്കാ മാന്യന്റെ എന്തൊരു വിശിഷ്ട മാതൃകയാണദ്ദേഹം! അദ്ദേഹം ലോകം മുഴുവൻ സുപ്രസിദ്ധനായി തീർന്നു. തന്നെ അറിയുന്നവർക്കെല്ലാം അദ്ദേഹം ഒരു മാതൃകാപുരുഷനാണ്. ഓരോ ധർമ്മപ്രസ്ഥാനങ്ങളുടെയും നായകത്വം അദ്ദേഹത്തിനുണ്ട്. അദ്ദേഹം തന്നിൽ തന്നെ ഒരു അപ്പോസ്തലനാണ്. എങ്കിലും അദ്ദേഹം ഒരു അയ്മേനിയാകുന്നു. അദ്ദേഹത്തെപ്പോലെ ഒ

ഒരു മാതൃകാ കത്തോലിക്കനും, നിന്റെ നാട്ടിൽ ഒരു പ്രാമാണികനും, ഒരു അയ്മേനീയ അപ്പോസ്തലനും നീ ആകുവാൻ ശ്രമിക്കുക. നീയും അദ്ദേഹത്തിനു തുല്യം കീർത്തിമാനായി തീരും.''

എന്നാൽ യോഗ്യന്മാരായ
പുരോഹിതന്മാരെയാണ് വളരെ
അധികമായി വേണ്ടിയിരിക്കുന്നത്.

അങ്ങിനെയുള്ള ഒരു മനുഷ്യനോട് എന്താണ് പറയേണ്ടത്? ഗുണവാന്മാരായ അയ്മേനികൾ ഉണ്ടായിരിക്കേണ്ടതു് ആവശ്യകം തന്നെ. എന്നാൽ യോഗ്യന്മാരായ വൈദികർ എണ്ണാൻ പാടില്ലാത്തവണ്ണം അത്രയധികമായി വേണ്ടിയിരിക്കുന്നു. എന്തുകൊണ്ട്? നമ്മുടെ കർത്താവിന്റെ ഒരുത്തമ പുരോഹിതൻ ഉത്തമരായ അനേകം അയ്മേനികൾക്കു തുല്യമാകുന്നു. യോഗ്യന്മാരായ അയ്മേനികളെ സമ്പാദിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗം മതപാഠം നടത്തുന്നതിനും സുവിശേഷപ്രസംഗങ്ങൾ ചെയ്യുന്നതിനും ആയി സമർത്ഥരായ വൈദികരുണ്ടായിരിക്കുക എന്നുള്ളതാണ്. പിന്നെ, ക്രിസ്തുമതത്തെപ്പറ്റി സ്വല്പം മാത്രം അറിഞ്ഞിട്ടുള്ളതോ അല്ലെങ്കിൽ ഒട്ടും കേൾക്കുപോലും ചെയ്തിട്ടില്ലാത്തതോ ആയ ജനങ്ങൾ നിവസിക്കുന്ന രാജ്യങ്ങളുടെ കഥയെന്തെന്നു ആലോചിക്കുക. അവരോടു് ക്രിസ്തുവിനെപ്പറ്റി ഉപദേശിപ്പാൻ വൈദികരുണ്ടാകാതെ ആ രാജ്യങ്ങളിൽ യോഗ്യന്മാരായ അയ്മേനികൾ എവിടെനിന്നും വരാനാണ്?

എത്ര ശ്രേഷ്ഠാന്തിയുള്ളയാളായിരുന്നാലും ഒരു അയ്മേനിയുടെ പ്രവൃത്തിയെ ഒരു വൈദികന്റെ പ്രവൃത്തിയോടു

ഒരിക്കലും സാമ്യപ്പെടുത്താൻ പാടില്ല. അയ്യേനികൾക്ക് അവരുടെ സ്വകായ്യ ജോലികളുണ്ട്; എത്ര കവിഞ്ഞാലും അവരുടെ സമയത്തിന്റെയും ശ്രദ്ധയുടെയും ഒരംശം മാത്രമേ ധാമ്മിക കായ്യങ്ങൾക്കായി ചിലവഴിപ്പാൻ അവർക്കു സാധിക്കയുള്ളു. എന്നാൽ ഒരു വൈദികന്ന്, *ഉപവിയും ആത്മാവുകളുടെ നിത്യരക്ഷയും ആണ് അദ്ദേഹത്തിന്റെ ജീവിതപരമോദ്ദേശം.* വിശുദ്ധ ബലിപൂജയപ്പിക്കുന്നതിനും തന്റെ ജീവിതകാലം സ്വർഗ്ഗപ്രാപ്തിക്കായി മറ്റുള്ളവരെ സഹായിക്കുന്നതിൽ വിനിയോഗിക്കുന്നതിനും ആയിട്ടാണ് അദ്ദേഹത്തിന്ന് തിരുസ്സഭയാൽ ഗുരുപ്പട്ടം നൽകപ്പെടുകയും പരിശീലിപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ളതു്. അയ്യേനികളെപ്പറ്റി ഒരിക്കലും ഭയപ്പെടേണ്ടതില്ല. ധാരാളമായുണ്ടാകും. നിന്റെ സ്നേഹിതന്മാർ പറയുന്ന പരോപകാരതല്പരന്മാരായ അയ്യേനികളോടു നീ സംസാരിക്കുമെങ്കിൽ വൈദികപഠനത്തിനു പോകുവാൻ അവർ നിശ്ചയമായും നിന്നെ പ്രോത്സാഹിപ്പിക്കും.

നിന്റെ കുമ്പസ്സാരക്കാരൻ ആകുന്ന നിന്റെ ആലോചനക്കാരൻ.

സംശയമെന്യേ ലോകരക്ഷിതാവായ യേശുക്രീസ്തുവിന്റെ മൊഴികൾ എത്രയും സത്യമാകുന്നു. "*ഈ ലോകത്തിലെ സന്തതികൾ അവരുടെ ജന്മത്തിൽ പ്രകാശത്തിലെ സന്തതികളേക്കാൾ ബുദ്ധിയുള്ളവരാകുന്നു.*" പക്ഷെ അവരുടെ ഉപദേശത്തിനു പ്രബലത കുറഞ്ഞതാണ് ശോചനീയമായിരിക്കുന്നതു്. ഒരു മുന്നാലോചനയും കൂടാതെയാണ് അവർ ഈ ഉപദേശം നൽകുന്നതു്. ദൈവതിരുമനസ്സു് എ

ഒന്നറിവാനുള്ള ആത്മവെളിച്ചമുണ്ടാവാൻ വേണ്ടിയും ദൈവാനുഗ്രഹത്തിനു വേണ്ടിയും പ്രാർത്ഥിപ്പാൻ ആ യുവ വൈദിക സ്ഥാനാർത്ഥിയെ ശുപാർശ് ചെയ്യുന്നതിനു പകരം, ഏ കാത്മാവിൻറെയല്ലാ, അനേകായിരത്തിൻറെ നിത്യരക്ഷയ്ക്കു ആശ്രയമായിരിക്കുന്നതും അതിപ്രധാനവുമായ ഒരു പ്രശ്ന വിഷയത്തിനു തീർച്ചവരുത്തുവാൻ നിവ്വിചാരഭാവത്തിൽ അവർ സ്വയം ബദ്ധപ്പെടുന്നു. അവർക്കു യാതൊരു ജ്ഞാനവുമില്ലാത്തതായ ഒരു കാര്യം തീർമ്മാനിക്കുവാൻ അവർ ശ്രമിക്കുന്നതാണ് ഇവയെല്ലാറ്റിലും വഷളായിട്ടുള്ളതു്. നിയമസംബന്ധമായോ എൻജിനീയറിങ്ങ് സംബന്ധമായോ ഉള്ള പ്രയാസമേറിയ ഒരു വകുപ്പിനെപ്പറ്റി ഒരു വിദ്വാനായ നിയമജ്ഞനോടോ എൻജിനീയരോടോ അഭിപ്രായം ചോദിക്കാതെ, ഖണ്ഡിതമായി തീർച്ചചെയ്യാൻ ഒരുമ്പെടുന്ന ഒരു മനുഷ്യനെക്കുറിച്ച് നിങ്ങൾ എന്തുപറയും? അങ്ങിനെയുള്ള ഒരാൾ അന്യന്മാരുടെ പരിഹാസത്തിനു പാത്രമായി തീരുമെന്നുള്ളതിനു സംശയമുണ്ടോ? *ആത്മരക്ഷ നേടുവാൻ വേണ്ടി നീ ലൗകീക ജീവിതം നയിക്കുമോ അതോ ആദ്ധ്യാത്മിക ജീവിതം നയിക്കുമോ എന്നുള്ള കാര്യം നിൻറെ ആയുഷ്കാലത്തിലെ ഏറ്റവും പ്രധാനമായ തെരഞ്ഞെടുപ്പാകുന്നു.* ഉപദേശം നൽകുവാൻ പ്രാപ്തിയും ജ്ഞാനവുമുള്ളവരുടെ ഉപദേശം മാത്രമേ സ്വീകരിക്കയുള്ളുവെന്നു നീ നിശ്ചയം ചെയ്യുക.

നീ മൂന്നാം ഫാറത്തിലോ നാലാം ഫാറത്തിലോ പഠിക്കയും നിനക്കു പത്തുപതിന്നാലു വയസ്സു പ്രായമുണ്ടായിരിക്കയും ചെയ്യുന്നെങ്കിൽ, ധനസമ്പാദനത്തേക്കാൾ ആത്മസംരക്ഷണത്തെ അധികമായി വിലമതിക്കുന്നു എന്നു പറ

വാൻ നീ അത്രതന്നെ ചെറുപ്പമല്ല. ഈ പ്രായത്തിലുള്ള കുട്ടികളെ പ്രത്യേകം ഉദ്ദേശിച്ചു് പലേടങ്ങളിലും പ്രാരംഭ സെമ്മിനാരികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. നിന്റെ കുമ്പസ്സാരക്കാരന്റെ അഭിപ്രായമറിഞ്ഞിട്ടു് അവയിലൊന്നിൽ പ്രവേശിപ്പാൻ നീ ഉത്സാഹിക്കുക.

നിന്റെ ആയുഷ്കാലം മുഴുവൻ നമ്മുടെ വാത്സല്യ കർത്താവിന്റെ പക്കൽ ചെലവഴിക്കുന്നതിനു് നീ ഇഷ്ടപ്പെട്ടുമെന്നു നിനക്കു തോന്നുന്നെങ്കിൽ, എന്റെ പ്രീയ കുഞ്ഞേ, ആ ലൗകിക ബുദ്ധിമാന്മാരുടെ ഉപദേശങ്ങൾ നീ ശ്രവിക്കരുതു്. നിന്നോടു സംസാരിക്കുന്നതിനും ക്രമംകൊണ്ടു ആ സദുപദേശത്തിൽനിന്നു നിന്നെ വ്യതിചലിപ്പിക്കുന്നതിനും നീ അവരെ അനുവദിക്കരുതു്. യേശുക്രിസ്തുവിന്റെ ഇഷ്ടത്തേയോ, നിർഭയം മുമ്പോട്ടു വന്നു തന്റെ ബാല്യദശയെ ബലിയായി സമർപ്പിക്കുന്ന ഉദാരശീലനായ ഒരു ബാലനെ അവിടുന്നു് എത്ര ആശയോടെ പ്രതീക്ഷിച്ചിരിക്കുന്നു എന്നതിനേയോ പറ്റി അത്തരക്കാർ ലേശംപോലും ചിന്തിക്കുന്നില്ല. പുരോഹിതന്മാരുടെ അഭാവത്താൽ എത്രയോ ആത്മാവുകൾ നശിക്കുന്നു എന്നതിനെ കുറിച്ചു് അവർ ഒരിക്കലും ആലോചിക്കുന്നില്ല. എല്ലാറ്റിനും മീതെയായി, ദൈവത്തിനു മഹത്വം നേടുവാൻ ആഗ്രഹിക്കുന്ന ഒരാളെ അതിൽനിന്നും വിരമിപ്പിക്കുകാരണം അവർ ഏതെങ്കിലും ഉത്തരവാദം തങ്ങളുടെ തലയിലേയ്ക്കു സ്വയം വലിച്ചു കയറുകയല്ലയോ ചെയ്യുന്നതു് എന്നതിനെപ്പറ്റി അവർ ഒട്ടുമേ ചിന്തിക്കുന്നില്ല.

നീ ഉപദേശത്തിനായിക്കുമ്പോൾ, പ്രഥമതഃ നിന്റെ വാത്സല്യ രക്ഷിതാവിനോടും അങ്ങേ പരിശുദ്ധ മാതാവി

നോടും വിനയമുള്ള പ്രാർത്ഥന വഴിയായി നീ ആലോചിക്കുക. നിന്റെ കാവൽ മാലാഖയോടും നിന്റെ നാമകരണനായ വിശുദ്ധനോടും നീ സഹായമപേക്ഷിക്കുക. നിന്റെ ആത്മവൈദ്യനായ കുമ്പസ്സാരക്കാരനോടു നീ സംസാരിക്കുക. ഒരു ധ്യാനമോ ഭക്തിപൂർവ്വകമായ ജ്ഞാനാഭ്യാസങ്ങളോ കഴിക്കേണ്ടതാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടാൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ വഴിയെ അനുസരിക്കുക. അദ്ദേഹം നിന്നോടാന്നിച്ചു പ്രാർത്ഥിക്കയും അങ്ങിനെ ഒരു അവസാന തീർച്ച നിനക്കു പറഞ്ഞുതരുവാൻ അദ്ദേഹത്തിനു സാധിക്കയും ചെയ്യും. ആ തീർച്ചയനുസരിച്ചു നിനക്കു പ്രവർത്തിക്കയും ചെയ്യാം.

"നീ പോയി ആചാര്യനു നിന്നെ കാണിക്കുക." (വി. മത്തായി. വ. ൮.)

x x x x

ദൈവവിളി, പരീക്ഷിക്കുന്നതിനു് എന്നതേക്കാൾ അധികമായി, പോറിവളർത്തുന്നതിനാണു് നൽകപ്പെട്ടിരിക്കുന്നതു്.



അദ്ധ്യായം ൪.

പുരോഹിതന്റെ പ്രവൃത്തി.

ഒരു കത്തോലിക്ക ബാലന്റെ നിലയിൽ നിന്റെ ഈ പ്രായത്തിനുള്ളിൽ പുരോഹിതന്മാരുമായി പരിചയപ്പെട്ടുന്നതിനു നിനക്കു് ധാരാളം അവസരങ്ങളുണ്ടായിട്ടുണ്ടു്.

പൂജയിലെ പുരോഹിതൻ.

പൂജയർപ്പിക്കുന്നതായി അദ്ദേഹത്തെ നീ പലപ്പോഴും കാണുന്നു. ദേവാലയത്തിനുള്ളിൽ വലിയ പുരുഷാരം കൂട്ടി മേൽനിന്നു കൊണ്ടു പ്രാർത്ഥിക്കുന്നതായി നിന്റെ ദൃഷ്ടിയിൽ പെടുന്നുണ്ടായിരിക്കും. എല്ലാവരുടെയും ദൃഷ്ടികൾ ആരാധനാപീഠത്തിൽ നില്ക്കുന്ന വൈദികന്റെമേൽ പതിഞ്ഞിരിക്കുന്നു. വിശുദ്ധ പൂജാസമയത്തുള്ള അദ്ദേഹത്തിന്റെ ഓരോ നടപടിയും എല്ലാവരും ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നു. മഹാപ്രധാനാചാര്യനും ദിവ്യപൂജയിലെ ബലിസാധനവുമായ നമ്മുടെ പരിശുദ്ധ കർത്താവിനെ കഴിഞ്ഞാൽ പുരോഹിതനാണു് കേന്ദ്രസ്ഥാനത്തെ അലങ്കരിക്കുന്നതു്. മനുഷ്യരുടെ ആത്മാവുകളിൽ കൂടിയിരിക്കുന്നതിനും നമ്മോടൊന്നിച്ചു 'സക്രാരിയിൽ വസിക്കുന്നതിനും ആയി ഈശോമിശിഹായെ തന്റെ മൊഴികളാൽ താഴെ അൾത്താരയിൽ വരുത്തുന്നതു ഈ പുരോഹിതനാകുന്നു.

രോഗികളേയും
മരണം സമീപിച്ചിരിക്കുന്നവരേയും
സഹായിക്കുന്നതു്.

അദ്ദേഹം നിശ്ശബ്ദമായും വേഗതയിലും വഴിയിൽക്കൂടി പോകുന്നതു നീ പലപ്പോഴും കണ്ടിട്ടുണ്ടു്. അതു സാധാരണ അതിരാവിലെ ആയിരിക്കും. രോഗത്താൽ അവശതയിൽ കിടക്കുന്ന ഏതോ ഒരു പാവപ്പെട്ട ആത്മാവിനെ സന്ദർശിക്കുവാൻ പോകുകയാണു അദ്ദേഹം ചെയ്യുന്നതു്. ഒരു വിലയേറിയ നിധിയും വഹിച്ചുകൊണ്ടാണദ്ദേഹം പോകുന്നതെന്നു നിനക്കറിയാമായിരിക്കണം. ഇല്ലെങ്കിൽ അതൊരു യാദൃച്ഛിക സന്ദർശനമായിരിക്കാം. ഗൌരവമേറിയ ഏതോ ഒരു സംഭവം പെട്ടെന്നുണ്ടായിട്ടുണ്ടു്. ഒരു മണിക്കൂറിനുമുമ്പു സന്തോഷത്തോടും സുഖത്തോടുംകൂടി ഇരുന്ന ഏതോ ഒരാൾ മരണാവസ്ഥയിൽ കിടക്കുന്നു. സ്നേഹിതന്മാർ, ബന്ധുക്കൾ, മാതാപിതാക്കന്മാർ, സഹോദരന്മാർ, സഹോദരികൾ എന്നീ എല്ലാവരും പിന്നോക്കം മാറുന്നു. ഇപ്പോൾ ഏറ്റവും അടുത്തു നില്ക്കുന്നതു പട്ടക്കാരനാണു്. മറെറല്ലാവരിലുംവച്ചു് ഈ ആത്മാവു് ഏറ്റവും ആത്യാവശ്യപ്പെട്ടിരിക്കുന്ന — പാപമോചനം — അന്ത്യാതിരുവത്താഴം — അന്ത്യലേപനം എന്നീ മൂന്നു കൂട്ടങ്ങളെ ഈ ആത്മാവിനു നൽകുവാൻ അദ്ദേഹത്തിനുമാത്രമേ പാടുള്ളു. ദീർഘനാളത്തേയ്ക്കു നിലനില്ക്കുന്ന ആ യാത്രയിൽ നമ്മെ അനുഗമിക്കുന്ന ഏകസമ്പത്തായ ഈ കൂദാശയ്ക്കുടുത്ത ഐശ്വര്യങ്ങളുടെ അധികാരം അദ്ദേഹത്തിനുമാത്രമേയുള്ളു. രോഗമായിരിക്കുമ്പോൾ ആശ്വസിപ്പിക്കുന്നതിനും ദുഃഖവേളയിൽ സാന്ത്വ

നം പറഞ്ഞു ശമനം വരുത്തുന്നതിനും, മരണസമയത്തു പാപമോചനം നൽകുന്നതിനുംവേണ്ടി വൈദികൻ സദാ സന്നദ്ധനായി അവിടെയുണ്ട്. ഇങ്ങനെയുള്ള പരോപകാര പ്രവൃത്തികൾ ചെയ്യുന്നതിനു അദ്ദേഹം ദിനംതോറും ചുറ്റി സഞ്ചരിക്കുന്നതു നീ കാണുന്നുണ്ടായിരിക്കാം.

പാപിക്കു മോചനം നൽകുന്നതു .

ഞായറാഴ്ചകളുടെയും വലിയ പെരുന്നാളുകളുടെയും തലേദിവസങ്ങളിൽ സന്ധ്യാസമയത്തു നീ ദേവാലയങ്ങളിൽ പ്രവേശിച്ചിട്ടുണ്ടായിരിക്കും. മങ്ങിയ വെളിച്ചം മാത്രമേ കാണാനുള്ളൂ. അവിടെ ഒരു വിളക്കു കത്തുന്നുണ്ട്. അൾത്താറയുടെ മുമ്പിൽ കാണുന്ന ആ ചുവന്ന വിളക്കു കൂടുതൽ ശോഭയോടെ പ്രകാശിക്കുന്നതുപോലെ തോന്നുന്നു. ആ നിശ്ശബ്ദതയിൽ അതു മിന്നുന്നതു നിനക്കു കാണാൻ കഴിയും. ദേവാലയത്തിൽ ആൾ തിരക്കില്ല. ജനങ്ങൾ അവിടവിടെ നിന്നാണു പ്രാർത്ഥന നടത്തുന്നതു്. ഏറ്റവും മൌനമായി മന്ത്രിക്കുന്ന ശബ്ദം നിനക്കു കേൾക്കാം. ഓരോ ആത്മാവും അതാതിന്റെ ദുഃഖവൃത്തമാനങ്ങളെ പറയുന്നതിനായി ആത്മശോധന നടത്തുന്നതിനെ നിശ്ശബ്ദമായി വീക്ഷിച്ചുകൊണ്ടു ഈശോ ആ സക്രാരിയിൽ സ്ഥിതിചെയ്യുന്നു.

ഇടയ്ക്കു് ആരോ ഒരാൾ എഴുന്നേല്ക്കുകയും കുമ്പസ്സാരക്കൂടിനെ സമീപിക്കയും ചെയ്യുന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞു മറെറാരാൾ സമീപിക്കുന്നു. ആ ചുരുങ്ങിയ സമയംകൊണ്ടു ഒരു ആത്മാവു ആ വിലയേറിയ രക്തത്തിന്റെ ശുദ്ധീകരണ പ്രവാഹത്തിൽ സ്നാനം ചെയ്യപ്പെടുന്നു. പാ

പസങ്കീർത്തനത്തിലെ അധികാര വാക്കുകൾ ഉച്ചരിക്കയും മ
രിച്ചവരെ ഉയർപ്പിക്കുന്നതിനേക്കാൾ വലുതായ ഒരത്ഭുതം
അവിടെ സംഭവിക്കയും ചെയ്യുന്നു.

എല്ലാവരുടെയും ആത്മിയ പിതാവ്.

അദ്ദേഹത്തെ വഴിയിൽ വച്ചു കാണുന്ന എല്ലാവരും മ
റാരോടും ഇല്ലാത്തവണ്ണം അദ്ദേഹത്തെ വന്ദിക്കുന്നു. അദ്ദേ
ഹത്തിനുമാത്രമായി കരുതപ്പെട്ടിരിക്കുന്നതും, അദ്ദേഹം ആ
രുടെ പ്രതിപുരുഷൻ ആയിരിക്കുന്നുവോ ആയാളെപ്പറ്റിയു
ള്ള സ്മരണ നമ്മിൽ ഉളവാക്കുന്നതും ആയ ഒരു അഭിധാന
ത്താൽ അവർ അദ്ദേഹത്തെ സംബോധന ചെയ്യുന്നു. വയ
സ്സന്മാരും, ചെറുപ്പക്കാരും, ധനവാന്മാരും ദരിദ്രന്മാരും എ
ന്നല്ലാ എല്ലാ മനുഷ്യരും "പിതാവു്" അല്ലെങ്കിൽ "അച്ചൻ"
എന്ന സ്നേഹപൂരസ്സരമായ ആ സ്ഥാനനാമത്താൽ അദ്ദേഹ
ത്തെ വിളിക്കയും അദ്ദേഹത്തെപ്പറ്റി സംഭാഷണമദ്ധ്യേ പറ
കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, എല്ലാവരും അദ്ദേ
ഹത്തിന്റെ ജ്ഞാന പുത്രന്മാരും, ആയുഷ്കാലം മുഴുവനുമുള്ള
അദ്ദേഹത്തിന്റെ ജോലി സന്മാർഗ്ഗജീവിതം നയിപ്പാൻ അ
വരെ പഠിപ്പിക്കുന്നതും സ്വർഗ്ഗത്തിലേയ്ക്കു അവരെ വഴികാ
ണിക്കുന്നതും ആകുന്നു. ഓരോ ദിവസവും നീ അദ്ദേഹത്തെ
അധികം പ്രാവശ്യം കാണുന്നു. പൂജയർപ്പിക്കുമ്പോഴും —
വിശുദ്ധ കുമ്പാനയുടെ കൈക്കൊള്ളപ്പാടിന്റെ സമയത്തും
— പാപസങ്കീർത്തന സമയത്തും — വിദ്യാലയത്തിലായിരി
ക്കുമ്പോഴും --- സന്തോഷസന്താപവേളകളിലും നീ അദ്ദേഹ
ത്തെ കാണുന്നു. നിന്റെ ഈ ചെറുപ്പകാലത്തിനുള്ളിൽ ഒ
രുപക്ഷെ നിന്റെ ശ്രദ്ധയിൽ ഈ നിമിഷംവരെ പെട്ടിട്ട

ള്ളതിനേക്കാൾ എത്രയേറെ കായ്ക്കണം അദ്ദേഹം നടത്തിയിട്ടുണ്ടായിരിക്കുമെന്നു ആലോചിക്കുക. അങ്ങിനെ എല്ലാവരുടെയും സ്വന്തമാണെന്നുതോന്നിക്കുന്ന, ഉന്മേഷത്തോടും ഗൗരവത്തോടുംകൂടിയ ആ മനുഷ്യന്റെനേക്ക് ഒരു പ്രത്യേക സ്നേഹവും ബഹുമാനവും നിന്റെ ഹൃദയത്തിൽ നീ അറിയാതെ തന്നെ സ്ഥലംപിടിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹം എല്ലാവർക്കും മുമ്പു ദൈവത്തിന്റെ സ്വന്തമായിത്തീർന്നിരിക്കുന്നു.

അത്താഴമേശയിലേയ്ക്കും—വിദ്യാലയത്തിലേയ്ക്കും—രോഗികളുടെ പക്കലേയ്ക്കും—മരണശയ്യയിൽ കിടക്കുന്നവരുടെ ഇടത്തിലേയ്ക്കും — എന്നല്ല ശ്മശാനസ്ഥലത്തേയ്ക്കുപോലും—എല്ലായിടത്തും സൽപ്രവൃത്തിചെയ്തുകൊണ്ടുള്ള അദ്ദേഹത്തന്റെ പ്രതിദിന സന്ദർശനങ്ങളിൽ നീ അദ്ദേഹത്തെ അനുഗമിക്കു. ഭൗമിക ജീവിതത്തിൽനിന്നും എത്രയോ വ്യത്യസ്തമായ ഒരു ജീവിതമാണെന്നു ഓർക്കുക! നീ അതിനെ ഇഷ്ടപ്പെട്ടുമെന്നു നീ വിചാരിക്കുന്നോ? അതു കേവലം താല്ക്കാലികമായ ഒരാഗ്രഹമായിരിക്കരുതെന്നു ധരിക്കണം. എന്നാൽ, മറ്റുള്ളവരെ, അവരുടെ ആത്മാവുകൾക്ക് നിത്യരക്ഷ കിട്ടുവാൻവേണ്ടി, സഹായിക്കുന്നതിനും മറ്റുമായി അദ്ദേഹം തന്റെ ജീവിതത്തെ വിനിയോഗിക്കുന്നതുപോലെ നിന്റെയും ആയുഷ്കാലം മുഴുവൻ ചെലവഴിപ്പാൻ നിനക്കു പൂർണ്ണ സന്തോഷമായിരിക്കുമോ? എന്റെ കുഞ്ഞേ, അതൊരു മഹത്തായ ചോദ്യമാണ്. അതിന്ന്, "ഇല്ല" എന്ന് ഉടനെ സമാധാനം പറവാൻ അത്ര ധൃതിപ്പെടരുതു്.

x x x x

വളരെ മനോഹരവും പ്രത്യാശാപൂർണ്ണവും ആനന്ദകരവുമായി നമ്മുടെ സ്ഥൂല നയനങ്ങൾക്ക് ഗോചരീഭവിക്കുന്ന ഐഹിക ജീവിതം നയിക്കുവാൻ നീ നിശ്ചയിക്കുന്നുവെങ്കിൽ, ആ നിലയിലും നിനക്കു ദൈവത്തെ ശ്രുശ്രൂഷിക്കയും ആത്മരക്ഷ നേടുകയും ചെയ്യാം. അധികമാളുകളും അത്തരക്കാരാണ്. ചുരുക്കം ചിലർ ഐശ്വര്യം കണ്ടെത്തുന്നു. അനേകർ ദാരിദ്ര്യത്തിൽ ജീവിക്കയും നിർദ്ധനരായി തന്നെ മരിക്കയും ചെയ്യുന്നു. ശേഷമുള്ളവർ ഐശ്വര്യ ദാരിദ്ര്യങ്ങളിൽ നിന്ന് വിമുക്തി പ്രാപിക്കുന്നു. പാപികളും വിശുദ്ധന്മാരും ആ ഭാഗത്തിൽ ഉൾപ്പെട്ടുന്നുണ്ട്. അവിടെ കുറെ ആനന്ദവും വളരെ അനർത്ഥങ്ങളും ഉണ്ട്. ആ തരക്കുള്ള ജനസമൂഹത്തിൽ ചേരുവാൻ നിന്റെ യുവഹൃദയം ചഞ്ചലപ്പെടുകയും അവരുടെ ഇടയിൽ നിന്റെ ജീവിതകാലം ചെലവഴിപ്പാൻ നീ ആഗ്രഹിക്കയും ചെയ്യുന്നെങ്കിൽ, അതിനു നിനക്കു പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. എന്നാൽ, ശ്രദ്ധാപൂർവ്വമായ ആലോചനയ്ക്കും ഭക്തിപുരസ്സരമായ പ്രാർത്ഥനയ്ക്കും വിദഗ്ധാഭിപ്രായത്തിനും ശേഷം മാത്രമേ നീ നിന്റെ തീരുമ്മാനപ്രകാരം നടത്താവൂ. നീ ബാഹ്യാഡംബരങ്ങൾ കണ്ടു ഭ്രമിക്കയോ കപടോല്ലാസത്തെ യഥാർത്ഥമായ ആനന്ദമെന്നു തെറ്റിദ്ധരിക്കയോ ചെയ്യരുതു്. അതിൽ നിന്നും ലഭിക്കാവുന്ന സുഖസന്തോഷങ്ങളെമാത്രം ലാക്കാക്കി ആ ജീവിതം നയിക്കുവാൻ ഒരുമ്പെടരുതു്. ആസ്വദിക്കപ്പെട്ടകപോലും ചെയ്യുന്നതിനുമുമ്പു് അവ ദുഃഖപരിപൂർണ്ണമായി രൂപാന്തരപ്പെട്ടുന്നു. നീ ലൌകിക ജീവിതത്തിനായി തുനിയുന്നുവെങ്കിൽ, അതു് നിന്റെ ആത്മാവിന്റെ നിത്യരക്ഷയ്ക്കുവേണ്ടി നീ പ്രയത്നിക്കണമെന്നു് ദൈവം ആഗ്രഹിക്കുന്ന സ്ഥലം ഇ


ഹലോകമാണെന്നുള്ള മാനസിക ദൃഢനിശ്ചയത്തോടെ ആയിരിക്കട്ടെ. അതിനായിട്ട തന്നെയാകുന്നു നീ ഇവിടെ ആയിരിക്കുന്നതും. 'നിത്യപരമാനന്ദത്തെ പ്രാപിക്കുക' എന്നുള്ള നിന്റെ ഐഹിക ജീവിത പരമോദ്ദേശത്തെ അർത്ഥശൂന്യമാക്കാതിരിപ്പാൻ ശ്രമിക്കണം. "എന്റെ ആത്മാവിനെ രക്ഷിക്കുവാൻ ഏറ്റവും സുകരമായി എനിക്കു സാധിക്കുന്നതു എവിടെയാണ്?" എന്ന ചോദ്യത്തിന്റെ മറുപടി ആയിരിക്കണം നിന്റെ തിരഞ്ഞെടുപ്പ്.

നിന്നെപ്പോലെയുള്ള ഇതര ബാലന്മാർ ഐഹിക ജീവിതം വെടിഞ്ഞു് ആദ്ധ്യാത്മിക ജീവിതത്തിൽ പ്രവേശിച്ചിരിക്കുന്നു; ഇനി അവർ പിൻതിരികയില്ല. മഹത്വമേറിയ കാര്യങ്ങളിൽ തങ്ങളെ തന്നെ പ്രതിഷ്ഠിക്കുന്നതിനായി അവർ തങ്ങളുടെ പൂർണ്ണ ശ്രദ്ധയും ഉന്നത പ്രദേശത്തേയ്ക്കു വ്യതിചലിപ്പിച്ചിരിക്കുന്നു. ദൈവത്തോടുള്ള ഉറ്റ സ്നേഹബന്ധത്തെയാണു അവർ ആകാംക്ഷിക്കുന്നതു്. അവർ പിൻതിരിയുന്നെങ്കിൽ, അതു മോസസ്സിനെപ്പോലെ ദൈവത്തിന്റെ പ്രത്യേക ദൂതന്മാരായിട്ട് — ലോകത്തിന്റെയല്ല, — ലോകത്തിലെ — മനുഷ്യരുടെ ആത്മാവുകളെ സംരക്ഷിക്കുന്ന കാവൽമാലാഖമാരെ സഹായിക്കുന്നതിനുള്ള ഒരു തിരഞ്ഞെടുക്കപ്പെട്ട സംഘമായിട്ട — ആയിരിക്കും.

നീ ഈ സമൂഹത്തിലോ അതോ മുൻപറഞ്ഞതിലോ ഉൾപ്പെടുവാൻ ആഗ്രഹിക്കുന്നതു്? നിന്റെ തിരഞ്ഞെടുപ്പിൽ ദൈവം നിന്നെ വഴികാണിക്കട്ടെ.

പിന്നെയും എന്റെ നാമം നിമിത്തം വീട്ടിനെയോ, സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പനെ

യോ; അമ്മയെയോ; മക്കളെയോ; വസ്തുക്കളെയോ ഉപേക്ഷിക്കുന്ന ഏവനും നൂറിരട്ടി പ്രാപിക്കും; നിത്യായുസ്സിനേയും അവകാശമായി അനുഭവിക്കും. (വി. മത്തായി അദ്ധ്യായം ൧൯. വാക്യം ൨൯.)



അദ്ധ്യായം ൪.

വൈദികന്റെ മാഹാത്മ്യം.

ഒരു വൈദികന്റെ പ്രതിദിന ജീവിതരീതിയെപ്പറ്റി ഏതാനും നീ മുന്നാമദ്ധ്യായത്തിൽ വായിച്ചു. വൈദിക നോടു ജനങ്ങൾ കാണിക്കുന്ന ബഹുമാനം, പ്രത്യേക വന്ദ നായോഗ്യമായി! അദ്ദേഹത്തിൽ എന്തോ ഉണ്ടെന്നും അതു് അദ്ദേഹത്തിന്റെ ഉദ്യോഗത്തെ മാത്രമല്ലാ സ്പർശിച്ചു നില യേക്കൂടി സംബന്ധിച്ചുള്ളതാണെന്നും നിന്നെ മനസ്സിലാ ക്കി. അദ്ദേഹം കർത്താവിനും വന്ദനീയൻ തന്നെ. അദ്ദേ ഹത്തെ സംബന്ധിക്കുന്ന ഈ വന്ദനീയതപ്പെപ്പറ്റി നമു ക്കു കുറേക്കൂടി സൂക്ഷ്മമായി ആലോചിക്കാം. യേശുക്രിസ്തുവി ന്റെ പൗരോഹിത്യത്തെപ്പറ്റി നാം കുട്ടതലായി അറിയു ന്നതോടും ഈ വിശുദ്ധോദ്യോഗത്തിൽ പങ്കെടുക്കുന്നയാളുടെ നേർക്കുള്ള നമ്മുടെ സ്നേഹവും ബഹുമാനവും വർദ്ധിക്കുകയും നമ്മുടെ കർത്താവിങ്കലേയ്ക്കു നാം സമീപിക്കയും ചെയ്യുന്നു.

വൈദികന്റെ രണ്ടു ശ്രേഷ്ഠമായ അധികാരങ്ങൾ.

പുരോഹിതൻ സ്വന്ത നിലയിൽ പൂജിതനായിരിക്കു ന്നതെന്തുകൊണ്ടാണ്? അതു മെത്രാനാൽ നൽകപ്പെട്ടിരി ക്കുന്ന പ്രത്യേക കൃദാശയാലും അദ്ദേഹത്തിൽ സമർപ്പിക്ക പ്പെട്ടിരിക്കുന്ന രണ്ടു അസാധാരണമായ അധികാരങ്ങളാലും

ആകുന്നു. മറെറാരു മനുഷ്യജീവിക്കുന്നില്ലാ, ദൈവദൂതന്മാ
ക്കുപോലും ഇല്ലാത്ത ഈ അധികാരങ്ങൾ ഇവയാകുന്നു —
(1) അപ്പവും വീഞ്ഞും നമ്മുടെ കർത്താവീശോമിശിഹായു
ടെ തിരുശരീരവും തിരുരക്തവുമാക്കിത്തീർക്കുന്നതിനുള്ള അ
ധികാരം; (2) പാപപ്പൊറുതി നൽകുന്നതിനുള്ള അധി
കാരം. പട്ടക്കാരനായിത്തീരുന്നതും ഇവയാലത്രെ. വൈ
ദികവൃത്തിയെ സംബന്ധിച്ചുള്ള എല്ലാ പവിത്രതയും ഈ ര
ണ്ടു അധികാരങ്ങളിൽനിന്നും ഉത്ഭവിക്കുന്നവയാകുന്നു. അ
ദ്ദേഹത്തിന്നു് ഈ അധികാരങ്ങൾ ആരിൽനിന്നും ലഭിച്ചു? നമ്മുടെ കർത്താവായ യേശുക്രീസ്തുവിൽ നിന്നുതന്നെ. എ
ങ്ങിനെ? അദ്ദേഹത്തെ അഭിഷേകം ചെയ്ത മെത്രാൻ വഴിയാ
യി. അതു എങ്ങനെയെന്നും നമുക്കു നോക്കാം.

പ്രഥമ വൈദികർ.

യേശുക്രീസ്തുവിന്റെ ജീവിതചരിത്രം നീ നേരത്തെ പ
ഠിച്ചിട്ടുണ്ടായിരിക്കുമല്ലൊ. അദ്ദേഹത്തിൽ മനുഷ്യത്വമെന്ന
പോലെ ദൈവത്വവുമുണ്ടായിരുന്നെന്നും അതിനാൽ എന്തും
പ്രവർത്തിക്കുന്നതിനു് അദ്ദേഹത്തിനു കഴിവുണ്ടായിരുന്നെന്നും
നീ ഗ്രഹിച്ചിട്ടുണ്ടായിരിക്കാം. അദ്ദേഹം നിരവധി അത്ഭുത
പ്രവൃത്തികൾ ചെയ്തു; കുരുടനു കാഴ്ച നൽകി; ഉന്മത്തനു സം
സാരിപ്പാൻ വശംകൊടുത്തു; മുടന്തനെ നടത്തി; രോഗിയെ
സൌഖ്യമാക്കി; എന്നല്ലാ മരിച്ചവരെ ഉയർപ്പിക്കുകൂടി ചെയ്തു.
എല്ലാവരിലും വലുതായി മരിച്ച ആത്മാവുകൾക്കു അവിടുന്നു
ആദ്ധ്യാത്മിക ജീവൻ നൽകി — പാപികൾക്കു മോചനം
കൊടുത്തു. അദ്ദേഹത്തിൽ വിശ്വസിച്ച ക്രിസ്ത്യാനികളായി

തീന്ന അനേകം ആളുകളിൽ ഏതാനുംപേർക്ക് അദ്ദേഹം ഒരു പ്രത്യേക രീതിയിലുള്ള ഉപദേശം കൊടുത്തുവെന്നുള്ളതു് നീ ഓർക്കുന്നുണ്ടായിരിക്കും. അവർ അപ്പോസ്തലന്മാർ എന്നു വിളിക്കപ്പെട്ടു. നമ്മുടെ പരിശുദ്ധ കർത്താവിനാൽ തന്നെ ഉദ്ഘോഷിക്കപ്പെട്ട ഈ അപ്പോസ്തലന്മാരാണ് പ്രഥമ പുരോഹിതന്മാർ.

പ്രഥമ പൂജ.

താൻ മരിച്ചതിന്റെ തലേ രാത്രി തന്റെ പന്ത്രണ്ടു ശിഷ്യന്മാരോന്നിച്ചു് അത്താഴ ഭക്ഷണം കഴിപ്പാനിരുന്നുകൊണ്ടു് യേശു അപ്പവും വീഞ്ഞും എടുത്തു അവയെ വാഴ്ത്തി തന്റെ ശരീരവും രക്തവുമായി വസ്തുഭേദപ്പെടുത്തി. വിശുദ്ധ ലൂക്കാ തന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു:

"പിന്നെ അങ്ങനു് അപ്പമെടുത്തു സ്തോത്രം ചെയ്തു്, മുറിച്ചു അവർക്കു കൊടുത്തുകൊണ്ടു അരുളിച്ചെയ്തതായതു്: ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു; എന്റെ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്തുകൊൾവിൻ."

അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ ശേഷം അങ്ങനു് പാനപാത്രവും (കൊടുത്തു) അരുൾചെയ്തതായതു്: "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുവാനിരിക്കുന്ന എന്റെ രക്തത്തിൻ പുതിയനിയമമാകുന്നു." (വിശുദ്ധ ലൂക്കാ അദ്ധ്യായം ൨൨. വാക്യം ൧൯-൨൦.)

ഇതായിരുന്നു ആദ്യത്തെ ബലിപൂജ. അതു് ക്രീസ്തു തന്നെത്താൻ അർപ്പിക്കുകയും ചെയ്തു.

പ്രഥമ ഗുരുപ്പട്ട ദാനം യേശുക്രീസ്തുവിനാൽ.

എന്നാൽ ക്രീസ്തു അന്ത്യ തിരു: അത്താഴ സമയത്തു് വേറെയും മിലതു പ്രവത്തിച്ചു. അപ്പോസ്തലന്മാക്കു വിശുദ്ധ കുർബാന നൽകിയശേഷം അവിടുന്നു് അവരോടു ഇപ്രകാരം അരുൾചെയ്തു: *"എന്റെ ഓമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്തുകൊൾവിൻ"* അവക്കും വൈദികവൃത്തിയിലേർപ്പെടുന്ന അവരുടെ പിൻഗാമികൾക്കും എല്ലാക്കാലവും അങ്ങേ തിരുശരീരം പ്രതിഷ്ഠിക്കുന്നതിനും, അതായതു് വിശുദ്ധ പൂജയണയ്ക്കുന്നതിനു് ഉള്ള അധികാരം കൊടുത്തുകൊണ്ടു്, ഈ വചനത്തിൽ അവിടുന്നു അവരെ പുരോഹിതന്മാരായി അഭിഷേകം ചെയ്തു. വിശുദ്ധ ബലി അർപ്പിക്കുന്ന എല്ലാ സമയത്തും ഇതു പട്ടക്കാരൻ നിവൃഹിക്കുന്നു.

ക്രീസ്തു അവക്കു് പാപമോചനാധികാരം നൽകുന്നു.

മൂന്നു ദിവസങ്ങൾ കഴിഞ്ഞു് അപ്പോസ്തലന്മാർ ഗുരുപ്പട്ടത്തിന്റെ രണ്ടാം ഭാഗമായ പാപമോചനാധികാരം കൈക്കൊണ്ടു. വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിലെ ഇരുപതാം അദ്ധ്യായത്തിൽ നമ്മോടു പറയുന്നു. ഉയിർപ്പു ഞായറാഴ്ച വൈകുന്നേരം അപ്പോസ്തലന്മാർ യൂദന്മാരോടുള്ള ഭയം നിമിത്തം വാതലുകൾ പൂട്ടപ്പെട്ടിരുന്ന ഒരു മുറിൽ കൂടിയിരുന്നു. യേശു അവിടെ പെട്ടെന്നു പ്രത്യക്ഷനായി നിന്നുകൊണ്ടു്, അങ്ങു് മരിച്ചവരിൽനിന്നു സത്യമായി ഉയിത്തിരിക്കുന്നു എന്നു തെളിയിപ്പാൻവേണ്ടി അങ്ങേ വിശുദ്ധ

കഷ്ടാനുഭവങ്ങൾക്കിടയിൽ ഉണ്ടായ മുറിവുകളെ അവർക്കു കാണിച്ചുകൊടുത്തു. പിന്നെ അങ്ങനെ അവരുടെമേൽ നിശ്വസിച്ചിട്ട് ഇപ്രകാരം അവരോടു അരുൾചെയ്തു.

"നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുമോ, അവ അവർക്കു മോചിക്കപ്പെട്ടതു; നിങ്ങൾ ആരുടെ പാപങ്ങളെ പിടിക്കുമോ, അവ പിടിക്കപ്പെട്ടതിരിക്കുന്നു" (വിശുദ്ധ യോഹന്നാൻ അദ്ധ്യായം 20. വകുപ്പു 22-23)

ഈ വാക്യങ്ങളാൽ ക്രീസ്തു, പാപസങ്കീർത്തനമാകുന്ന ഗുരുപട്ടത്തിന്റെ രണ്ടാമത്തെ വിശിഷ്ടാധികാരം അവർക്കു കൊടുത്തു. ഈ അധികാരം അപ്പോസ്തലന്മാർ അവരുടെ പിൻഗാമികൾക്ക് പിൻതുടർച്ചാവകാശമായി കൊടുക്കുകയും ചെയ്തു. *അതുകൊണ്ടു, ക്രീസ്തുവിന്റെ കാലംമുതൽ ഇതുപര്യന്തം, ഗുരുപട്ടം ഏറ്റിട്ടുള്ള ഓരോ വൈദികനും പ്രഥമപുരോഹിതന്മാർക്കു ക്രീസ്തു നൽകിയെന്ന ഈ ദ്വയാധികാരം — അന്യേ തിരുശ്ശരീരം പ്രതിഷ്ഠിക്കുന്നതിനും പാപം മോചിക്കുന്നതിനും ഉള്ള അധികാരം — പിൻതുടർച്ചയായി ലഭിക്കുന്നു.* പ്രസ്തുത അധികാരങ്ങളാൽ, പട്ടക്കാരൻ ഈ രണ്ടു മഹത്തരമായ ക്രിയകളെ നിർവ്വഹിക്കുന്നു. ഇതു് ഏതൊരു മനുഷ്യനും അർത്ഥിക്കാവുന്നതാണ്.

ഇതാണ് പൗരോഹിത്യം. ഇതാണ് ലോകത്തെ വീണ്ടെടുക്കുന്നതിനു ക്രീസ്തു അംഗീകരിച്ച ഉദ്യോഗവും അധികാരവും. ശ്രേഷ്ഠവും പൂജ്യവുമായ ആ ഉദ്യോഗത്തിൽ പങ്കെടുക്കുന്നതിനും, അവിടുന്നുതന്നെ ആരംഭിച്ച പ്രവൃത്തിയെ — ജനതയുടെ ആത്മസംരക്ഷണമാകുന്ന ആ പ്രവൃത്തി

യെ — പിൻതുടരുന്നതിനും അതിനെ പൂർത്തിയാക്കുന്നതിനും ക്രീസ്തു പുരോഹിതനെ ഭരമേല്പിച്ചു. ഉന്നത മഹാചാര്യനായ യേശുക്രിസ്തുവിന്റെ തന്നെ ഉദ്യോഗമായതുകൊണ്ടാണ് പട്ടക്കാരന്റെ പ്രവൃത്തി സംപൂജ്യമായിരിക്കുന്നതു്. പുരോഹിതന്റെ സ്വന്ത നിലയിലുള്ള ബഹുമാന്യതയല്ല കാരണം അദ്ദേഹം ആ വിശുദ്ധോദ്യോഗത്തിൽ പങ്കെടുക്കുകയും ക്രീസ്തുവിന്റെ സ്ഥാനം അവലംബിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. ഇക്കാരണത്താൽ തന്നെയാണു പുരോഹിതൻ "മറ്റൊരു ക്രീസ്തു" എന്നു വിളിക്കപ്പെടുന്നതും. നമ്മുടെ പരിശുദ്ധ കർത്താവിനെപ്പോലെ ആത്മാവുകളുടെ സംരക്ഷണാർത്ഥം തന്നത്താൻ ബലികഴിക്കയും ബലികഴിക്കപ്പെടുകയും ചെയ്യുകയാകുന്നു അയാളുടെ ആയുഷ്കാലോദ്യോഗം. യാതൊരു ക്രിയയും ക്രീസ്തുവിന്റെ തിരുഹൃദിരാർപ്പണത്തേക്കാൾ മഹത്വമേറിയതോ അധിക വൈശിഷ്ട്യമുള്ളതോ ആയിരിപ്പാൻ പാടില്ലാത്തതിനാൽ പൗരോഹിത്യത്തേക്കാൾ ഔന്നത്യമേറിയ ഒരുദ്യോഗം ഇഹലോകത്തിലില്ല.

"പാപ പരിഹാരത്തിന്നായി കാഴ്ചകളും ബലികളും സമർപ്പിക്കുവാൻവേണ്ടി, ജനങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഓരോ പ്രധാനാചാര്യനും ദൈവികകാര്യങ്ങളിൽ മനുഷ്യർക്കായി ഉദ്യോഗപ്പെട്ടം നൽകപ്പെട്ടിരിക്കുന്നു." (വിശുദ്ധ പൌലോസിന്റെ എബ്രായക്കാർക്കുള്ള ലേഖനം അദ്ധ്യായം ൫. വാക്യം ൧.)

അദ്ധ്യായം ന്യ.

എന്നേയ്ക്കും ഒരു വൈദികൻ.

ഒരു വൈദികന്റെ ഗുരുപ്പട്ടദാനകർമ്മത്തെ വീക്ഷിക്കുവാൻ ഭാഗ്യമുണ്ടായിട്ടുള്ള ഒരാൾക്കു് ആ ഭക്തിപരമായ കാഴ്ചയെ വിസ്മരിക്കുവാൻ ഒരിക്കലും സാധിക്കുന്നതല്ല. മെത്രാനാൽ ആശീർവ്വദിക്കപ്പെട്ടും വിശുദ്ധീകരിക്കപ്പെട്ടും കൈകൾ പ്രണത്താൽ ഗുരുപ്പട്ടം നൽകപ്പെട്ടും വിശുദ്ധ തൈലങ്ങൾ കൊണ്ടു് അഭിഷേകം ചെയ്യപ്പെട്ടും അയാൾക്കു ദൈവം ചെയ്തിരിക്കുന്ന മഹനീയാനുഗ്രഹങ്ങളെപ്പറ്റിയുള്ള കൃതജ്ഞതയും സന്തോഷവും ഹേതുവാൽ ഹൃദയം തുടിച്ചുകൊണ്ടും, ആയുവാവു് -- എന്നേയ്ക്കും ഒരു വൈദികനായി എഴുന്നീറുയരുന്നു. സന്മാർഗ്ഗിക നടവടിയെ സംബന്ധിച്ച ഒരു മഹാപ്രതിജ്ഞയാൽ മനുഷ്യോചിതമായ എല്ലാ ബന്ധനങ്ങളിൽനിന്നും വേർപെട്ടും, അൾത്താറയിലെ ദിവ്യബലിക്കായി പ്രത്യേകം നിയോഗിക്കപ്പെട്ടും, വിശുദ്ധമായും നിർമ്മലമായും അയാൾ ദൈവത്തിനു് അവകാശപ്പെട്ടിരിക്കുന്നു. അയാളെ "കർത്താവിന്റെ മിശിഹാ" (Lord's Anointed) എന്നു അടയാളപ്പെടുത്തുന്ന ഗുരുപ്പട്ടത്തിന്റെ മഹാമുദ്ര അയാളുടെ ആത്മാവിൽ പതിയുന്നു. ഇതാണു് അയാൾ കൈക്കൊള്ളുന്ന ഗുരുപ്പട്ടമാകുന്ന വിശുദ്ധ കൂദാശയിൽനിന്നുൽഭ്രതമാകുന്ന ഫലം.

പുരോഹിതന്റെ ആത്മാവിലെ മഹനീയ 'മുദ്ര'

ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, ഗുരുപ്പട്ടം എന്നീ മൂന്നു കൂദാശകളും ആത്മാവിൽ ഓരോ 'മുദ്ര' അല്ലെങ്കിൽ 'ചിഹ്നം' പതിക്കുന്നു. പരിശുദ്ധാരൂപിയുടെ പ്രവൃത്തിയാൽ ഇവയോരോന്നും ദൈവത്തോടു ഒരു പ്രത്യേക ബന്ധുത്വം (ചാർച്ച) ആത്മാവിൽ ഉളവാക്കുന്നു. ജ്ഞാനസ്നാനം നിന്നെ ദൈവത്തിന്റെ സുതനാക്കി. സ്ഥൈര്യലേപനം നിന്നെ ദൈവത്തിന്റെ ഒരു പടയാളിയാക്കി. ഗുരുപ്പട്ടം ദൈവത്തിന്റെ പുരോഹിതനും ആക്കുന്നു. ഓരോ മുദ്രയും സുതന്റെയോ, പടയാളിയുടെയോ, പുരോഹിതന്റെയോ ആരുടെ ആയിരുന്നാലും ഒരിക്കൽ ആത്മാവിൽ പതിഞ്ഞെന്നാൽ അതു് അനശ്വരമായിരിക്കും. അതു് എന്നന്നേയ്ക്കും ആത്മാവിൽ കൂടികൊള്ളും. നിനക്കുതന്നെ ഇപ്പോൾ, നിന്റെ ആത്മാവിൽ ദൈവസുതന്റെ 'അടയാളം' അല്ലെങ്കിൽ 'മുദ്ര' പതിഞ്ഞിരിക്കുന്നുണ്ടു്. അതു എല്ലാക്കാലവും നിലനില്ക്കും; ഒരിക്കലും മാഞ്ഞുപോകാൻ പാടില്ലാത്ത അടയാളമായിരിക്കുന്നു. നീ സ്ഥൈര്യലേപനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ, ദൈവത്തിന്റെ പടയാളിയുടെ അടയാളവും നിനക്കുണ്ടു്. അതും മറേറതുപോലെ തന്നെ നശിക്കപ്പെടാൻ പാടില്ലാത്തതായിരിക്കുന്നു.

ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുന്നതിനും ക്രീസ്തുവിനുവേണ്ടി ആവശ്യമായിരുന്നാൽ മരണംതന്നെ അനുഭവിക്കുന്നതിനും നി

ന്നെ പ്രാപ്തനാക്കുന്നതിനുള്ള വിശേഷ വരങ്ങളെ നിനക്കു പ്രദാനം ചെയ്യുന്നു. വൈദിക ജീവിതത്തിലെ ഭാരമേറിയ ചുമതലകളിലും ക്ലേശങ്ങളിലും അപകടങ്ങളിലും ആവശ്യമായിരിക്കുന്ന സഹായങ്ങളും പ്രത്യേകാനുഗ്രഹങ്ങളും ഗുരുപ്പട്ട സ്വീകരണത്തോടുകൂടിതന്നെ നമ്മിൽ ഉളവാകുന്നു. ഇതേപ്പറ്റിയാണ് വിശുദ്ധ പൌലോസ് അക്കാലത്തു് ഗുരുപ്പട്ടം സ്വീകരിച്ച യുവാവായ വിശുദ്ധ തിമോത്തി (St. Thimothy) ക്കു് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതു്:— "ഗുരുപ്പട്ടത്തിലെ ഹസ്താർപ്പണ ക്രിയയോടുകൂടി പ്രവാചകത്താൽ നിനക്കു് ലബ്ധമായിരിക്കുന്നതും ഇപ്പോൾ നിന്നിൽ ഉണ്ടായിരിക്കുന്നതും ആയ ആദിവ്യവരത്തെ നീ അവഗണിക്കരുതു്." (I. Tim. 4. 14)

വൈദികനും ദൈവവും തമ്മിലുള്ള ഉറ്റ ബന്ധുത്വം.

ഒരിക്കൽ അദ്ദേഹത്തിന്റെ വൈദികാത്മാവിൽ ആവിലതീരാത്ത 'മുദ്ര' പതിയുമ്പോൾ, അദ്ദേഹത്തെ ദൈവത്തോടു് ഏറ്റവും ഗാഢമായി ബന്ധിക്കുന്ന കൃദാശയ്ക്കുടുത്ത വരപ്രസാദത്തിന്റെ ഒരു സുസ്ഥിരമായ പ്രവാഹം അദ്ദേഹത്തിൽ ഉൽഭൂതമാകുന്നു. അദ്ദേഹത്തിന്റെ വൈദിക ചുമതലകളിൽ പെട്ട ഓരോ പ്രവൃത്തിയ്ക്കും അദ്ദേഹത്തിനു് ധാരാളം സാഹായ്യങ്ങൾ ലഭിക്കുന്നതാണു്. തൽക്ഷണം അദ്ദേഹം നമ്മുടെ കർത്താവീശോമിശിഹായുടെ പ്രതിപുരുഷനും, പരിപാലകനും, ജീവപ്രദായകനും ആയിതീരുന്നു. "തന്റെ

യജമാനന്റെ പരിപാലകൻ ആരോ അവൻ മഹത്വപ്പെ
ടും." പട്ടക്കാരൻ നമ്മുടെ സ്വർഗ്ഗീയ യജമാനന്റെ പരി
പാലകനാണ്; എന്തെന്നാൽ അദ്ദേഹത്തിനു വിശുദ്ധ കു
ദാശയുടെ സംരക്ഷണാധികാരമുണ്ടായിരിക്കുന്നു. സക്രാരി
യുടെ വാതിൽ തുറക്കുകയും അടക്കുകയും ചെയ്യുന്ന ആൾ
അദ്ദേഹമാണ്. അദ്ദേഹം ആ ചെറു ഭവനം ദിവ്യരക്ഷിതാ
വിനുവേണ്ടി സജ്ജമാക്കുകയും അങ്ങേ തിരുഹൃദയത്തോടുള്ള
സ്നേഹത്തെ സൂചിപ്പിക്കുന്ന രക്തവർണ്ണദീപം അൾത്താറയു
ടെ മുമ്പിൽ നിരന്തരം പ്രകാശിക്കുവാൻ തക്കവണ്ണം ഏർ
പ്പാട് ചെയ്കയും ചെയ്യുന്നു. അദ്ദേഹം സ്വർഗ്ഗീയ യജമാന
ന്റെ പ്രദായകൻ ആകുന്നു. എന്തെന്നാൽ അദ്ദേഹം ത
ന്റെ സംരക്ഷണയിലുള്ള അനേകായിരം ആത്മാവുകൾക്ക്
ജീവന്റെ അപ്പമാകുന്ന ദിവ്യകാരുണ്യം നൽകുന്നു. ശ്ലീഹ
ന്മാർ "ക്രീസ്തുവിന്റെ പ്രതിനിധികളും ദൈവരഹസ്യ പ്ര
ചാരകരും" (Cor. 4. 1.) ആയിരുന്നെന്നു നാം അവരെപ്പ
റ്റി വായിക്കുന്നു. എന്നാൽ വൈദികനു ഇതും ഇതിൽ കൂ
ടുതലുമായ അധികാരാവകാശങ്ങൾ ഉണ്ടായിരിക്കുന്നു.

അദ്ദേഹം സ്വർഗ്ഗീയ യജമാനന്റെ
ആപ്തമിത്രമാകുന്നു.

വൈദികൻ തന്റെ യജമാനന്റെ ആപ്തമിത്രവും പ്ര
തിദിന സ്നേഹിതനും ആകുന്നു. യേശു ലോകത്തിലായിരു
ന്നപ്പോൾ വിശുദ്ധന്മാരായ പത്രോസ്, ജെയിംസ്, യോഹ
ന്നാൻ എന്നിവർ തന്നോടു് ഏറ്റവും അടുത്തിരുന്നതുപോ
ലെ പട്ടക്കാരൻ ഇപ്പോൾ അങ്ങയുടെ ഏറ്റമടുത്ത സ്നേ

ഹിതനായിരിക്കുന്നു. അതി രാവിലെ ദിവ്യപൂജയിൽ അദ്ദേഹം അങ്ങയെ കരങ്ങളിലെടുക്കുന്നു; അദ്ദേഹം ദിവ്യനൽകരുണവഴിയായി അങ്ങയെ ജനങ്ങൾക്കു നൽകുന്നു; രോഗികളുടെപക്കലേയ്ക്ക് അങ്ങയെവഹിച്ചുകൊണ്ടുപോകുന്നു; പകൽ മിക്കപ്പോഴും അദ്ദേഹം അങ്ങയെ സന്ദർശിക്കുന്നു; അദ്ദേഹം തന്റെ സകല പ്രവൃത്തികളിലും അങ്ങയോടു അഭിപ്രായം ചോദിക്കുന്നു; രാത്രിയിൽ അദ്ദേഹം അങ്ങെ പക്കലേയ്ക്കു പിന്തിരിയുന്നു.


അദ്ദേഹത്തിന്റെ ഉദ്യോഗം പരിശുദ്ധ കന്യകയുടേതിനോട് ഏറ്റവും സാമ്യമുള്ളതാണ്.

ഈ കാരണംകൊണ്ടാണ് വൈദികോദ്യോഗത്തെ പരിശുദ്ധ കന്യകയുടെ പ്രവൃത്തിയോടു സാധാരണമായി താരതമ്യംചെയ്യുന്നതു്. പരിശുദ്ധ മാതാവു് ആ ദിവ്യശിശുവിനെ സശ്രദ്ധം പരിപാലിക്കയും, കരങ്ങളിൽ എടുക്കയും ബാല്യപ്രായത്തിൽ അങ്ങയെ ശുശ്രൂഷിക്കയും, വാത്സല്യപൂർവ്വം കാത്തു സംരക്ഷിക്കയും മറ്റും ചെയ്തപോലെ, വിശുദ്ധ കുദാശ വഴിയായി നമ്മുടെ ഇടയിൽ എഴുന്നെള്ളുന്ന ദിവ്യരക്ഷകനെ പരിരക്ഷചെയ്യുവാൻ പട്ടക്കാരനു പ്രത്യേകാധികാരമുണ്ടായിരിക്കുന്നു. ഈ കാരണംകൊണ്ടു കൂടെയാണ് പരിശുദ്ധമറിയത്തിനു് തന്റെ ദിവ്യകുമാരന്റെ വൈദികരിലും അങ്ങേ വൈദികരായി തീരുവാനാഗ്രഹിക്കയും അതിനു തയ്യാറാവുകയും ചെയ്യുന്ന എല്ലാവരിലും ഒരു പ്രത്യേക വാത്സല്യമുണ്ടായിരിക്കുന്നതു്. പരിശുദ്ധ മാതാവു് ഇഹ

ത്തിലായിരുന്നപ്പോൾ നടത്തിയിട്ടുള്ളവയോട് ഏറ്റവും സാമ്യമുള്ള ഉദ്യോഗവും ജോലിയുമാണവ. നമ്മുടെ ദിവ്യരക്ഷകൻ കുരിശിന്മേൽവച്ച് വിശുദ്ധ യോഹന്നാനെ അങ്ങെ ദിവ്യമാതാവിന്റെ പക്കൽ ഭരമേല്പിച്ചപ്പോൾ, അവിടുന്നു എല്ലാ ക്രൈസ്തവരേയും ആ അമ്മയുടെ പരിപാലനയ്ക്കായി സമർപ്പിക്കയാണു ചെയ്തത്: എന്നാൽ അങ്ങേ പുരോഹിതന്മാരെ തന്റെ മാതാവിന്റെ സംരക്ഷണയിൽ ഏല്പിച്ചതു് ഒരു പ്രത്യേക പന്ഥാവീലൂടെയാണ്.

"മെൽക്കസേദേക്കിന്റെ നിയമാനുസരണം; നീ എന്നേക്കും ഒരു വൈദികൻ ആകുന്നു." (*എബ്രായക്കാർക്കുള്ള വി. പൌലോസിന്റെ ലേഖനം. അദ്ധ്യായം 5; വാക്യം 6.*)

"ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കയില്ല, എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചിരിക്കുന്നു." (*വി. യോഹന്നാൻ അദ്ധ്യായം 15 വാക്യം 15.*)



അദ്ധ്യായം ൬.

ദൈവം പുരോഹിതനു പ്രദാനംചെയ്യുന്ന വിശേഷ സാഹായ്യങ്ങൾ.

വൈദികവിദ്യാഭ്യാസം ചെയ്യുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിക്ക് ആ ഉദ്യോഗത്തിന്റെ മാഹാത്മ്യത്തേയും പ്രവൃത്തിയുടെ വിശുദ്ധതയേയും പറ്റിയുള്ള ഭയം ചിലപ്പോൾ ഒരു പ്രതിബന്ധകാരണമായി തീരാറുണ്ട്. ആത്മവിശ്വാസരാഹിത്യവും, വിനയഭാവവും, വിശുദ്ധഭീതിയും അവനെ തദുദ്യമത്തിൽനിന്നും വേഗം പിൻതിരിപ്പിച്ചേയ്ക്കാം. അവനെപ്പോലെയുള്ള ഒരു ബലഹീനനായ മനുഷ്യജീവിക്ക് അതിരുകവിഞ്ഞ ഔന്നത്യമുള്ള ഒരുദ്യോഗമാണതെന്നു അവൻ കരുതുന്നു. ഇവ വിലയുള്ള അഭിപ്രായങ്ങൾതന്നെ. അപ്രകാരമുള്ള ഒരു പദപ്രാപ്തിക്ക് യേശുക്രീസ്തുവിന്റെ ഗുരുപ്പട്ടത്തെപ്പറ്റിയോ നമ്മുടെ സ്വന്തയോഗ്യതയെപ്പറ്റിയോ നാം അത്രയേറെ അഗാധമായി ചിന്തിക്കേണ്ടതില്ല. വാസ്തവത്തിൽ എത്രമാത്രം ഒരു കുട്ടി ഇതിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുന്നുവോ അത്രയ്ക്ക്, അവന്റെ സ്വന്ത യോഗ്യതാഫലമായിട്ടല്ലാ, ദൈവത്തിന്റെ അതിരറ്റ കരുണയാലാണ്, ഗുരുപ്പട്ടം നൽകപ്പെട്ടിരിക്കുന്നതെന്ന് അവൻ മനസ്സിലാക്കുകയും ബലിപീഠത്തിൽ കുടികൊള്ളുന്ന ദിവ്യരക്ഷകനെ കൂടുതൽ ജാഗ്രതയോടെ ശുശ്രൂഷിക്കയും ചെയ്യും.

ദൈവം അദ്ദേഹത്തെ തിരുക്കരങ്ങളാൽ താങ്ങിക്കൊള്ളുന്നു.

എന്നാൽ ആത്മസംരക്ഷണജോലിക്കായി തന്റെ ആയുഷ്കാലത്തെ വിനിയോഗിപ്പാനുള്ള ആഗ്രഹത്തിൽനിന്നും അവനെ വിരമിപ്പിക്കാൻ ഈ ഭീതിമാത്രം പ്രേരകമായിരിക്കാൻ പാടില്ല. ദൈവത്തിന്റെ കരം ഒരിക്കലും ഹ്രസ്വമല്ലെന്നു ഗ്രഹിക്കണം. തന്റെ സൃഷ്ടികളുടെ സംരക്ഷണയ്ക്കുവേണ്ടി അങ്ങ് പരിപൂർണ്ണമായ ചട്ടവട്ടങ്ങൾ നിർമ്മിച്ചിരിക്കുന്നു. ഗുരുപ്പട്ടത്തിന്റെ സ്ഥാനവും പ്രതാപവും വലിയതുതന്നെ; എന്നാൽ അവ അവയെ അനുഗമിക്കുന്ന വരപ്രസാദങ്ങളേയും സാഹായ്യങ്ങളേയുംകാൾ ശ്രേഷ്ഠതരമല്ല. സാധാരണ ക്രിസ്ത്യാനികൾക്കു ധാരാളമായി ദൈവവരങ്ങൾ ലഭിക്കുന്നു; എന്നാൽ പുരോഹിതന്മാർക്ക് അവരെല്ലാവരേയുംകാൾ അധികമായ ദൈവവരങ്ങൾ സിദ്ധിക്കുന്നു എന്നു വിശിഷ്യ പറയേണ്ടതില്ല. ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും വഴിയായി അവർക്ക് ക്രിസ്തുവിന്റെ മക്കളുടെയും പടയാളികളുടെയും വരപ്രസാദങ്ങൾ ഹസ്തഗതമായിട്ടുണ്ട്. പുരോഹിതനു് ഇവയെല്ലാറ്റിനും പുറമെ ഗുരുപ്പട്ടമാകുന്ന വിശുദ്ധ കൂദാശയിൽനിന്നും ലഭ്യമായിട്ടുള്ള വരപ്രസാദങ്ങളുമുണ്ടായിരിക്കുന്നു.

വരപ്രസാദങ്ങൾ സ്ഥാനമഹിമയേയുളവാക്കുന്നു.

ദൈവം ഒരുദ്യോഗത്തിൽ നിയമിക്കുമ്പോൾ അങ്ങ് പ്രദാനംചെയ്യാൻപോകുന്ന സ്ഥാനമഹിമയ്ക്കനുരൂപമായിരിക്കു

ത്തക്കവണ്ണം അങ്ങ് പ്രപഞ്ചത്തെ ഉയർത്തുന്നു എന്നുള്ളതു് ദൈവിക സങ്കല്പങ്ങളുടെ ഒരംശമാണെന്നു നീ മനസ്സിലാക്കണം. അങ്ങ് അസാദ്ധ്യമായവയെ അനുകൂലിക്കയോ പ്രതീക്ഷിക്കയോ ഒരിക്കലും ചെയ്യുന്നില്ല. ഒരു വരപ്രാപ്തിയെ ഭദ്രമായി സൂക്ഷിക്കുന്നതിനും അതിനെ ഹാനിവരാതവണ്ണം പരിപാലിക്കുന്നതിനുമുള്ള അനുഗ്രഹത്തോടുകൂടിയല്ലാതെ അങ്ങ് ഒരിക്കലും ആ വരപ്രാപ്തിയെ ആക്കും പ്രദാനം ചെയ്യുകയില്ല. അതുകൊണ്ടു്, പൗരോഹിത്യംപോലെ അത്ര സമൂഹ്യമായ വേറൊരുദ്യോഗം ഇല്ലെങ്കിൽ, ഉന്നതങ്ങളിൽനിന്നു അത്രയേറെ സാഹായ്യങ്ങൾ ലഭിക്കുന്ന മറെറാരുദ്യോഗവുമില്ല. ജനങ്ങളുടെ അക്ഷയമായ ആത്മാവുകൾ നാശത്തിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിക്കുന്നതിനാണ് ദൈവികനെ അവരുടെ മേൽ അധികാരപ്പെടുത്തിയിരിക്കുന്നതു്. എന്നാൽ ആയുഷ്കാലത്തിലെ അനുഭവഗോചരാതീതമുള്ള അദ്ദേഹത്തിന്റെ സങ്കല്പങ്ങൾ സുസ്പഷ്ടമായിരിക്കുന്നു. അനശ്വരമായ കാര്യങ്ങളെ അധികം നന്നായി കണ്ടറിവാൻ അദ്ദേഹത്തിനു കഴിയും. ഇതര ദൃഷ്ടികൾക്ക് ചിലപ്പോൾ അഗോചരമായിരിക്കുന്ന ശ്രദ്ധാപകടങ്ങളെ അദ്ദേഹം വേഗം കണ്ടുപിടിക്കുന്നു.

ഇനി, സഭയിൽ നിന്നും ഭിന്നംപ്രതി വൈദികനു കിട്ടിക്കൊണ്ടിരിക്കുന്ന ഏതാനും വിശേഷ സാഹായ്യങ്ങളെപ്പററി നമുക്ക് അന്വേഷിക്കാം.

പ്രഥമ സാഹായ്യം—ഗുരുപ്പട്ടത്തിന്റെ കൂദാശയ്ക്കുടത്ത വരപ്രസാദം.

ഒരാൾ കൂദാശ കൈക്കൊള്ളുന്ന ഓരോ സമയത്തും വിശുദ്ധീകരണ വരപ്രസാദത്തിന്റെ ക്രമോൻമുഖമായ അഭിവൃദ്ധി അയാളുടെ ആത്മാവിൽ ഉളവാകുന്നതായി നിന്റെ കൈസ്ഥവ തത്വങ്ങളിൽ നിന്നു നീ ഗ്രഹിച്ചിട്ടുണ്ട്. ഇതിനും പുറമെ "കൂദാശ്ശയ്ക്കുടത്ത വരപ്രസാദം" എന്നു വിളിക്കപ്പെടുന്ന ഒരു പ്രത്യേക വരവും ലബ്ധമാകുന്നു. ഇങ്ങനെ ലഭിക്കുന്ന കൗദാശിക വരപ്രസാദം ഓരോ കൂദാശയ്ക്കും വ്യത്യാസപ്പെട്ടിരിക്കും. അതു കൈക്കൊള്ളുന്ന പ്രത്യേക കൂദാശയുടെ സ്വഭാവത്തെയും ഉദ്ദേശത്തെയും അനുസരിച്ചിരിക്കുന്നു. എന്നു മാത്രമല്ലാ, കൗദാശികവരപ്രസാദം ഒരു ശാശ്വത സാഹായ്യമാണെന്നുള്ള കാര്യം പ്രത്യേകമായും പ്രധാനമായും ഓർത്തിരിക്കേണ്ടതാണ്. ആപൽക്കരവും ക്ലേശഭൂയിഷ്ഠവും ഇല്ലെങ്കിൽ പരീക്ഷാസ്പദവുമായ ഘട്ടങ്ങളിൽ നിന്നെ തുണയ്ക്കുന്നതിനായി അതു സദാ നിന്നോടുകൂടെ ഉണ്ടായിരിക്കുന്നു. വരികയും പോകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു വസ്തുവല്ലാ അതു്. ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും വിശുദ്ധ കുർബാനയും മറ്റു കൂദാശകളും എല്ലാം അതാതിന്റെ സ്വഭാവമനുസരിച്ചുള്ള ഈ കൗദാശിക വരപ്രസാദത്തെ പ്രദാനം ചെയ്യുന്നു.

ഇനി, വൈദികനെ സംബന്ധിച്ചാണെങ്കിൽ, ഹസ്താർപ്പണവേളയിൽ അദ്ദേഹം കൈക്കൊള്ളുന്ന ഗുരുപ്പട്ടമാകുന്ന കൂദാശ, അദ്ദേഹത്തിന്റെ വൈദികോദ്യോഗത്തിലെ പൂജ്യ

മായ മൂമതലകളെ നിർവിഘ്നം നിവ്വഹിച്ചുകൊണ്ടു പോകു വാൻ അദ്ദേഹത്തെ പ്രാപ്തനാക്കി തീർക്കുന്ന "ഗുരുപ്പട്ടത്തി ന്റെ കൗദാശിക വരപ്രസാദം" എന്നു നാം വിളിക്കുന്ന ആ പ്രത്യേക ദിവ്യവരത്തെ അദ്ദേഹത്തിനു നൽകുന്നു. ഈ സാ ഹായ്യം ജീവിതാന്ത്യംവരെ അദ്ദേഹത്തോടുകൂടെ വസിക്കയും ചെയ്യും. തൻമൂലം "എന്നെ ശക്തിപ്പെടുത്തുന്നതാരോ അ യാളിൽ എല്ലാക്കായ്ങ്ങളും എനിക്കു പ്രവത്തിപ്പാൻ കഴി യും," എന്നു വിശുദ്ധ പൗലോസിനെ അനുകരിച്ചു അദ്ദേഹ ത്തിനു പറയാം.

ദ്വിതീയ സാഹായ്യം—വൈദിക ജീവിതം തന്നെ.

നമ്മെ ദൈവസന്നിധാനത്തിലേയ്ക്കു് അടുപ്പിക്കുന്ന തായ ഒരുദ്യോഗം നമ്മുടെ ആത്മാവുകൾക്കു് ശക്തിമത്തായ ഒരു സാഹായ്യമാകുന്നു. ഉദയം മുതൽ അസ്തമയംവരെ പട്ട ക്കാരന്റെ ജീവിതം ക്രിസ്തുവുമായുള്ള ഒരു നിരന്തരമായ സ്നേ ഹബന്ധുത്വമാകുന്നു. ഇതുമാത്രമാണു് ലോകത്തിലെ വിഷ യകലുഷിതമായ അന്തരീക്ഷത്തിൽ നിന്നും പരീക്ഷകളിൽനി ന്നും അദ്ദേഹത്തെ പരിത്രാണനം ചെയ്യുന്നതു്. പാപത്തിൽ മുഴുകിക്കിടക്കുന്നവരെ ഉണയ്ക്കുന്നതും — ദൈവക്ഷേത്രമാരെ പ്രോത്സാഹിപ്പിക്കുന്നതും—യുവാക്കന്മാരെ പുണ്യവഴിയിൽ ആനയിക്കുന്നതും—സങ്കടമനുഭവിക്കുന്നവരെ സാന്ത്വനപ്പെ ടുത്തുന്നതും — ആയുഷ്കാലത്തിന്റെ അന്തിമഘട്ടത്തിൽ എ ത്തിയിരിക്കുന്ന വൃദ്ധന്മാരെ ധൈര്യപ്പെടുത്തുന്നതും — ആകു ന്നു അദ്ദേഹത്തിന്റെ പ്രവൃത്തി.

സഹനശീലത്തോടെ നിവ്വഹിക്കേണ്ട ഒരു ജോലിയാണതു്. അദ്ദേഹത്തിൽ നിന്നു് സാഹായ്യം ലഭിച്ചിട്ടുള്ള അനേകമാളുകൾ അദ്ദേഹത്തിനു് ഒരിക്കലും നന്ദിപറകയില്ല. അതു കായ്മായി ഗണിക്കരുതു്. അദ്ദേഹത്തിനു് അതിനേക്കാൾ വിലയേറിയ പ്രതിഫലം ലഭിക്കും. എങ്ങിനെയെങ്കിലും അവരുടെ ആത്മരക്ഷയ്ക്കു് അദ്ദേഹം അവരെ സഹായിച്ചിട്ടുണ്ടു്. യേശുക്രിസ്തുവിന്റെ ഹിതാനുസരണം പ്രവത്തിക്കയാണു് അദ്ദേഹത്തിന്റെ മുമതല. ജനങ്ങൾ പറകയോ വിചാരിക്കയോ ചെയ്യുന്ന യാതൊന്നും അദ്ദേഹത്തിൽ യാതൊരു വ്യത്യാസവുമുണ്ടാക്കുന്നില്ല. അനേകർ അദ്ദേഹത്തെ വിസ്മരിക്കും. എന്നാൽ സ്വർഗ്ഗീയ യജമാനൻ ഓമ്മിച്ചുകൊള്ളും. അതു മതി. യുവാവും വൃദ്ധനും— പുണ്യവാനും പാപിയും— വിവേകിയും ഭോഷനും എന്നല്ല എല്ലാവരും ഉപദേശ സാന്ത്വനങ്ങൾക്കായി യഥേഷ്ടം അദ്ദേഹത്തിന്റെ പക്കൽ ചെല്ലുന്നു. അവർ വീഴുമ്പോൾ അദ്ദേഹം അവരെ പിടിച്ചെഴുന്നേല്പിക്കുന്നു. അവർ ദുരിതമനുഭവിക്കുമ്പോൾ അദ്ദേഹം അവരെ ആശ്വസിപ്പിക്കുന്നു. അവർ പാപത്തിലകപ്പെടുമ്പോൾ അദ്ദേഹം അവരെ വിമോചിപ്പിക്കുന്നു. അവരുടെ സന്തോഷം അദ്ദേഹത്തിന്റെ സന്തോഷവും അവരുടെ ദുഃഖങ്ങൾ അദ്ദേഹത്തിന്റെ ദുഃഖങ്ങളും ആകുന്നു.

വൈദികനു വളരെ ആശാഭംഗങ്ങളും സംഭവിക്കാറുണ്ടു്. ഏതാനും പ്രവൃത്തികൾ അദ്ദേഹം ആശിച്ചവിധം വിജയകരമായി പരിണമിക്കുന്നില്ല; അദ്ദേഹം തീവ്രയത്നം ചെയ്തിട്ടും ചിലരുടെ വിശ്വാസം ക്ഷയിച്ചുപോകുന്നു. ചിലർ അദ്ദേഹത്തെ തെറ്റായി വിധിക്കുന്നു; എവിടെയെങ്കിലും മതം

വിദ്വേഷമുണ്ടെങ്കിൽ അതിന്റെ ആക്രമണത്തിന് വിധേയനായി തീരുന്ന പ്രഥമ പുരുഷൻ അദ്ദേഹമാകുന്നു. എന്നാൽ ഇമ്മാതിരി പരീക്ഷകൾ, അവ യഥാർത്ഥ കഷ്ടതകളെ അനുഭവപ്പെടുത്തുമ്പോൾ, ദൈവത്തോട് ഏറ്റവും ഐക്യപ്പെട്ടിരിക്കുന്ന ഒരാളുടെ ആത്മാവിന്റെ ആന്തരമായ സമാധാനത്തെ ക്ഷോഭിപ്പിക്കുന്നില്ല.

"ദൈവം ഉപവിയാകുന്നു; ഉപവിയിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു."

തൃതീയ സാഹായ്യം—വിശുദ്ധ ബലി.

ഈ ഒരു സാഹായ്യത്തെപ്പറ്റിതന്നെ അനേകം ഗ്രന്ഥങ്ങൾ രചിക്കപ്പെടാവുന്നതാണ്. എല്ലാ ദിവസവും രാവിലെ ഈശോ അങ്ങേ വൈദികന്റെ കരങ്ങളിൽ തന്നത്താൻ സമർപ്പിക്കുന്നതിനായി അങ്ങേ സ്വർഗ്ഗീയ ഭവനത്തിൽ നിന്ന് ഇറങ്ങിവരുന്നു. കർത്താവിൽനിന്നുള്ള ഈ മധുരമായ ഉപചാരത്തോടുകൂടിയാണ് ഓരോ ദിവസവും ആരംഭിക്കുന്നതു്. ദൈവിക സാന്നിദ്ധ്യ മഹിമ അങ്ങു് വീണ്ടും ആഗതനാകുന്നതുവരെ നിലനില്ക്കുന്നു. "യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ" ആയ വിശുദ്ധ യോഹന്നാൻ അന്ത്യത്തിരുവത്താഴ സമയത്തു് കർത്താവിന്റെ മാറിടത്തിൽ തന്റെ തല ചായിക്കുന്നതിന് പ്രത്യേകാവകാശിതൻ ആയിരുന്നു. വൈദികൻ അതിലും അനുഗൃഹീതനാണ്. പരിശുദ്ധ കന്യകയെപ്പോലെ തന്റെ കർത്താവിനെ പ്രതിദിനം അദ്ദേഹത്തിന്റെ കരങ്ങളിൽ എടുക്കുന്നതിനും, തന്റെ ജനങ്ങളുടെ ആരാധനയ്ക്കും സ്നേഹത്തിനുമായി അങ്ങയെ ഉയർത്തിപ്പിടിക്കുന്നതിനും

അദ്ദേഹത്തിനു് അനുമതി ലഭിച്ചിരിക്കുന്നു. ഈശോ ലോകത്തിലായിരുന്നപ്പോൾ അപ്പോസ്തലന്മാർ എപ്രകാരമായിരുന്നുവോ അതുപോലെ, ദിവ്യ ബലി വാഴ്ത്തുന്നതു മുതൽ ഉൾക്കൊള്ളുന്നതുവരെ അദ്ദേഹം ദൈവസന്നിധിയിലായിരിക്കുന്നു.

ആദ്ധ്യാത്മികമായ സാഹായത്തിന്റെയും സൗഭാഗ്യത്തിന്റെയും മറെറാരു ഭാഗത്തെ പ്രത്യക്ഷമാക്കുന്ന ഒന്നാണു് ദിവ്യകാരുണ്യ സ്വീകരണം. പ്രഭാതത്തിലെ ഈ സുവർണ്ണ നിമിഷങ്ങളിലാണു് ആ ദിനം നിവ്വിഘ്നമായും വിജയകരമായും കഴിച്ചുകൂട്ടുവാനുള്ള ആത്മികശക്തി പുരോഹിതനു ലഭിക്കുന്നതു്. ഈശോ ഭോജനവും—സങ്കേതവും—ആനന്ദവും—ശക്തിയും ആകുന്നു.

ചതുർത്ഥ സാഹായ്യം— ദൈവാരാധന.

പുരോഹിതൻ തന്റെ ജീവിതത്തിലെ ഓരോ ദിവസവും ചൊല്ലുന്ന ദൈവാരാധനയെപ്പററി റിനുക്കു വലിയ നിശ്ചയമുണ്ടായിരിക്കയില്ല. എന്നാൽ അദ്ദേഹം അതു ചൊല്ലുന്നതു് നീ കണ്ടിട്ടുണ്ടായിരിക്കും. ദിവ്യപൂജാനന്തരം, തിരുസ്സഭയുടെ ഈ ഔദ്യോഗിക പ്രാർത്ഥനയെക്കാൾ ശക്തിയേറിയതോ, ദൈവത്തെ അധികം പ്രസാദിപ്പിക്കുന്നതോ ആയ ഒരു പ്രാർത്ഥനയുമില്ല. വൈദികന്റെ ദൈവാരാധന എന്താകുന്നു? അതിൽ പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും സങ്കീർത്തനങ്ങളും വായനകളും വിശുദ്ധന്മാരുടെ ലേഖനങ്ങളും, അവരുടെ ജീവിതചരിത്രങ്ങളും, തിരുസ്സഭയാൽ രൂപീകൃതമായ പ്രത്യേക പ്രാർത്ഥനകളും അടങ്ങിയിരിക്കുന്നു. ഓരോ ദിവസവും പട്ടക്കാരൻ ഈ മനോഹര

മായ പ്രാർത്ഥനയുടെ ഒരു ഭാഗം ചൊല്ലുന്നതു് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും, തന്റെ ആത്മാവിനെ വിശുദ്ധമാക്കുന്നതിനും, തിരുസ്സഭയുടെ ക്ഷേമത്തിനും അഭ്യുദയത്തിനും വേണ്ടി അപേക്ഷിക്കുന്നതിനും ആയിട്ടാകുന്നു. അതു് കേവലം ഒരു സ്വകാര്യമായ അപേക്ഷയോ ആരാധനയോ അല്ലാ. അതൊരു ഔദ്യോഗിക പ്രവൃത്തിയാണു്. അതുകൊണ്ടാണു് അതു് അത്രയേറെ ശക്തിയുള്ളതും പുരോഹിതനു തന്നെ ഒരു വലിയ സാഹായ്യവും ആയിരിക്കുന്നതു്. തന്റെ പ്രതിദിനാരാധന ചൊല്ലുമ്പോൾ അദ്ദേഹം തനിയെ അല്ലാ അപേക്ഷ നടത്തുന്നതു്. ദൈവാരാധന ചെയ്യുന്നാ ലോകമാസകലമുള്ള ആ മഹാ വൈദിക സംഘത്തോടും സന്യാസ ഗണത്തോടും ഏകയോഗമായാണു് അദ്ദേഹം അതു നടത്തുന്നതു്. തന്റെ വൈദിക ചുമതലകളെ നിർവ്വഹിക്കുന്നതിനും ദൈവസിംഹാസന സന്നിധിയിൽ തന്റെ ജനങ്ങൾക്കുവേണ്ടി മോസസ്സിനെപ്പോലെ കൈ ഉയർത്തിപ്പിടിച്ചു് മാദ്ധ്യസ്ഥം പറവാനും എല്ലാവരുടെയും ആരാധനകൾ ഓരോരുത്തർക്കും സാഹായ്യമായിരിക്കുന്നു.

പഞ്ചമ സാഹായ്യം—കൂദാശകളുടെ നിർവഹണവും പ്രേഷകവൃത്തിയും.

ഇതരന്മാരെ അഭ്യസിപ്പിക്കുന്നതിനു ഒരുങ്ങുന്നതോടുകൂടി വൈദികൻ തന്റെ സ്വന്തം ആത്മാവിനെ തന്നെ നിരന്തരം പരിപുഷ്ടമാക്കുന്നു. അദ്ദേഹം എന്നും ദൈവികജ്ഞാന വിദ്യാലയത്തിലെ ഒരു അദ്ധ്യേതാവാണു്. ജീവാപ്പത്തെ വിഭജിക്കുമ്പോൾ അദ്ദേഹം തന്നെത്തന്നെ പോഷിപ്പിക്കുന്നു.

അപ്രകാരം തന്നെ, ക്ലേശം നൽകുന്നതിൽ അദ്ദേഹം നിൽ വഹിക്കുന്ന കരുണാപൂരസ്സരമായ സകല കർമ്മങ്ങളിലും അ ദ്ദേഹം ഓഹരിക്കാരനാകുന്നു. ഇതു് എല്ലാറ്റിലും, എന്നാൽ പാപസങ്കീർത്തനമെന്ന ക്ലേശത്തിൽ പ്രത്യേകിച്ചും പരമാർത്ഥ മാകുന്നു. നമ്മുടെ പരിശുദ്ധ കർത്താവു് കുഷ്ഠരോഗികളെ സൗഖ്യമാക്കിയതുപോലെ പുരോഹിതൻ പാപമാകുന്ന കുഷ്ഠ രോഗത്തെ സുഖപ്പെടുത്തുകയും തന്റെ ആ സാതിക പ്രവൃ ത്തിയാൽ ഐശ്വര്യപ്രാപ്തനാവുകയും ചെയ്യുന്നു. അദ്ദേഹ ത്തിന്റെ അധികാര വചനത്താൽ, ആത്മാവിനെ ബന്ധി ച്ചിരിക്കുന്ന ആ പാപച്ചങ്ങല തൽക്ഷണം നിലംപതിക്കു ന്നു. സാഷ്ടാംഗം വീണുകിടക്കുന്ന സാധുപാപി പിശാചി ന്റെ അടിമത്തത്തിൽ നിന്നു നിശ്ശേഷം വിമുക്തനായും ദൈ വത്തിന്റെ ഒരു സ്വതന്ത്രപുത്രനായും എഴുന്നേല്ക്കുന്നു. ഇതു പോലെയൊരത്ഭുതം ഉണ്ടായിട്ടുണ്ടോ? ഇതിന്റെ പ്രവർത്തക ന് പ്രതിഫലം ലഭിക്കാതിരിക്കുമോ?

ഇവയെല്ലാം തന്റെ പ്രതിദിന മുമതലകളിൽ പുരോ ഹിതനു ലഭിക്കുന്ന ഏതാനും സാഹായങ്ങൾ മാത്രമാണു. മറ്റുള്ളവ, അയാളുടെ സ്വകായ പ്രാർത്ഥനാരാധനകൾ, വി ശുദ്ധ കുർബാനയുടെ സന്നിധിയിൽ ചെയ്യുന്ന സന്ദർശന ങ്ങൾ, പരിശുദ്ധ കന്യകമറിയത്തിന്റെ നേർക്കുള്ള ഭക്തി, മാതാവിന്റെ പ്രത്യേക സംരക്ഷണം എന്നീ കാര്യങ്ങളിലു ള്ള താകുന്നു. ഇവയെല്ലാം തന്റെ വിശുദ്ധ ജോലിയിൽ അ ദ്ദേഹത്തെ സഹായിക്കുന്നു.

ആകയാൽ, ദൈവശുശ്രൂഷയ്ക്കായി നിന്നെത്തന്നെ ബ ലികഴിക്കുന്നതിൽ നിന്റെ മനസ്സു് അനുകൂലിക്കുന്നതായി

നിനക്കു തോന്നുന്നുവെങ്കിൽ, നിന്നെ അതിൽനിന്നു പിൻതിരിപ്പിക്കുവാൻ യാതൊരു വ്യർത്ഥഭീതിയ്ക്കും ഇടംകൊടുക്കരുതു്. നിന്റെ കടമ നിർവഹിക്കുവാൻ നീ നിശ്ചയിക്കുമാത്രം ചെയ്യുന്നുവെങ്കിൽ നിനക്കു ചിന്തിപ്പാൻപോലും കഴിയാത്തവിധം ആശ്ചര്യകരമായ പന്ഥാവിലൂടെ ദൈവം നിന്നെ വഹിച്ചുകൊണ്ടുപോയ്ക്കൊള്ളും.

"എന്റെ അനുഗ്രഹം നിനക്കു ധാരാളം മതിയായിരിക്കുന്നു." (2. *Cor.* 12. 9.)

"ഇതാ ഞാൻ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെ ഉണ്ടു്." (വി. മത്തായി അദ്ധ്യായം 28. വാക്യം 20.)



അദ്ധ്യായം ൫.

പൗരോഹിത്യത്തിനു യോഗ്യനായ ഒരു സ്ഥാനാർത്ഥിയുടെ അടയാളങ്ങൾ.

ഇപ്പോൾ നാം ഒരു പ്രശ്നഘട്ടത്തിൽ എത്തിയിരിക്കുന്നു. വൈദികരാകുവാനാശിക്കുന്ന ആ ബാലന്മാരിൽ ഒരുവൻ നീയുമാണോ എന്നറിവാൻ നിനക്കെങ്ങനെ കഴിയും? വൈദിക വിദ്യാലയത്തിനും ബലിപീഠ ശുശ്രൂഷയ്ക്കും നീ ഒരു ഉചിത സ്ഥാനാർത്ഥിയായി തീരുമെന്നു പറവാൻ നിന്നെ സഹായിക്കുന്ന ഏതെങ്കിലും അടയാളങ്ങളുണ്ടോ?

തദ്വിഷയകമായുള്ള തിരുസ്സഭയുടെ ഉപദേശം വളരെ ലളിതവും പ്രസ്പഷ്ടവും ആണ്. താഴെ കാണുന്ന സൂചനകളെ നീ ശ്രദ്ധാപൂർവ്വം വായിക്കുമെങ്കിൽ, നിന്റെ കുമ്പസ്സാരക്കാരന്റെ സഹായത്തോടുകൂടി, ഒരു നിശ്ചിതമായ തീരുമാനത്തിൽ എത്തിച്ചേരുവാൻ നിനക്കു കഴിയും.

മൂന്നു കാര്യങ്ങൾ ആവശ്യമുണ്ട്.

1. *വേണ്ടത്ര ബുദ്ധിസാമർത്ഥ്യം.*
2. *ഒരു നല്ല നിയോഗം.*
3. *ഭക്തിപരമായ ജീവിതം.*

ഈ മൂന്നു വ്യവസ്ഥകളും കൃത്യമായി എന്തിനെ സൂചിപ്പിക്കുന്നു എന്നു നമുക്കു നോക്കാം.

ബുദ്ധിസാമർത്ഥ്യം.

1. ഒരു കുട്ടി അസാധാരണ വൈഭവമുള്ളവനോ അവന്റെ ക്ലാസ്സിൽ പ്രാമാണികനോ ആയിരിക്കണമെന്നു ഇതുകൊണ്ടർത്ഥമാകുന്നില്ല; പൗരോഹിത്യത്തിന്റെ സ്ഥാനമഹിമയ്ക്കു് നിശ്ചയമായും യാതൊരു സാമർത്ഥ്യവും അധികമായി പോകുന്നതല്ല. ഒരുത്തന്റെ സ്വാഭാവികശക്തികളെ പ്രയോഗിക്കുന്നതിനു് സർവ്വശക്തനായ ദൈവത്തിന്റെ മഹിമയ്ക്കായി അവയെ അങ്ങേ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നതിനേക്കാൾ അധികം മനോഹരവും വിശിഷ്ടവും ആയ യാതൊരു മാർഗ്ഗവുമില്ല. എന്നാൽ ഒരു കുട്ടി വലിയ പ്രാപ്തികളാൽ അനുഗ്രഹീതനല്ലെന്നിരുന്നാൽപോലും വളരെ നല്ല ഒരു വൈദികനായി തീരുന്നതിനും നമ്മുടെ പരിശുദ്ധ കർത്താവിനുവേണ്ടി വലിയ കായ്ങ്ങൾ പ്രവർത്തിക്കുന്നതിനും അവനു കഴിയും. സാമാന്യ നിലയിലുള്ള ബുദ്ധിസാമർത്ഥ്യം ധാരാളം മതിയായിരിക്കുന്നു. പൊതുവെ പറകയാണെങ്കിൽ, ഓരോ കൊല്ലവും തന്റെ ക്ലാസിൽ പ്രശസ്തമാംവണ്ണം വിജയംനേടിപോന്നിട്ടുള്ള ഒരാൾക്കു് തദ്വിഷയകമായി യാതൊരു ഭീതിയ്ക്കും അവകാശമില്ല. ആകയാൽ നീ ഏതെങ്കിലും ശാരീരികവൈരൂപ്യമില്ലാത്തവനും, നിന്റെ അദ്ധ്യാപകന്മാരുടെ സംതൃപ്തിയ്ക്കു പാത്രവാനാകത്തക്കവണ്ണം നിന്റെ സാമാന്യ വിദ്യാലയവൃത്തിയെ ഭംഗിയായി നിർവ്വഹിക്കുവാൻ നിപുണതയുണ്ടായിരുന്നവനും ആകുന്നുവെങ്കിൽ, വൈദികവിദ്യാഭ്യസനത്തിനു ആവശ്യമുള്ള ബുദ്ധിസാമർത്ഥ്യം നിനക്കുണ്ടായിരിക്കുന്നു.

ഒരു കുട്ടി, അവൻ ആശിക്കുന്ന വിധം, അവന്റെ പഠനത്തിൽ അതു സമർത്ഥനായിരുന്നില്ലെങ്കിൽ തന്നെയും, ഈ സാമർത്ഥ്യക്കുറവു്, അവനെ അധൈര്യപ്പെടുത്തുന്നതിനു് ഒരു കാരണമായിരിപ്പാൻ പാടില്ല. സാമാന്യ വിദ്യാലയങ്ങളിലെ അഭ്യസനവേളയിൽ വളരെ അദ്ധ്വാനങ്ങളും വിഷമതകളും അനുഭവിച്ചിട്ടുള്ളതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അനേകംപേർ സുപ്രസിദ്ധ യോഗ്യന്മാരായ വൈദികരായിത്തീർന്നിട്ടുണ്ടു്. സ്ഥിരോത്സാഹവും വിഘ്നങ്ങളെവിഗണിച്ചുള്ള സ്ഥിരപ്രയത്നവും ഒരുവനെ ഒരു യോഗഭാഗ്യത്തിനു പാത്രവാനാക്കിച്ചെയ്യുമെന്നുള്ളതിനു സംശയമില്ല. ദൈവത്തെ ശ്രുശ്രൂഷിപ്പാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്ന ഒരു കുട്ടിയ്ക്കു് അങ്ങയുടെ സാഹായ്യദുർഭിക്ഷം ഒരിക്കലും ഉണ്ടാവില്ല. അപ്രകാരമുള്ള ഒരു കുട്ടി തരണംചെയ്യേണ്ടിയിരിക്കുന്ന അധിക പരിശ്രമം അവനു് മനഃസ്ഥിരതയേയും വ്യുല്പത്തിയേയും പ്രദാനം ചെയ്യുകയും അവനെ സ്വപ്രകാരേണ ഒരുൽകൃഷ്ട പുരുഷനാക്കിത്തീർക്കുകയും ചെയ്യുന്നു.

ഒരു നല്ല നിയോഗം.

2. ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനായിട്ടു് — മറ്റു യാതൊരു കാര്യസാദ്ധ്യത്തിനും വേണ്ടിയല്ലാതെ — ഒരു വൈദികനാകുവാൻ നീ ആഗ്രഹിക്കുന്നു എന്നാണു് ഇതുകൊണ്ടു് അർത്ഥമായിരിക്കുന്നതു്. അതായതു്, നമ്മുടെ ദിവ്യരക്ഷകൻ അത്യധികമായി അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും നീ ആശിക്കുന്നു; നിന്റെ സ്വന്തം ആത്മാവിനെ രക്ഷിക്കുന്നതിനും അതേസമയത്തുതന്നെ ഇതരന്മാരുടെ ആത്മര



പുനരുത്ഥാനാനന്തരം.

"എല്ലാ വേദാഗമങ്ങളിലും തന്നെക്കുറിച്ചുള്ള കാര്യങ്ങളെ അവർ അവരോട് വിസ്തരിച്ചു പറഞ്ഞു." (ഖി. ലൂക്കാ അ. ൨൪. വാ. ൨൭.)

ക്ഷയ്ക്കു അവരെ സഹായിക്കുന്നതിനും നീ ആഗ്രഹിക്കുന്നു.

ഈ വ്യവസ്ഥ മനസ്സിലാക്കുന്നതിന് ഇനി അത്ര പ്രയാസമില്ല. താൻ ഒരു വൈദികനാകുന്നതിന് തന്റെ മാതാപിതാക്കന്മാരോ ബന്ധുക്കളോ ആഗ്രഹിക്കുന്നു എന്നകാരണംകൊണ്ടോ അല്ലെങ്കിൽ ജനങ്ങൾതന്നെ കൂടുതലായി ബഹുമാനിക്കുമെന്നുള്ള — അഹംഭാവത്തിലോ അമ്മാതിരി മറവു മെയ്ഡ്യൂദ്ദേശത്തിലോ നിന്നുളവായ — ചിന്തകൊണ്ടോ മാത്രം ഒരു കുട്ടിയും വൈദികപഠനത്തിനു ഒരുമ്പെടുന്നതല്ല. ദൈവത്തിന്റെ നേർക്കുള്ള സ്നേഹം, നിന്റെ സ്വന്തം ആത്മരക്ഷ സുരക്ഷിതമാക്കുക, അതേ സ്വപ്രധാനമായ ജോലിയിൽ ഇതരന്മാരെ സഹായിക്കുന്നതിനുള്ള ഉദാരതമമായ ആഗ്രഹം — ഇവയിലൊന്നെങ്കിലുമുണ്ടായിരുന്നാൽ നിനക്ക് ഒരു നല്ല നിയോഗമുണ്ടായിരിക്കുന്നു.

നല്ല കത്തോലിക്കു മാതാപിതാക്കന്മാർ, തങ്ങളുടെ മക്കളിലൊരുത്തൻ വൈദികപദവിയിലൂടെ ദൈവത്തെ ശുശ്രൂഷിക്കുവാൻ ആകാംക്ഷിക്കുന്നതായി കാണുമ്പോൾ, അവർ സംശയമെന്യേ ആഹ്ലാദം പ്രദർശിപ്പിക്കുന്നു. ആ യുവ വൈദികസ്ഥാനാർത്ഥി അവരുടെ പ്രാർത്ഥനകളാലും മംഗളാശംസകളാലും പ്രോത്സാഹിപ്പിക്കപ്പെടുന്നു. എന്നാൽ അവരെ സന്തോഷിപ്പിക്കുകയല്ലാ, ദൈവത്തെ പ്രീതിപ്പെടുത്തുകയാണ് വൈദിക വിദ്യാലയത്തിൽ പോകുന്നതിലുള്ള അയാളുടെ ഉദ്ദേശ്യം. അവർ യാതൊരു പ്രോത്സാഹനവും നൽകിയില്ലെങ്കിലും, അഥവാ, അവന്റെ തിരിഞ്ഞെടുപ്പിൽ അതൃപ്തി കാണിക്കാൻ അവർ അത്ര ബുദ്ധിഹീനരായിരുന്ന

ൽപോലും അവൻ വീണ്ടും ആശാവശംവദനായിത്തന്നെ ഇരിക്കും.

ഭക്തിപരമായ ജീവിതം.

3. നമ്മുടെ ദിവ്യരക്ഷകനെയും അങ്ങേ പരിശുദ്ധമാതാവിനെയും കുറിച്ചുള്ള ഒരു സ്നേഹവും, വിശുദ്ധ കർബ്ബാനയുടെ നേർക്കു് (അതായതു് അങ്ങേ കാരുണ്യാൽഭ്രതമായ ദിവ്യകൂദാശയിലെ ഈശോയുടെ നേർക്കു്) ഉള്ള ഒരു സജീവ ഭക്തിയും, പാപത്തോടുള്ള പരമാർത്ഥമായ വെറുപ്പും, ദൈവത്തെ കൈവെടിയുന്നതിനേക്കാൾ മരണത്തെ സ്വയം വരിക്കുന്നതിനുള്ള സന്നദ്ധതയും ആ യുവവൈദികസ്ഥാനാർത്ഥിയ്ക്കു് ഉണ്ടായിരിക്കണമെന്നാണു് ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്. ഒരു കുട്ടിയാതൊരു പാപവും ഒരിക്കലും ചെയ്തിട്ടുണ്ടായിരിക്കരുതെന്നു് ഇതിൽനിന്നർത്ഥമാകുന്നുണ്ടോ? ഇല്ല. ക്രിസ്തുവിന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നതിനു് ജ്ഞാനസ്നാനത്താൽ ഉളവായ പാപരാഹിത്യം നിശ്ചയമായും ഒരു വിലതീരാത്ത മാണിക്യമാകുന്നു. എന്നാൽ ഒരു കുട്ടി മുമ്പു് പാപങ്ങൾ ചെയ്തിട്ടുണ്ടായിരിക്കാമെങ്കിലും ഇപ്പോൾ അവനു് യഥാർത്ഥമായ ദൈവഭക്തിയുണ്ടു്. എങ്ങിനെ? അവൻ അവയെപ്പറ്റി ഇതുവരെ നിഷ്കളങ്കമായ ദുഃഖം സ്വയം പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിൽ, ഈ പശ്ചാത്താപത്തിന്റെ ലക്ഷണങ്ങൾ കൂദാശകളുടെ നിരന്തരമായ സ്വീകരണവും—അവൻ മുമ്പു ശീലിച്ചിരുന്ന ഏതെങ്കിലും ദുഃസ്വഭാവത്തിന്മേലുള്ള വിജയംനേടലും—ജീവിതത്തിലെ സാമാന്യമായ ഭക്തിതീഷ്ണതയും ആകുന്നു. അപ്രകാരമുള്ള ഒരു കുട്ടിക്കു വേണ്ടത്ര ദൈവഭക്തിയുണ്ടെന്നു് നിസ്സംശയം പറയാം. മു

മ്പോട്ട പോകുവാൻ അവൻ ഭയപ്പെടേണ്ടതില്ല. ദൈവവര പ്രസാദവും അവന്റെ സ്വന്ത സന്മനസ്സും അനേകനാള ത്തെ മുന്നൊരുക്കങ്ങളും അവന്റെ ആത്മാവിന് അധികമ ധികം മഹത്തരമായ ശക്തിയെ പ്രദാനം ചെയ്യും.

അവന് പ്രാർത്ഥന സുകരമായി തോന്നുന്നുവെന്നൊ അല്ലെങ്കിൽ പ്രാത്ഥനാവേളയിൽ ദൈവം അവന് പ്രത്യേ കമായ ധൈര്യത്തെ പ്രദാനംചെയ്യുന്നുവെന്നോ, അഥവാ ഏതെങ്കിലും തരത്തിലുള്ള പരീക്ഷകൾ അവനെ ഒരിക്കലും എതിരിടുന്നില്ലെന്നോ യഥാത്ഥമായ ദൈവഭക്തിയെന്നതി ൽനിന്ന് അത്മാക്കുന്നില്ല. നേരെ മറിച്ച്, പ്രാത്ഥന അ വന്ന് ശ്രമസാദ്ധ്യമായിപ്പോലും തോന്നാവുന്നതും അന്യചി ന്തകളാൽ പീഡിപ്പിക്കപ്പെടാവുന്നതും എന്നല്ല ഇമ്മാതിരി മ റനേകം വിഷമങ്ങൾ അവനു പൊരുതുവാൻ ഉണ്ടാകാവു ന്നതുമാണ്. എന്നാൽ തന്നെയും, അവന്റെ ആത്മാവി നെ സംസ്കരിക്കണമെന്നുള്ള സുസ്ഥിരമായ ഉദ്ദേശ്യം അവനു ണ്ടായിരിക്കയും അതു സാധിക്കുന്നതിനുള്ള മാർഗ്ഗം അവൻ തേടുകയും ചെയ്യുന്നെങ്കിൽ യഥാത്ഥമായ ദൈവഭക്തി അവ നുണ്ടെന്നു പറയാം. ഭൂതവത്തമാനകാലങ്ങളെപ്പറ്റി ഇത്ര യും മതി.

ഇനി ഭാവിയെപ്പറ്റിയാണ്. അതിനായി ദൈവത്തെ ശരണംപ്രാപിക്ക. വിശ്വാസ്യഹൃദയത്തിനു് അങ്ങു് നിന്നെ ധാരാളമായി സഹായിക്കും. നിനക്കു കാണിച്ചുതരുന്ന മാ ർഗ്ഗത്തിലൂടെ കഴിയുന്നതു ഭംഗിയാംവണ്ണം ഇവയെ പ്രയോ ഗിക്കുവാൻ നീ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. അതു ധാ രാളം മതി.

ഇനി, നിന്റെ കുമ്പസ്സാരക്കാരനോട് നിന്റെ ആ ഗ്രഹത്തെപ്പറ്റി സംസാരിപ്പാൻ നീ ലേശവും ലജ്ജിക്കരുതു്. ഒരു യഥാർത്ഥ സ്നേഹിതനെയും, നിന്റെ കായ്ങ്ങൾ സശ്രദ്ധം ശ്രവിക്കുന്ന ഒരു സഹാനുഭാവനെയും നീ അദ്ദേഹത്തിൽ സദാ കണ്ടെത്തും. അദ്ദേഹം നിന്റെ ഔദ്യോഗികമായ ഉപദേഷ്ടാവാണു്. അദ്ദേഹത്തിന്റെ ഉപദേശങ്ങളെ പിഞ്ചെല്ലുന്നതിൽ നിനക്കു യാതൊന്നും ഭയപ്പെടേണ്ടതില്ല. എന്നാൽ പൗരോഹിത്യത്തെപ്പറ്റി നീ ചിന്തിക്കുന്നവെങ്കിൽ നീതന്നെ ആ വിഷയത്തെക്കുറിച്ചു് ആദ്യമായി സംസാരിച്ചുതുടങ്ങണം.

ഉപദേശം ചോദിക്കേണ്ട വിധം.

വൈദികനോടു് ഇതേപ്പറ്റി സംസാരിച്ചുതുടങ്ങേണ്ടതെങ്ങിനെയെന്നു കുട്ടികൾക്കു ശരിയായി അറിഞ്ഞുകൂടെന്നു ചിലപ്പോൾ വന്നേയ്ക്കാം. അവരുടെ ഉദ്ദേശ്യം തുറന്നു പറവാൻ അവർ ആഗ്രഹിക്കുന്നുണ്ടെങ്കിലും മറ്റനേകം കായ്ങ്ങളിലെന്നപോലെ ഇതിലും അവർ "ആരംഭിക്കുന്നതിനു പ്രയാസ"പ്പെടുന്നു. അവധിവച്ച കാലദൈർഘ്യം വരുത്തരുതു്. ഒരിക്കൽ കുമ്പസ്സാരത്തിനുശേഷം നീ അദ്ദേഹത്തോടു ചോദിക്കുക. ഒരു ചെറിയ വാചകം മതിയാകും.—"അച്ചാ, ഒരു വൈദികനായി തീരുവാൻ ഞാനാഗ്രഹിക്കുന്നു. എനിക്കു വേണ്ട ഉപദേശം തരുവാൻ അങ്ങയ്ക്കു ദയവുണ്ടാകുമൊ?"—ഇങ്ങനെയൊ മറ്റുവിധത്തിലോ ആരംഭിക്കാം. നി

നക്കുവേണ്ടി ശേഷം കാര്യങ്ങൾ അദ്ദേഹം ചെയ്തുകൊള്ളും. ഇതോടെ നിന്റെ ക്ലേശം അവസാനിച്ചു; നിന്റെ അമൂല്യമായ ആ ചെറുരഹസ്യം നിർഭയഹസ്തങ്ങളിൽ സമർപ്പിക്കപ്പെട്ടുമിരിക്കുന്നു.

നിന്നെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. (വി. ലൂക്കാ അദ്ധ്യായം 10, വാക്യം 16.)



അദ്ധ്യായം ൯.

സ്വദേശത്തു വൈദികന്റെ ആവശ്യകത.

നിന്റെ സ്വന്തം ശുപതയിൽ.

എല്ലായിടങ്ങളിലും ഉത്തമ വൈദികൻ ആവശ്യമായിരിക്കുന്നു. അവരുടെ യോഗാഭ്യസങ്ങൾ എവിടെ ആയിരുന്നാലും തരക്കേടില്ല. അവർക്കു വേണ്ടുവോളം ജോലിയുണ്ടു്. ഓരോ രാജ്യത്തും, ഓരോ വ്യവസ്ഥയിലും, ഓരോ ദേശാവസ്ഥയിലും നിന്റെ ശുപതയിൽ തന്നെയും — മതശുശ്രൂഷ്ണന്തിയ്ക്കു് ഇടമുണ്ടു്. പരിശുദ്ധബലിയാലും യേശുക്രിസ്തുവിന്റെ ദിവ്യസാന്നിദ്ധ്യത്താലും പരിപാവനമാക്കപ്പെടാൻ പാടില്ലാത്ത ഒരു സ്ഥലവുമില്ല; അങ്ങെ സംരക്ഷണവരപ്രസാദം ആവശ്യമില്ലാത്ത ഒരു മനുഷ്യനില്ല. ലോകത്തിൽ ജനങ്ങൾ ഉള്ള കാലത്തോളം സ്വദേശത്തും പരദേശത്തും മാനസാന്തരീകരണത്തിനു പാപികളും, വിശുദ്ധീകരണത്തിനു പുണ്യാത്മക്കളും ഉണ്ടായിരിക്കും. നഗരങ്ങളിലും ഉൾനാടുകളിലും, മുഴവനുമോ ഇല്ലെങ്കിൽ മിക്കവാറുമോ കത്തോലിക്കരായിട്ടുള്ള സമുദായങ്ങളിലും, സമ്മിശ്ര സമുദായങ്ങളിലും, അതി ഭക്ത സമുദായങ്ങളിലും, വലിയ ഇടവകകളിലും ചെറിയവയിലും — ഒരേ പ്രവൃത്തി നടത്തണം, ഒരേ യജമാനനെ സേവിക്കണം, ഒരേ ന്യൂനമടങ്ങു പ്രതിഫലം അർഹിക്കുന്നു. ക്രീസ്തു എല്ലായിടത്തും എല്ലാവരാലും സ്നേഹിക്കപ്പെടുവാൻ നാം സംഗതിയാക്കണം. ഇനിയും മറ്റുള്ളവയെ അപേക്ഷിച്ചു ചില സ്ഥലങ്ങൾ വൈദികരെ അധികം ആവശ്യപ്പെടുന്നു എന്നു പറയുന്നതു വാസ്തു

വംതന്നെ. ഇവയെ "The Missions" എന്നു സാധാരണമായി പറഞ്ഞുവരുന്നു. "സ്വദേശീയമിഷ്യൻ" എന്നും "വിദേശീയമിഷ്യൻ" എന്നും അവ രണ്ടുതരത്തിലുണ്ട്.

സ്വദേശീയ മിഷ്യൻ

നമ്മുടെ രാജ്യത്തുതന്നെ പലടിക്കിലും വൈദികരെ വളരെ അധികമായി ആവശ്യപ്പെടുന്ന അനേകം സ്ഥലങ്ങൾ ഉണ്ട്. ഈ സംസ്ഥാനങ്ങളിൽ, (അവയിലധികവും വളരെ വീസ്തീർണ്ണമുള്ളവയാണ്.) കത്തോലിക്കരുടെ ജനസംഖ്യ കുറവും ചിന്നഭിന്നമായി കിടക്കയുമാണ്. ദേവാലയങ്ങൾ ചുരുക്കവും, ഉള്ളവ വളരെ അകലത്തിലുമാണ്. അവിടെ ചെയ്യേണ്ടിയിരിക്കുന്ന ജോലി പ്രയാസമേറിയതെന്നു പറയാതെ തരമില്ല. ഇനിയും അനേകം വൈദികരെ ആവശ്യമുണ്ട്. മതവിശ്വാസമുള്ളേടത്തു് അതിനെ അതേനിലയിൽ സംരക്ഷിച്ചുകൊണ്ടുപോകുന്നതിനും, ഇല്ലാത്തിടത്തു് അതു സ്ഥാപിക്കുന്നതിനും, മാഗ്മമധ്യേ വീണുപോയിട്ടുള്ളവരെ വീണ്ടെടുക്കുന്നതിനും ആയി ഈ പ്രദേശങ്ങളിൽ, ധീരോദാത്തരായ പുരോഹിതന്മാരും കന്യാസ്ത്രീകളും തങ്ങളെത്തന്നെ ബലികഴിച്ചും ബലികഴിക്കപ്പെട്ടും ദൈനംദിനം അത്യദ്ധ്വാനം ചെയ്യുന്നു.

പൗരോഹിത്യത്തിലേയ്ക്കു് ആകർഷിക്കപ്പെട്ടിരിക്കുന്നതായി തോന്നുകയും തന്റെ സഹായം എത്താണ്ടു ഫലപ്രദമാക്കുവാൻ കഴിയുന്ന "സ്വദേശീയമിഷ്യൻ" സംഘങ്ങളിലൊന്നിൽ ചേന്നു തന്റെ ജീവിതത്തെ ബലികഴിപ്പാൻ പൂർണ്ണമനസ്സാകയും ചെയ്യുന്ന ഒരു കുട്ടി ദൈവത്തിനും ആത്മാവുക

ക്കും അധികം ഉപകരിക്കുന്നതും ഉൽകൃഷ്ടവുമായ ഒരു ജോലിയായിരിക്കും നിർവ്വഹിക്കുന്നത്.

വൈദികരെ വളരെ അധികമായി ആവശ്യപ്പെടുന്ന ഇതര മഹാ വിശാലപ്രദേശം "വിദേശിയ മിഷ്യൻ" സംഘങ്ങളാകുന്നു. ഇവയെപ്പറ്റി അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കാം.

"ആകയാൽ ജനങ്ങൾ എല്ലായിടത്തും പ്രാർത്ഥിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു." (തിമോത്തിക്കുള്ള വി. പൗലോസിന്റെ ലേഖനം. അദ്ധ്യായം 2, വാക്യം 8.)



അദ്ധ്യായം ൧൦.

പൗരോഹിത്യവും അജ്ഞാനലോകവും.

പുരോഹിതനേയും പുരോഹിതന്റെ ഉദ്യോഗത്തെയും പറ്റി ഇപ്പോൾ വായിച്ചതിൽ നിന്നും അദ്ദേഹം ഭൂമിയിൽ ക്രിസ്തുവിന്റെ സ്ഥാനമാണ് എടുത്തിരിക്കുന്നതെന്നു നിനക്കു മനസ്സിലാക്കാൻ കഴിയും. അദ്ദേഹത്തിന്റെ മുഖ്യ ജീവിതോദ്ദേശം ക്രിസ്തു തന്നതാൻ ആരംഭിച്ച ജോലിയെ മുഴമിപ്പിക്കുന്നതിനു തന്നാൽ കഴിവതു സഹായിക്കുകയാകുന്നു. ക്രിസ്തുവിന്റെ ഇഷ്ടത്തെ പരിപാലിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രവൃത്തി. എല്ലാ ജാതികളോടും എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുന്നതിനാണ് കത്തോലിക്കാ പൗരോഹിത്യം ക്രിസ്തുവിനാൽ സംസ്ഥാപിക്കപ്പെട്ടതു്. ലോകാന്ത്യംവരെ നിലനില്ക്കുന്ന മനുഷ്യജാതിയുടെ ഓരോ വ്യക്തിക്കും വേണ്ടി നമ്മുടെ ദിവ്യ കർത്താവു് സ്വയപരിത്യാഗശീലത്തോടെ അങ്ങേ വിലയേറിയ രക്തം ധാരാളമായി ചിന്തിയെന്നപോലെ തന്നെ, ക്രൈസ്തവരായി തീരുന്നതിനു് സർവ മനുഷ്യർക്കും ഒരു അവസരം ലഭിപ്പാൻ വേണ്ടി അങ്ങേ അപ്പോസ്തലന്മാരും അവരുടെ വൈദിക പിൻഗാമികളും ലോകത്തിന്റെ സർവഭാഗങ്ങളിലും പോയി മതപ്രചരണം നടത്തേണമെന്നുള്ളതു് അങ്ങയുടെ സുവ്യക്തസുചിന്തിതമായ ആഗ്രഹമായിരുന്നു.

പുരോഹിതന്മാർക്കുള്ള
ക്രിസ്തുവിന്റെ അധികാരപത്രം.

അപ്പോസ്തലന്മാർ ഗുരുപ്പട്ടവും പാപമോചനാധികാരവും സ്വീകരിച്ചപ്പോൾ അവർക്കു യേശുക്രിസ്തുവിൽ നിന്നും അവരുടെ അധികാരപത്രം ലഭിച്ചു. അതു് മരിച്ചവരിൽനിന്നുള്ള അങ്ങേ പുനരുത്ഥാനത്തിനു ശേഷവും സ്വർഗ്ഗാരോഹണത്തിനു മുമ്പും ആയി അങ്ങു് അവർക്കു നൽകിയ അന്ത്യോപദേശമാണെന്നുള്ളതു് ഒരു യഥാർത്ഥമായ വസ്തുതയാകുന്നു. അവരുടെ പ്രവൃത്തിയുടെ വിപുലതയെപ്പറ്റി അങ്ങു് അവരോടു അരുൾ ചെയ്തപ്പോൾ യേശു ഉപയോഗിച്ച അതേ വാക്കുതന്നെ വിശുദ്ധ മത്തായി നമുക്കുവേണ്ടി ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. അവ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ അവസാനമായി കാണുന്ന രണ്ടു വാക്യങ്ങളാകുന്നു:

"ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിപ്പിൻ; പിതാവിന്റെയും സുതന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തി: ഞാൻ നിങ്ങളോടു കല്പിച്ചവ എല്ലാം കാത്തുകൊൾവാൻ അവരെ പഠിപ്പിച്ചുകൊൾവിൻ. ഇതാ ഞാൻ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെ ഉണ്ടു." (വി. മത്തായി അദ്ധ്യായം ൨൮. വാക്യം ൧൯-൨൦.) വീണ്ടും അരുൾ ചെയ്തതായതു്: *"നിങ്ങൾ ലോകത്തിൽ എങ്ങുംപോയി, സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ."* (വി. മർക്കോസ് അദ്ധ്യായം ൧൬. വാക്യം ൧൫.)

അവസാനമായി ലോകത്തെ വിട്ടുപിരിയുന്നതിനു മുമ്പ് അഞ്ചു് ഒലിവിൽ അരുളിച്ചെയ്തവയുടെ കൂട്ടത്തിൽ നമ്മുടെ പരിശുദ്ധ കർത്താവിന്റെ ഈ വചനങ്ങൾ വ്യാഖ്യാനം ആവശ്യമില്ലാത്തവണ്ണം അതു വിശദമാകുന്നു. ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചു. ആ സഭയുടെ പ്രവൃത്തി ലോകത്തെ പഠിപ്പിക്കയാകുന്നു. ലോകത്തിലുള്ള ഒരു ദേശക്കാരെയും അതിൽനിന്നു് ഒഴിവാക്കാൻ പാടില്ല. ഒരു ജാതിയേയും, അവർ എത്രതന്നെ അകലെയായിരുന്നാലും ഉദ്ധാരണത്തിന്റെ സദ്ഫലങ്ങളെ ആസ്വദിക്കുന്നതിൽ നിന്നു് അകറ്റി നിറുത്തുവാൻ പാടില്ല. വെള്ളയോ—കറുപ്പോ—മഞ്ഞയോ—ചുവപ്പോ — ഏതു നിറത്തിലുള്ളവരായിരുന്നാലും എല്ലാവർക്കും അവരുടെ ആത്മരക്ഷയ്ക്കു സൗകര്യം നൽകണം. ഈ പരോപകാരശീല മഹാപദ്ധതിയുടെ പ്രധാന ഉപകരണങ്ങൾ ആയിരിക്കേണ്ടതു ആരാണു്? പുരോഹിതന്മാർ.

അപ്പോസ്തലന്മാർ അങ്ങേ ഉപദേശങ്ങളെ വഴിയാംവണ്ണം അനുഗമിച്ചു.

അപ്പോസ്തലന്മാർ ഈ ആജ്ഞയെ എപ്രകാരം അനുസരിച്ചു? അവർ അതിനെ അക്ഷരംപ്രതി അനുസരിച്ചു. അവർ സംശയമെന്യെ, തങ്ങളുടെ സ്വന്ത രാജ്യത്തു സുവിശേഷം പ്രസംഗിച്ചു എന്നപോലെ ഇതര ദേശങ്ങളിലും പോയി മതപ്രചാരക വേല നടത്തി. ഭാരതത്തിലും ഏഷ്യാമൈനറിന്റെ വിവിധഭാഗങ്ങളിലും യൂറോപ്പിൽ കൂടെയും, അപ്പോസ്തലന്മാർ പ്രതിഫലത്തിനായി വിളിക്കപ്പെട്ടന്നതിനു മുമ്പുതന്നെ, ക്രൈസ്തവമതം സുജ്ഞാതമായി തീർന്നി

രുന്നു. ക്രിസ്തുമതത്തിന്റെ അനുഗ്രഹങ്ങൾ തന്റെ സ്വന്തം ജനങ്ങൾക്കു മാത്രം വേണ്ടിയുള്ളതല്ലെന്നും; ദൈവം ജനങ്ങളുടെ ആരാധനകൻ അല്ലെന്നും എന്നാൽ എല്ലാ മനുഷ്യരും യേശുക്രിസ്തു വഴിയായി രക്ഷപ്രാപിക്കേണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നും കാണിപ്പാൻ വിശുദ്ധ പൗലോസിന് ഒരു പ്രത്യേക ദർശനമുണ്ടായി (നടപടികൾ ക്ഷ. ക്ഷ-ക്ഷന്യ.) റോമയിലെ തന്റെ വിശ്വാസികൾക്ക് അവരുടെ വിശ്വാസം "ലോകം മുഴുവൻ പ്രസംഗിക്കപ്പെടുന്നു." Rom. ക. വ) എന്ന് എഴുതി അയപ്പാൻ ആദ്യത്തെ മഹാവിദേശിയ മിഷ്യനറിയായിരുന്ന വിശുദ്ധ പൗലോസിനു കഴിഞ്ഞു. യഹൂദന്മാരും പുറജാതിക്കാരും, പരതന്ത്രരും സ്വതന്ത്രരും, എന്നല്ല എല്ലാ മനുഷ്യരും വിശ്വസിപ്പാനും ജ്ഞാനസ്നാനം സ്വീകരിപ്പാനും ക്ഷണിക്കപ്പെട്ടിരുന്നു.

ലോകത്തിലെ ജനസംഖ്യയുടെ പകുതിയിലധികം ഇനിയും അജ്ഞാനികൾ!

എല്ലാവർക്കും രക്ഷപെടാനുള്ള അവസരം ലഭിക്കണമെന്നുള്ളതു് ക്രിസ്തുവിന്റെ ആഗ്രഹമാണെന്നു അറിഞ്ഞുകൊണ്ടു്—ലോകത്തിലെ എല്ലാത്തരം ജനങ്ങൾക്കും ഈ ഔചിത്യം നൽകപ്പെട്ടിട്ടുണ്ടോ? എന്നു സ്വതവേ നീ ചോദിച്ചേയ്ക്കാം. കഷ്ടം! എല്ലാവർക്കും നൽകപ്പെട്ടിട്ടില്ല. തിരുസ്സഭ ജാതികളുടെ മാനസാന്തര കൃത്യത്തിൽ ഉത്തരോത്തരവും അത്ഭുതകരവും ആയ അഭിവൃദ്ധിയുണ്ടാക്കിയിട്ടുണ്ടെങ്കിലും മനുഷ്യവംശത്തിന്റെ വളരെ വലിയൊരു പങ്കു് ഇനിയും അജ്ഞാനത്തിലും വിഗ്രഹാരാധനയിലും ആണ്ടുകിടക്കുന്നു.

ലോകത്തിലെ ആകമാന ജനസംഖ്യ ഏകദേശം (൧,൭൦൦,൦൦൦,൦൦൦) ഒരുസ്സാരി എഴുപതു കോടിയാണ്. ഇതിൽ (൧,൦൦൦,൦൦൦,൦൦൦) ഒരുസ്സാറു കോടിയിലധികവും അന്യമതസ്ഥരാണ്. ഓരോന്നിലും ഐക്യസംസ്ഥാനത്തിലുള്ളതു ജനസംഖ്യയുള്ള പത്തു വലിയ രാജ്യങ്ങളെന്നു സങ്കല്പിക്കാം. മറുപ്രകാരത്തിൽ പറകയാണെങ്കിൽ, ലോകത്തിൽ ആകെയുള്ള ജനങ്ങളിൽ മിക്കവാറും എട്ടിൽ അഞ്ചു ഭാഗവും ഇനിയും ഇതരമതാവലംബികളാണ്! ബാക്കിയുള്ള എട്ടിൽ മൂന്നു ഭാഗങ്ങളിൽ ഏകദേശം പകുതി മാത്രമേ കത്തോലിക്കരുള്ളു; ശേഷമുള്ളവർ അകത്തോലിക്കരായ വിവിധ ക്രിസ്തീയ വഴ്ചങ്ങളിൽ പെട്ടവരാണ്. ആകയാൽ ഇന്നു ലോകത്തിൽ ആകെ മുപ്പതു കോടിക്കുമേൽ ജനങ്ങൾ മാത്രമേ സത്യതിരുസ്സഭയെ അനുസരിക്കുന്നവരായുള്ളു; അതു് അഖിലലോക ജനസംഖ്യയുടെ അഞ്ചിലൊന്നുപോലും ആകുന്നില്ല! നമ്മുടെ ദിവ്യരക്ഷിതാവു് ആശിച്ച പരമാന്ത്യത്തെ പ്രാപിക്കുന്നതിൽനിന്നു് നാം ഇനിയും എത്രയോ വിദൂരത്തിലായിരിക്കുന്നു!

തീക്ഷ്ണതയുള്ള ഏക വൈദികനുപോലും
അജ്ഞാനലോകത്തിൽ
ചെയ്യാൻ പാടുള്ളതു് എത്രയധികം.

എന്നാലിതു് എന്തുകൊണ്ടു്? പ്രധാനമായി പുരോഹിതന്മാരുടെ ദുർഭിക്ഷമാണു കാരണം. വൈദികർ! അധികം വൈദികർ! എന്നാണു് ഇന്നത്തെ അജ്ഞാനലോകത്തിൽനിന്നുള്ള നിരന്തരമായ രോദനം. ദൈവത്തിനു ചെയ്യു

ന്ന മഹത്വം— അനേകർക്കു നൽകുന്ന ആത്മരക്ഷ— ഈ ശോയുടെ പരിശുദ്ധ ഹൃദയത്തിൽ ഉളവാകുന്ന ഹൃദയ സംതൃപ്തി എന്നിവയാൽ മതതീഷ്ണതയുള്ള ഒരു വൈദികനു് ഈ രാജ്യങ്ങളിലൊന്നിൽ ചെയ്യാൻ കഴിയുന്ന സൽപ്രവൃത്തികളുടെ വിപുലതയെ അളപ്പാൻ ആരാൽ സാധിക്കും!


തിരുസ്സഭയ്ക്ക് ഓരോ ഇരുപത്തിനാലു മണിക്കൂറിലും നഷ്ടപ്പെടുന്ന സംഖ്യകൾ.

എന്നാൽ ഇതുകൊണ്ടു മുഴുവനായില്ല. തങ്ങളുടെ അക്ഷയമായ ആത്മാവുകൾക്ക് രക്ഷനേടുവാനുള്ള യാതൊരുവസരവും ലഭിക്കാതെ, ഓരോ ദിവസവും ഓരോ വർഷവും ആയിരമല്ല അനേകായിരം മനുഷ്യർ അജ്ഞാനികളായി തന്നെ ഇഹലോകവാസം വെടിയുന്നു. ഓരോ ഇരുപത്തിനാലു മണിക്കൂറിലും ൫൭,൦൦൦-വും, ൯൭,൦൦൦-വും അജ്ഞാനികൾ മരിക്കുന്നു! ഇവരിലധികവും ദൈവത്തെപ്പറ്റി കേട്ടിട്ടുപോലും ഇല്ലാ; ക്രിസ്തുമതത്തെപ്പറ്റിയാണെങ്കിൽ അതിലും കഷ്ടമാണ്. ആത്മരക്ഷയ്ക്ക് എന്തു സൗകര്യമാണവർക്കുള്ളതു്? അങ്ങേ വിലതീരാത്ത രക്തം ആക്കായി ചിന്തപ്പെട്ടുവോ ആ പാവപ്പെട്ട ആത്മാവുകൾക്ക് രക്ഷനൽകുവാൻ വേണ്ടി തന്റെ യൗവനത്തെ ബലികഴിപ്പാൻ പൂർണ്ണമനസ്സുള്ള സ്വയപരിത്യാഗശീലിയായ ഒരു കുട്ടിക്കായി യേശുക്രിസ്തു എത്ര അതിയായി ആകാംക്ഷിക്കുന്നു! എന്നുള്ളതു് ഒരത്ഭുതമാണോ? ജനങ്ങളുടെ ആദ്ധ്യാത്മിക സംരക്ഷണത്തിനു് തങ്ങളുടെ ആ

ഗമനത്തെ പ്രതീക്ഷിക്കുന്ന പ്രദേശങ്ങളിൽ വിദേശീയ മിഷ്യനറിവേലയ്ക്ക് അനേകായിരം കൂട്ടികളെ ആവശ്യമായിരിക്കുന്നു. നമ്മുടെ ദിവ്യരക്ഷകൻ തന്നെ അങ്ങേ മുന്തിരിത്തോട്ടത്തിൽ കൂടുതൽ വേലക്കാരെ ആവശ്യപ്പെട്ടപ്പോൾ ഉപയോഗിച്ച അതേ വാക്കുകൾ തന്നെ ഇന്നത്തെ വൈദേശിക മിഷ്യൻ സംഘങ്ങളെപ്പറ്റി നമുക്കു പറയാം:—

"സാക്ഷാൽ വിളവു വളരെ ഉണ്ട്; വേലക്കാരോ ചുരുക്കം. അതുകൊണ്ട് വിളവിന്റെ യജമാനനോട് തന്റെ വിളവിലേക്ക് വേലക്കാരെ അയക്കേണമെന്ന് അപേക്ഷിപ്പിൻ." (വി. ലൂക്കാ. അദ്ധ്യായം ൧൦, വാക്യം ൨.)


"എന്തെന്നാൽ; എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യത്തെ അറിയണമെന്നും ആഗ്രഹിക്കയും എല്ലാവരുടെയും രക്ഷയ്ക്കായി തന്നത്താൻ ബലികഴിക്കയും ചെയ്ത നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ തിരുസന്നിധിയിൽ ഇതു നന്മയും സ്വീകാര്യവും ആകുന്നു." (൧ തിമോത്തിക്കുള്ള വി. പൗലോസിന്റെ ലേഖനം. അദ്ധ്യായം ൨. വാക്യം ൩-൪.)



അദ്ധ്യായം ൧൯.

ഞാൻ ഒരു വിദേശിയ മിഷ്യനറി ആകേണമോ?

ക്രിസ്തുവിന്റെ നാമം ഇനിയും കേൾക്കപ്പെട്ടിട്ടില്ലാത്ത അനേകലക്ഷം ജനങ്ങൾ ഉണ്ടായിരിക്കുന്ന സ്ഥിതിക്ക്, വൈദികപഠനത്തിനു പോകുവാൻ വിചാരിച്ചിരിക്കുന്ന ഒരു കുട്ടി പ്രകൃത്യാ ഇങ്ങനെ സ്വയം ചോദിച്ചേയ്ക്കാം— "ഈ സാധുജനങ്ങൾ നമ്മുടെ ദിവ്യരക്ഷകനെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ഞാൻ അവരെ സഹായിക്കേണ്ടയോ? അങ്ങേ പരിശുദ്ധഹൃദയത്തിനു ഇതിനേക്കാൾ അധികം ഇഷ്ടമുള്ളതായി മറെറന്തെങ്കിലുമുണ്ടായിരിക്കുമോ? ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ആധിക്യം ഹേതുവാൽ മറു പുറ ജാതിക്കാരോടു സുവിശേഷം പ്രസംഗിക്കുന്നതിനായി തങ്ങളുടെ സ്വരാജ്യത്തേയും സ്വഭവനത്തേയും വിട്ടുപേക്ഷിച്ച വി. പൗലോസ്, വി. പറ്റ്രീക്ക്, വി. ബൊനിഫേസ്, വി. കൊളംബൻ, വി. ഫ്റാൻസിസ് സേവ്യർ എന്നിവരുടെയും മറനേകം വിശുദ്ധന്മാരുടെയും സന്മാതൃകയെ ഞാൻ എന്തു കൊണ്ട് അനുകരിക്കേണ്ട? ഇപ്പോൾ ചിലേടങ്ങളിൽ ഇതിനായി എതാനും കുട്ടികൾ അഭ്യസന പ്രാരംഭവേലകൾ നടത്തുന്നുണ്ട്. എനിക്കും അവരിലൊരുത്തനായിക്കൂടയോ? വിദേശിയ മിഷ്യൻ വേലയ്ക്കായി വൈദികപഠനം നടത്തപ്പെടുന്ന ഒരു സെമ്മിനാരിയിൽ ചേർന്നു എനിക്കും അതിനു തയ്യാറാവരുതോ? മറുള്ളവർ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ മുന്നൊരുക്കങ്ങൾ എനിക്കും കഴിവുള്ളതാണ്."



"അപ്പോൾ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും: വരിക, എന്നെ അനുഗമിക്കുക."
(വി. മത്തായി. അ. ൧൯. വാ. ൨൧.)

ക്രിസ്തുവിനുവേണ്ടി എല്ലാം വെടിയുക.

എന്റെ കുഞ്ഞേ, ഏറ്റവും നിശ്ചയമായി നിനക്കു കഴിയും; നിന്നെക്കൂടാതെ ഒരിക്കലും ദൈവത്തെ കാണ്മാൻ കഴിയാത്ത അനേകായിരം ആത്മാവുകളുടെ സുനിശ്ചിതമായ നിത്യരക്ഷയ്ക്കു നിന്റെ ആഗമനം കാരണമാകാതിരിക്കയില്ല. നീ ഗ്രഹിച്ചിട്ടുള്ളതു സ്വീകരിച്ച ശേഷം, ഒരുത്തന്റെ ഭവനകുടുംബങ്ങളെ വിട്ടുപേക്ഷിക്കുന്നതിനേയും, ഒരു അപരിചിതമായ രാജ്യത്തിലേയ്ക്കുള്ള യാത്രയേയും, അപരിചിതരായ ജനങ്ങളോന്നിച്ചു ചെയ്യേണ്ട സഹവാസത്തേയും പറ്റിയുള്ള ചിന്ത—ഇവയെല്ലാം നമ്മുടെ പ്രകൃതത്തെ പരീക്ഷിക്കുന്നതായി കാണപ്പെട്ടുന്നു. എന്നാൽ മറ്റനേകം കായ്ക്കളിലെപ്പോലെ, ആ ചിന്തയും യഥാർത്ഥമായ കായ്സാദ്യത്തേക്കാൾ കട്ടപ്പുമേറിയതാണ്. ദൈവം നമുക്കു നിശ്ചയമായും പ്രതിഫലം തരും. നാം അങ്ങേയ്ക്കുവേണ്ടി ചെയ്യുന്ന യാതൊരു ത്യാഗവും പ്രതിഫലരഹിതമായിപ്പോകയില്ല. ക്രിസ്തുവിനുവേണ്ടി ഒരു മിഷ്യനറിയാകുവാൻ ഒരു വൈദിക വിദ്യാലയത്തിൽ ചേരുന്ന ഒരു കുട്ടിയ്ക്കു്, അവൻ തിരുഹൃദയത്തിനു വിശേഷ പ്രിയമായിരിക്കുന്ന എന്തോ പ്രവൃത്തികളാണു് ചെയ്യുന്നതെന്നും, "ഓരോ സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുക" എന്നുള്ള യേശുക്രിസ്തുവിന്റെ നിയോഗത്തെ അവൻ, അപ്പോസ്തലന്മാരെപ്പോലെ, അക്ഷരംപ്രതി നിർവഹിക്കയാണു ചെയ്യുന്നതെന്നും ഗ്രഹിക്കുന്നതിനുള്ള അതിശ്രേഷ്ഠമായ ഭാഗ്യമുണ്ടായിരിക്കുന്നു.

ഒരു പ്രത്യേക ദൈവവിളി ആവശ്യമാണോ?

ഈ തരുണത്തിൽ നീ എന്നോടു ഇങ്ങനെ ചോദിച്ചേയ്ക്കാം; "വിദേശിയ മിഷ്യൻ വേലയ്ക്കു പോകുന്നതിന് ഒരുവേള ഒരു പ്രത്യേക ദൈവവിളി ആവശ്യമായിരിക്കയില്ലേ? ഏതെങ്കിലും പ്രത്യേക യോഗ്യതകൾ ഉണ്ടോ? വിശുദ്ധ പൗലോസിനോ വിശുദ്ധ പത്രീക്കിനോ ഉണ്ടായിട്ടുള്ളപോലെ ഒരു പ്രത്യേക ദൈവവിളിയോ ദർശനമോ ഒരുത്തനു വേണമെന്നുണ്ടോ?" ഈ ചോദ്യത്തിനു നിഷ്പ്രയാസം ഉത്തരം പറയാം. പ്രത്യേക ദൈവവിളി യാതൊന്നും ആവശ്യമില്ല. വൈദിക സ്ഥാനാർത്ഥിത്വത്തിനു യോഗ്യനായ ഒരു കുട്ടി മിഷ്യനറിവേലയ്ക്കും യോഗ്യൻ തന്നെ. *നമ്മുടെ പരിശുദ്ധ കർത്താവ് അങ്ങേ ഗ്രൂപ്പട്ടത്തിൽ യാതൊരു വ്യത്യസ്തതയും കല്പിച്ചിട്ടില്ല* സർവ്വലോകരുടെയും മാനസാന്തരീകരണത്തിനും ആത്മസംരക്ഷണത്തിനുമായിട്ടാണ് അങ്ങു വൈദികർക്കു ഗ്രൂപ്പട്ടം നൽകിയിരിക്കുന്നതു്. അതുമാത്രം "ഹൃദയപൂർവ്വമായ സമ്മതത്തിൽ സകലവും ഉൾപ്പെടുന്നു." ക്ഷീണശരീരപ്രകൃതം ഹേതുവാൽ ഒരു പ്രത്യേക കുട്ടി അവന്റെ സ്വന്തരാജ്യം വിട്ടുപോകുന്നതു് അത്ര ആശാസ്യമല്ലെന്നു വന്നേയ്ക്കാം. എന്നാൽ, ആകപ്പാടെ ഇതൊരൊഴിവു മാത്രമേയുള്ളൂ. വിശുദ്ധ പൗലോസും വിശുദ്ധ ഫ്രാൻസിസ് സെവ്യറും ചെയ്തിട്ടുള്ളതുപോലെയും അനേകം പുരോഹിതന്മാരും കന്യാസ്ത്രീകളും ശ്രേഷ്ഠന്മാരും വിദേശ രാജ്യങ്ങളിൽ ഈ നിമിഷത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതുപോലെയും, നിന്റെ ദിവ്യരക്ഷകൻ അനേക ലക്ഷം അജ്ഞാനികളാൽ അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും സം

ഗതിയാക്കണമെന്നു നീ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു വിദേശ മിഷ്യനറിയാവാൻ നിനക്കു ദിവ്യവിളിയുണ്ട്.

ചില വിഷമതകൾ.

വൈദിക വിദ്യാഭ്യസനത്തിനു പോകുവാൻ ഉദ്ദേശിക്കുന്ന ഒരു കുട്ടിയ്ക്കു് പലപ്പോഴും അവന്റെ മാഗ്ഗമദ്ധ്യേ നിരവധി വിഷമതകൾ നേരിടുന്നു. ഒരു മിഷ്യനറിയാവാൻ ആഗ്രഹിക്കുന്ന ഒരു കുട്ടിയെ സംബന്ധിച്ചു് ഇതു് കൂടുതൽ പരമാർത്ഥമാകുന്നു. സ്വഭവനത്തോടും സ്വകുടുംബത്തോടുമുള്ള നമ്മുടെ സ്നേഹം; നമ്മുടെ ബന്ധുക്കൾക്കു് നാം അവരെ വിട്ടുപിരിയുന്നതു കാരണമുണ്ടാകുന്ന വിസമ്മതം; നാം ഒരു വിദൂരദേശത്തു ഏകാകിയായിരിക്കുമെന്നുള്ള ഭയം; ഇവയും ഒരായിരത്തോന്നു മറ്റു ചിന്തകളും വിദേശിയ മിഷ്യനറിയെപ്പറ്റിയുള്ള ലാഞ്ചന ആദ്യമായുളവാകുന്ന ഒരു കുട്ടിയുടെ മനസ്സിൽ വന്നുചേരാവുന്നതാണു്. പ്രീയ കുഞ്ഞേ, ഞാൻ പറയുന്നതിനെ നീ വിശ്വസിക്കുക, അവ ദൈവത്തിന്റെ സ്നേഹമാകുന്ന അതിമനോഹര ശോഭയാൽ അലിഞ്ഞു് അദൃശ്യമാകുന്ന നിഴലുകൾ മാത്രമാകുന്നു.

വിദേശിയ മിഷ്യനിലേയ്ക്കുള്ള വിളി സാധാരണമായി തീരുന്നു.

വിദേശിയ മിഷ്യൻ സംഘങ്ങളുടെ വേല ഇപ്പോൾ ജനങ്ങളുടെ ഇടയിൽ ധാരാളം സുപരിചിതമായി വരുന്നുണ്ടു്. ഈ വേലയ്ക്കായി തന്റെ ജീവിതത്തെ സമർപ്പിക്കുന്ന ഒരു കുട്ടിയെപ്പറ്റി കേൾക്കുമ്പോൾ അവർക്കു ഇപ്പോൾ ലേശ

വും അത്ഭുതം തോന്നുന്നില്ല. വൈദികർ ദേവാലയങ്ങളിൽ അതേപ്പറ്റി പ്രസംഗിക്കുന്നു. കന്യാസ്ത്രീകൾ വിദ്യാലയങ്ങളിൽ അതേപ്പറ്റി സംസാരിക്കുന്നു. ബന്ധുക്കൾ ആദ്യം പ്രതിപ്പെട്ടേയ്ക്കാം. എന്നാൽ, അതെന്തൊരു മഹത്വമേറിയ ജോലിയാണെന്നു അവരുടെ വിശിഷ്ടമായ കത്തോലിക്കാ വിശ്വാസം അവരോടു പറയുന്നു. അവരുടെ അടുത്ത ചാർച്ചയിലുള്ള ഒരാൾ യേശുക്രിസ്തുവിന്റെ ഒരു അപ്പോസ്തലനാകുവാൻ പോകുന്നു എന്നുള്ളതുകൊണ്ട് അവർ സ്വയം അഭിമാനിക്കയാണു വേണ്ടതെന്നു അവർ മനസ്സിലാക്കുന്നു. നിന്റെ ആയുഷ്കാലം മുഴുവൻ നീ അവരോടൊന്നിച്ചു സ്വദേശത്തു താമസിക്കുന്നതിനേക്കാൾ, നിന്റെ പ്രാർത്ഥനകളും ക്രിസ്തുവിനുവേണ്ടിയുള്ള നിന്റെ ജീവിതവും അവർക്കു കൂടുതൽ ശാശ്വതമായ പ്രതിഫലം ഉളവാകുന്നതാണെന്നു അവർ ഗ്രഹിക്കും. ഈ യഥാർത്ഥമായ അർത്ഥത്തിൽ കാര്യം ഗ്രഹിക്കുവാൻ അവർക്കു താമസം നേരിടുന്നെങ്കിൽ, അങ്ങേ ഇഷ്ടങ്ങളെ എല്ലാറ്റിലും കാര്യമായി അവർ ഗണിക്കുവാൻ ഇടവരുത്തേണമെന്നു നമ്മുടെ ദിവ്യരക്ഷിതാവിനോടു നീ തീക്ഷ്ണതയോടെ പ്രാർത്ഥിക്ക.

മിഷ്യനറിയാകുവാൻ അസാധാരണ യോഗ്യതകൾ ഒന്നും ആവശ്യകമല്ല.

ശേഷം കാര്യങ്ങൾക്കു, സർവ്വശക്തനായ ദൈവത്തിൽ തന്നെ ശരണം പ്രാപിക്കുക. അമ്മാതിരി ഒരു ജീവിതം നയിക്കുവാൻ വേണ്ടത്ര ആരോഗ്യവും, ധൈര്യവും, സ്ഥിരഭക്തിയും നിനക്കുണ്ടായിരിക്കയില്ലെന്നു തോന്നുന്നെങ്കിൽ അതിനുള്ള സമാധാനം— ക്രിസ്തുവിനെ കൂടാതെ ഇവയാർക്കുണ്ട്?

എന്നാണ്. എന്നാൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ഇവയുടെ പോരായ്മ ആക്കാണുള്ളത്? കഷ്ടസങ്കടങ്ങളിൽ അങ്ങയുടെ പോരായ്മ നിനക്കുണ്ടായിരിക്കയില്ല. അദ്ദേഹത്തിൽ പൂർണ്ണമായി വിശ്വസിക്കുക; നീ ഒരിക്കലും ഇടറാതെ പ്പെടുകയില്ല. നീ ചേരുന്ന അദ്ധ്യയനം നടത്തുവാൻ പോകുന്ന വൈദിക വിദ്യാലയത്തിലെ അനേക നാളത്തെ മുന്നൊരുക്കക്കാലത്ത് ഭാവിയിൽ നിയുക്തമാകുന്ന ജീവിതത്തെപ്പറ്റി വേണ്ടതെല്ലാം നീ പഠിക്കും. അന്യരാജ്യങ്ങളിലെ താമസത്തിൽനിന്നു വന്നേയ്ക്കാവുന്ന ഞെരുക്കങ്ങളെ സഹിക്കുന്നതിനു ഒരു മിഷ്യനറി അരോഗദൃഢഗാത്രനായിരിക്കേണ്ടതാണെന്നു മിക്കവരും വിചാരിക്കുന്നു. അവർ അപരിചിതവും അസാദ്ധ്യവുമായ നാനാവിധ ഘട്ടങ്ങളെ തങ്ങളുടെ മനോരാജ്യങ്ങളിൽ ചിത്രീകരിച്ചുകൊണ്ട്— "നീ അതു് എങ്ങനെ ഇഷ്ടപ്പെടും?" "ഒരാഴ്ച തികയുംമുമ്പ് വീട്ടിൽപോരുവാൻ നീ ആഗ്രഹിച്ചുപോകും;" എന്നും മറ്റും ജയഘോഷത്തോടെ പറയും. ഇതരർ, ഒരു മിഷ്യനറി അതിശയ ബുദ്ധിസാമർത്ഥ്യമുള്ള ഒരുത്തനായിരിക്കണമെന്നു വിചാരിക്കുന്നപോലെ തോന്നുന്നു. അല്ലെങ്കിൽ, ആ ഭയാനക ഭാഷകളിൽ സംസാരിക്കുന്നതിനു പഠിപ്പാൻ അദ്ദേഹത്തിനു ഒരിക്കലും സാധിക്കയില്ല. മിഷ്യൻവേലകൾ (അവർ പറയുന്നു) ഒരു സാധാരണ കൂട്ടിക്കായുള്ളതല്ല. അവ, ഒരു രാക്ഷസനോ —ഒരു മഹാ ബുദ്ധിശാലിയോ—ഒരു കവിയോ—അല്ലെങ്കിൽ ഇപ്പോലെയുള്ള മറേറതെങ്കിലുമോ ആയ ഒരു അതിവിശേഷ "വസ്തു"ത്തിനുള്ളതാണ്. ഈ നല്ല മനുഷ്യർ എല്ലാവരും വളരെ അധികം തെറിദ്ധരിച്ചിരിക്കുന്നു. രാക്ഷസന്മാരും മഹാ ബുദ്ധിശാലികളും ലോകരെ മാനസാന്തരപ്പെടുത്തുന്നതി

ന്ന് ഏറ്റം ദുർല്ലഭമായേ ഉള്ളൂ. എന്നാൽ സർവ്വലോകരെയും മാനസാന്തരപ്പെടുത്തുന്നതിന് ദൈവം ആഗ്രഹിക്കയും ചെയ്യുന്നു. സുവിശേഷം പ്രസംഗിക്കുന്നതിനായി പോകുന്ന, സാമാന്യമായ ഭക്തിയും, ശരീരശേഷിയും, വിവേകവുമുള്ളവരാൽ ഒരു സാധാരണമായ മാർഗ്ഗത്തിൽ കൂടെ അവർ മാനസാന്തരീകരിക്കപ്പെടുന്നതിനാണ് അവിടുന്ന് ആശിക്കുന്നത്. അതേപ്പറ്റി ക്രമക്കേടായോ മൗഢ്യമായോ എന്താണുള്ളത്?

നാം തന്നെ എങ്ങിനെ സത്യവിശ്വാസികളായി തീരും.

"ആകാശങ്ങളിലിരിക്കുന്ന" എന്ന ജപത്തിൽ "നിന്റെ രാജ്യം വരണം" എന്നു ചൊല്ലുമ്പോൾ മിഷ്യൻ സംഘങ്ങൾക്കുവേണ്ടി തങ്ങൾതന്നെ പ്രതിദിനം പ്രാർത്ഥിക്കയാണു ചെയ്യുന്നതെന്ന് ഈ സജ്ജനങ്ങളെ പറഞ്ഞു മനസ്സിലാക്കണം. അവർ ഈ മൊഴികളെ അർത്ഥമാക്കുന്നുണ്ടോ? ഏതോ മിഷ്യനറിമാർ നമ്മുടെ പൂർവ്വികന്മാരോടു പ്രസംഗിക്കയും അവരെ പഠിപ്പിക്കയും ചെയ്യാതിരുന്നുവെങ്കിൽ നമ്മുടെയും ഇവരുടെയും വിശ്വാസം എവിടെ ആയിരിക്കുമായിരുന്നു? സത്യവിശ്വാസത്താൽ അനുഗ്രഹീതരായിരിക്കുന്ന നാം ഈ അനുഗ്രഹം ഇനിയും ലഭിച്ചിട്ടില്ലാത്ത ഇതരന്മാരെ സഹായിക്കുന്നതിൽ ഒരുപോലെ ഉദാരശീലരായിരിക്കണം.

സ്വദേശത്തും വൈദികരെ ആവശ്യമുണ്ട്.

വിദേശീയ മിഷ്യൻ സംഘങ്ങളിലെ ഒരു വൈദികനാവാൻ ആഗ്രഹിക്കുന്ന ഒരു കുട്ടിയെ, അതിൽനിന്നു വിരമിക്കു

വാൻ ചിലപ്പോൾ പ്രേരിപ്പിക്കുന്ന മറെറാരു പ്രതിബന്ധം ഇതാണ്. സ്വദേശത്തുതന്നെ വളരെ അധികം വൈദികർ വേണ്ടിയിരിക്കുന്നു. പിന്നെ വിദേശിയ മിഷ്യൻ വേലയ്ക്കായി എന്തിനു പോകുന്നു? മാനസാന്തരീകരിക്കപ്പെടുവാൻ ധാരാളം അജ്ഞാനികൾ സ്വരാജ്യത്തു തന്നെയുണ്ട്. അവരെല്ലാവരും മാനസാന്തരപ്പെട്ട കഴിയുമ്പോൾ മാത്രം അജ്ഞാനികളായ ചൈനാക്കാരെ മാനസാന്തരപ്പെടുത്തുന്നതിനെപ്പററി സംസാരിച്ചാൽ മതി" എന്നും മറും അവർ പറയും. യഹൂദന്മാരെല്ലാവരും മാനസാന്തരപ്പെട്ട കഴിയുന്നതുവരെ അപ്പോസ്തലന്മാർ പാലസ്തീനായിൽ താമസിച്ചിരുന്നുവെങ്കിൽ, നമ്മിൽ എത്രപേർ ഇന്നു ക്രിസ്ത്യാനികൾ ആയിരിക്കുമായിരുന്നു എന്നു ഞാൻ അത്ഭുതപ്പെടുന്നു. അതെ, ഉത്തമരായ അനേകം വൈദികരെ സ്വരാജ്യത്തു വേണമെന്നുള്ളതു പരമാർത്ഥം തന്നെ. എല്ലാ ദേശങ്ങളിലും അവരെ ആവശ്യമുണ്ട്. മുന്നൊരദ്ധ്യായത്തിൽ നാം അതേപ്പററി വായിച്ചു. എല്ലാക്കാലത്തും അവരെ ആവശ്യമുണ്ടായിരിക്കയും ചെയ്യുന്നു. സ്വദേശത്തുതന്നെ ഉത്തമവൈദികരായി തീർന്നു ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനു ആഗ്രഹിക്കുന്ന സൽഗുണവാന്മാരായ അനവധി കുട്ടികളെ കാണ്മാൻ കഴിയും. എന്നാൽ അതു കാരണം വിദേശ മിഷ്യൻവേലയ്ക്കായി പോകണമെന്നാകാംക്ഷയുള്ള ഒരു കുട്ടിയെ തടയുന്നതെന്തുകൊണ്ടാണ്. വൈദിക പഠനത്തിനു പോകുന്ന കുട്ടികളിൽ ഒരു വലിയ ഭൂരിപക്ഷം സ്വദേശമായ ഇവിടെ തന്നെ വേലചെയ്യണമെന്നുദ്ദേശിക്കുന്നവരാണെന്നു നിസ്സംശയം പറയാം. അജ്ഞാനികളുടെ മാനസാന്തരത്തിനു തങ്ങളെത്തന്നെ ബലികഴിപ്പാൻ ഉപദേശിക്കുകയാണ് അവരെ പ്രോ

സാഹിപ്പിക്കുന്നതിൽ നമുക്കു കഴിയുന്ന ഏറ്റവും വിശേഷമായ ധർമ്മം. സ്വദേശത്തുള്ള എല്ലാവരും മാനസാന്തരപ്പെടുന്നതുവരെ നാം കാത്തിരിക്കുന്നതായാൽ വിദേശ മിഷ്യൻ വേലയ്ക്കു പോകുന്നതിനു ആരും ഉണ്ടായിരിക്കയില്ല. തങ്ങളുടെ മതതീക്ഷ്ണതയും തങ്ങളുടെ പരിശ്രമവുംകൊണ്ട്, മിഷ്യൻവേലയ്ക്കായുള്ള ദിവ്യവിളികളെ പോഷിപ്പിക്കുന്നവരായി സ്വദേശത്തു പുരോഹിതന്മാരും കന്യാസ്ത്രീകളും മാത്രമേയുള്ളൂ.


വിദേശ മിഷ്യൻ സംഘങ്ങളുടെ പ്രവൃത്തി കാരണം നമ്മുടെ നാട്ടിൽ വൈദികരുടെ സംഖ്യ ഒരിക്കലും കുറഞ്ഞു പോകയില്ല. അതു് അതിന്മേൽ ഒരു ദൈവാനുഗ്രഹം പ്രദ്യോതിപ്പിക്കുകയേ ഉള്ളൂ. അതിവിദൂരത്തിൽ പ്രശോഭിക്കുന്ന വിളക്കു് അതിന്റെ ഉല്പത്തിസ്ഥാനത്തു് ഏറ്റവും പ്രഭയോടെ കത്തുന്നു. സത്യവിശ്വാസത്തെ പ്രചരിപ്പിക്കുന്നതിനു് നാം എത്രമാത്രം സഹായിക്കുന്നോ അത്രയും നാം തന്നെ അതിൽ തീക്ഷ്ണതയുള്ളവരായി തീരുന്നു. അപ്പോസ്തലന്മാരുടെ ഔദാര്യശീലത്താൽ അലംകൃതമായിരിക്കുന്ന ഒരു രാജ്യത്തിൽ സത്യവിശ്വാസം ഒരിക്കലും പുരോഹിതന്മാരുടെ അഭാവത്താൽ ക്ഷയിച്ചുപോകയില്ല. "സത്യവിശ്വാസത്തെ നിലനിത്തിക്കൊണ്ടുപോകുവാൻ വേണ്ടി, അതിനെ നാം പ്രചരിപ്പിക്കണം." എന്നു മഹാനായ ഒരു അമേരിക്കൻ കർദ്ദിനാൾ പറഞ്ഞിരിക്കുന്നു. അപേക്ഷയ്ക്കും ആലോചനയ്ക്കും ശേഷം, നിന്റെ സ്ഥാനം സ്വദേശത്തായിരിപ്പാനും ഒരു

ഇടവക വൈദികനായി പ്രവൃത്തി എടുപ്പാനും നീ സംതൃപ്തനായിരിക്കുന്നെങ്കിൽ അതിനായി നീ സർവ്വപ്രകാരേണയും ഒരുങ്ങിക്കൊള്ളുക. ഏറ്റവും മഹത്തായ ഒരുദ്യോഗം നിന്നെ പ്രതീക്ഷിച്ചു നിൽക്കുന്നു. ഏതെങ്കിലും സന്ന്യാസസഭയിലെ ഒരംഗമായിരിപ്പാൻ വിളിക്കപ്പെടുന്നതായി നിനക്കു തോന്നുന്നെങ്കിൽ പരിപൂർണ്ണതയിലേയ്ക്കു നിന്നെ ആനയിക്കുന്ന ആ ദൈവകൃപയെ നീ ആദരിക്കുക. അവിശ്വാസികളുടെ മാനസാന്തരത്തിനായി നിന്റെ ആയുഷ്കാലത്തെ വിനിയോഗിപ്പാൻ നീ ആശിക്കുന്നു എങ്കിൽ നീ അതിനായി ഒരുങ്ങുകയും നിന്റെ പാവനമായ ഉദ്ദേശത്തിൽ നിന്നു നിന്നെ വ്യതിചലിപ്പിക്കാതിരിപ്പാൻ വേണ്ടി അത്മരഹിതമായ എതിർവാദങ്ങളെ ശ്രവിക്കാതിരിക്കയും ചെയ്യണം.

"ക്രിസ്തുവിന്റെ നിഗൂഢപദ്ധതിയായ ഐശ്വര്യത്തെപ്പറ്റി പുറജാതിക്കാരുടെ ഇടയിൽ പ്രസംഗിക്കുന്നതിനും എല്ലാ മനുഷ്യർക്കും ജ്ഞാനപ്രകാശത്തെ വിതരണം ചെയ്യുന്നതിനും ഉള്ളതും, വളരെ ചുരുക്കം വിശുദ്ധന്മാർക്കു മാത്രം ലഭിച്ചിട്ടുള്ളതും, ആയ ഈ അനുഗ്രഹം എനിക്കു നൽകപ്പെട്ടിരിക്കുന്നു." (*Eph. III. 8. 9.*)



ACHARYA PALACKAL JEEVASS KENDRAM
LIBRARY


MAHENDRA PAL ACKAL JEEVASS
LIBRARY

Printed by P. P. Joseph at the
Industrial School Press, Ernakulam.
1927.